# ഗിരിദീപം

വാല്യം 05 ലക്കം 01 വില 10 രൂപ



YEAR OF ST. JOSEPH

ജനുവരി 2022



**തിരുഹൃദയ സന്യാസിനി സമൂഹത്തിന്റെ പുതിയ പ്രൊവിൻഷ്യൽ**
**സിസ്റ്റർ ട്രീസ പാലക്കലിനും ടീമിനും അഭിനന്ദനങ്ങൾ**



ആരാധനാ സന്യാസിനീ സമൂഹത്തിന്റെ
പുതിയ മദർ ജനറൽ

**ബഹു. സി. റോസിലി ഒഴുകയിലിന്**

അഭിനന്ദനങ്ങൾ

# നവ വൈദികർക്ക് അഭിനന്ദനങ്ങൾ



**Fr. Joseph (Likhil) Ikkaraparambil**



**Fr. Thomas (Jithin) Kalathil**



**Fr. Joseph (Jobin) Puthumana**



**Fr. Antony (Rikhil) Mattakottil**



**Fr. Thomas (Jerin) Marasseryil**



**Fr. Thomas (Jibin) Vattamkattel**

# നവ വൈദികർക്ക് അഭിനന്ദനങ്ങൾ



**Fr. Jude (Chris)
Kadakuzhayil**



**Fr. Mathew (Robin)
Pariyanickal**



**Fr. Kuriakose (Jerin)
Panthallooparambil**



**Fr. George (Jibin)
Mundankunnel**



**Fr. Joseph (Ebin)
Madappamthottukunnel**

ഭൂമിയുടെ അതിർത്തികൾവരെ രക്ഷ
എത്തിച്ചുകൊടുക്കാൻ ജനതകൾക്കു ദീപമായി
നിന്നെ സ്ഥാപിച്ചിരിക്കുന്നു (ഏശയ്യ 49, 6).

വാല്യം 05 ജനുവരി 2022 ലക്കം 01

# ഗിരിദീപം

## തലശ്ശേരി അതിരൂപതയുടെ മുഖപത്രം

curiaadtly@gmail.com
www.archdioceseoftellicherry.org
www.ephphatharadio.com
0490 - 2342440

# ഉള്ളടക്കം


1. സർക്കുലർ സീറോമലബാർ പ്രേഷിതവാരാചരണം ........................ 07
2. കച്ചേരിക്കാര്യം ........................................................................ 11
3. വിശ്വാസപരിശീലനം ................................................................ 14
4. കുടുംബകൂട്ടായ്മ ...................................................................... 22
5. ബൈബിൾ അപ്പൊസ്തൊലേറ്റ് ...................................................... 23
6. ചെറുപുഷ്പ മിഷൻലീഗ് ............................................................ 27
7. തിരുബാലസഖ്യം ...................................................................... 35
8. യുവജനശുശ്രൂഷ ...................................................................... 37
9. കുടുംബപ്രേഷിതത്വം ................................................................ 42
10. വിമൽജ്യോതി വാർത്തകൾ ....................................................... 48
11. സാൻജോസ് അക്കാഡമി ............................................................ 49
12. എ.കെ.സി.സി. ........................................................................ 52
13. സെന്റ് വിൻസെന്റ് ഡി പോൾ .................................................... 56
14. ഇൻഫാം വാർത്തകൾ ................................................................ 60
15. മദ്യവിരുദ്ധ പ്രസ്ഥാനം .............................................................. 61
16. ADAM ..................................................................................... 64
17. ഏയ്ഞ്ചൽ ട്രസ്റ്റ് ........................................................................ 66
18. സാമൂഹ്യസേവനവേദി ............................................................... 69
19. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (ഞറളക്കാട്ട് പിതാവ്) ............... 73
20. Programme of the Archbishop Mar George Njaralakatt ................ 77
21. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (വലിമറ്റം പിതാവ്) .................... 79
22. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (പാംപ്ലാനി പിതാവ്) ................. 80
23. Programme of the Auxiliary Bishop Mar Joseph Pamplany ........... 84

Prot. No. 1325/2021

# സർക്കുലർ

# സീറോമലബാർ പ്രേഷിതവാരാചരണം 2022

*സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനുംഎഴുതുന്നത്.*

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

എ.ഡി. 72ൽ മൈലാപ്പൂരിൽ രക്തസാക്ഷിത്വം വരിച്ച മാർ തോമാശ്ലീഹായുടെ പ്രേഷിത പ്രവർത്തനത്തിലൂടെയാണല്ലോ ഭാരതത്തിൽ ക്രൈസ്തവരുടെ സമൂഹം ആദ്യമായി രൂപം കൊണ്ടത്. 2022-ാമാണ്ടിൽ മാർ തോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950-ാം വാർഷികം നാം ആചരിക്കുകയാണ്. ഈ പശ്ചാത്തലത്തിൽ ഈ വർഷത്തെ നമ്മുടെ പ്രേഷിതവാരാചരണത്തിനു കൂടുതൽ പ്രാധാന്യം കൈവരുന്നു. ജനുവരി ആറാം തിയതി ദനഹാതിരുന്നാൾ മുതൽ പന്ത്രണ്ടാം തീയതി വരെയാണ് ഈ വർഷം മിഷൻവാരം ആചരി ക്കുന്നത്. മിഷനെ അറിയുക, മിഷനറിയാകുക എന്നതാണ് പ്രേഷിതവാരാചരണത്തിന്റെ ആപ്തവാക്യം. പ്രേഷിതവാരാചരണം നമ്മുടെ പിതാവായ മാർതോമാശ്ലീഹായെ കൂടുതൽ അറിയുന്ന തിനും ശ്ലീഹായുടെ പ്രേഷിതതീക്ഷ്ണതയിൽനിന്നു പ്രചോദന മുൾക്കൊള്ളുന്നതിനുമുള്ള പ്രത്യേക അവസരമായി നമുക്കു പരിഗ ണിക്കാം.

ചരിത്രത്തിലെ ഈശോയോടൊപ്പം സഞ്ചരിക്കുകയും ജീവിക്കു കയും ചെയ്ത തോമാശ്ലീഹാ താൻ അനുഭവിച്ചറിഞ്ഞ രക്ഷകനെ മാർ വാലാഹ് - എന്റെ കർത്താവേ, എന്റെ ദൈവമേ! (യോഹ. 20:28) എന്ന് ഏറ്റുപറയുകയും മരണംവരെ പ്രഘോഷിക്കുകയും ചെയ്തു. എതിർപ്പുകൾ നേരിടേണ്ടിവന്നപ്പോൾ തോമാശ്ലീഹാ തന്റെ ദൗത്യം ഉപേക്ഷിക്കുകയോ സുരക്ഷിതസങ്കേതത്തിലേയ്ക്കു പിന്മാറുകയോ ചെയ്തില്ല. മറിച്ച് പ്രതിബന്ധങ്ങളെ അതിജീവിച്ച് ക്രൈസ്തവസമൂ ഹങ്ങൾ സ്ഥാപിച്ചുകൊണ്ടു തന്റെ പ്രേഷിതദൗത്യത്തിൽ മുന്നേറി. തോമാശ്ലീഹാ രൂപീകരിച്ച ക്രൈസ്തവസമൂഹങ്ങളും അദ്ദേഹത്തിന്റെ

പ്രേഷിതദർശനങ്ങൾ സ്വാംശീകരിക്കുകയും പ്രതിബന്ധങ്ങളെ അതിജീവിച്ചു സുവിശേഷത്തിന് സാക്ഷ്യംവഹിക്കുകയും ചെയ്തിട്ടുണ്ട്. നമ്മുടെ സഭയിലെ ധാരാളം പ്രേഷിതർ ലോകമെമ്പാടുമുള്ള പ്രേഷിതപ്രവർത്തനങ്ങളിൽ ഇന്നും സജീവസാന്നിദ്ധ്യമാണ്. തലമുറകളായി കൈമാറ്റം ചെയ്യപ്പെട്ട ആ തീക്ഷ്ണത ഇന്നും നിലനില്ക്കുന്നു എന്നതിന്റെ തെളിവാണത്. പീഡനങ്ങളെയും അവഗണനകളെയും പ്രതിലോമശക്തികളെയും അതിജീവിച്ചു സുവിശേഷം ജീവിക്കുകയും വിശ്വസ്തയോടെ സാക്ഷ്യപ്പെടുത്തുകയും ചെയ്യുമ്പോൾ, സഭ എല്ലാക്കാലങ്ങളിലും ഫലം കായ്ക്കുന്ന അത്തിവൃക്ഷമായിത്തീരും (മർക്കോ. 11: 12-14, 2 തിമോ. 4: 2).

മാർതോമ്മാ ക്രിസ്ത്യാനികൾ ഭാരതസംസ്ക്കാരത്തിന്റെ ഭാഗമായി തുടരുന്നതിനുള്ള പ്രധാന കാരണം തോമാശ്ലീഹാ സുവിശേഷം ഈ സമൂഹത്തിൽ അടിച്ചേല്പ്പിക്കാതെ ഇവിടത്തെ സംസ്ക്കാരത്തിലേക്ക് അനുരൂപണംചെയ്ത് അത് അവതരിപ്പിച്ചു എന്നതാണ്. ഏതൊരു സംസ്കാരവും ഭാഷയും മറ്റൊരിടത്തേക്ക് പറിച്ചുനട്ടാൽ ആ സംസ്കാരത്തിൽ മതിലുകൾ സൃഷ്ടിക്കപ്പെടും. തങ്ങളുടെ ദൗത്യം ഫലപ്രദമാക്കാൻ തങ്ങൾ ആയിരിക്കുന്ന പ്രേഷിതമേഖലകളിലെ സംസ്ക്കാരത്തോടും ഭാഷയോടും മിഷനറിമാർ പൊരുത്തപ്പെടേണ്ടത് അനിവാര്യമാണ്.

സുവിശേഷം അറിഞ്ഞവരെ പരിപാലിക്കുക എന്നതു മാത്രമായി സഭയുടെ അജപാലന പ്രവർത്തനങ്ങളെ പരിമിതപ്പെടുത്താൻ കഴിയില്ല. ഒരു സഭാസമൂഹത്തിന്റെ പക്വതയുടെ വ്യക്തമായ അടയാളമാണു മിഷനറി പ്രവർത്തനങ്ങൾ (വെർബും ദോമിനി, 95). ദൈവവചനം പ്രത്യക്ഷമായി പ്രഘോഷിക്കേണ്ട ഒന്നാണ്. പീഡനത്തിന്റെ അപകടസാധ്യതകളിൽപോലും വചനം പ്രഘോഷിക്കുന്നതിനുള്ള ഏറ്റവും ഫലപ്രദമായ മാർഗ്ഗങ്ങൾ നിരന്തരം അന്വേഷിച്ചുകൊണ്ട് ഓരോ വ്യക്തിയെയും ആത്മാവിന്റെ ശക്തിയിൽ കണ്ടുമുട്ടാൻ സഭ പുറപ്പെടണം (1 കോറി. 2:5). രക്ഷയുടെ വചനം ഓരോ വ്യക്തിയോടും പ്രഘോഷിക്കാൻ സഭ കടപ്പെട്ടിരിക്കുന്നു. (റോമ. 1:14). തോമാശ്ലീഹാ ഒരിക്കലും മരണത്തെ ഭയപ്പെട്ടിരുന്നില്ല. അതുപോലെ ഒരു യഥാർത്ഥ മിഷനറി പീഡനങ്ങളെയോ മരണത്തെയോ ഭയപ്പെടേണ്ടതില്ല. ഇന്നിന്റെ പ്രതിസന്ധികളിൽ പ്രചോദനമാകേണ്ടത് തോമാശ്ലീഹായുടെ ഈ ധൈര്യവും പ്രേഷിതതീക്ഷ്ണതയുമാണ്. ഫ്രാൻസിസ് മാർപാപ്പാ 2021 ലെ ലോകമിഷൻ ഞായർ സന്ദേശത്തിൽ, ആദിമക്രൈസ്തവർ

ആ കാലഘട്ടത്തിൽ അവർക്കുണ്ടായിരുന്ന ഭയത്തിനും അടച്ചുപൂട്ടി കഴിയാനുണ്ടായിരുന്ന പ്രലോഭനത്തിനും കീഴടങ്ങാതെ, കർത്താവി ലേക്കും അവിടന്നു നല്കിയ പുതുജീവിതത്തിലേയ്ക്കും ആകർഷി ക്കപ്പെട്ടതിനെക്കുറിച്ചു പരാമർശിക്കുന്നുണ്ട്. ജനങ്ങൾക്കിടയിലേക്കു നിസ്വാർത്ഥ സ്നേഹത്തോടെയും സേവനമനോഭാവത്തോടെയും കർത്താവിന്റെ നാമത്തിൽ ഇറങ്ങിച്ചെല്ലുകയും തങ്ങൾ കാണുകയും കേൾക്കുകയും ചെയ്ത ദൈവരാജ്യം സമീപസ്ഥമായിരിക്കുന്നു (അപ്പ. 4:20) എന്ന യാഥാർത്ഥ്യത്തിനു സാക്ഷ്യം വഹിക്കുകയും ചെയ്യുക എന്നതായിരുന്നു അവരുടെ പുതുജീവിതം. ഇതുതന്നെയാണ് ഈ കാലഘട്ടത്തിലും സുവിശേഷ പ്രഘോഷണത്തിൽ നാം സ്വായ ത്തമാക്കേണ്ട മനോഭാവം.

സീറോമലബാർ സഭയ്ക്കു സുവിശേഷപ്രഘോഷണത്തിനും അജ പാലനശുശ്രൂഷയ്ക്കുമുള്ള സാധ്യത ഫ്രാൻസിസ് മാർപാപ്പ ഭാരതം മുഴുവനിലേയ്ക്കും വ്യാപിപ്പിച്ചു നൽകിയിരിക്കുന്ന സാഹചര്യത്തിൽ അപ്പസ്തോലനായ തോമാശ്ലീഹായുടെ പ്രേഷിതപ്രവർത്തനശൈലി പിന്തുടർന്നു കൊണ്ടു ക്രൈസ്തവസമൂഹങ്ങൾ രൂപീകരിക്കാൻ നമുക്കു പ്രത്യേക കടമയുണ്ട്. തോമാശ്ലീഹായുടെ പ്രേഷിതതീക്ഷ്ണത എല്ലാ വിശ്വാസികളും സ്വന്തമാക്കണം. സഭയുടെ പ്രേഷിതപ്രവർത്തനങ്ങളെ പിന്തുണയ്ക്കാൻ എല്ലാ ഇടവകകളും പരസ്പരം സഹകരിക്കണം. മിഷൻമേഖലകളിൽ ശുശ്രൂഷചെയ്യാൻ വൈദികരും സന്യസ്തരും അല്മായപ്രേഷിതരും കൂടുതലായി മുന്നോട്ടു വരികയും അവർക്കായി പരിശീലനപരിപാടി രൂപകല്പന ചെയ്യുകയും ചെയ്യേണ്ടത് ഇന്നിന്റെ ആവശ്യകതയാണ്.

പ്രേഷിതാവബോധവും സഭയുടെ ശുശ്രൂഷകളിലെ പങ്കാളിത്തവും പ്രോത്സാഹിപ്പിക്കുന്നതിനു സാമൂഹ്യമാധ്യമങ്ങളുടെ സാധ്യതകൾ പ്രയോജനപ്പെടുത്തണം. സഭയുടെ പ്രേഷിതപ്രവർത്തനങ്ങളെ വ്യാപി പ്പിക്കുന്നതിനുള്ള കർമപരിപാടികൾ ആസൂത്രണം ചെയ്തു നടപ്പി ലാക്കാൻ രൂപീകൃതമായിരിക്കുന്ന കമ്മീഷൻ ഫോർ ഇവാഞ്ചലൈസേ ഷനും സീറോമലബാർ മിഷൻ ഓഫീസും സഭാകാര്യാലയത്തിൽ പ്രവർത്തിക്കുന്നു. പ്രേഷിതാവബോധം സഭാമക്കളിൽ പകരണമെന്ന ഉദ്ദേശ്യത്തോടെ സീറോമലബാർ മിഷനും മതബോധന കമ്മീഷനും സംയുക്തമായി നടത്തുന്ന 2022 ജനുവരി ഒൻപതാം തീയതിയിലെ ഓൺലൈൻ മിഷൻ ക്വിസ് പരിപാടിയിൽ സാധിക്കുന്നവരെല്ലാം പങ്കെടുക്കണം.

സഭയുടെ പ്രേഷിതപ്രവർത്തനം ഇപ്പോഴത്തെ മഹാമാരി സൃഷ്ടിച്ച പ്രതിസന്ധികളിലും സജീവമായി മുന്നോട്ടു പോകുന്നതിന്റെ പ്രധാന കാരണം മിഷനറിമാരായി പ്രവർത്തിക്കുന്ന വൈദികരുടെയും സമർപ്പിതരുടെയും അല്മായപ്രേഷിതരുടെയും വർദ്ധിച്ച തീക്ഷ്ണത തന്നെയാണ്. സുവിശേഷവത്ക്കരണത്തിൽ ഏർപ്പെട്ടിരിക്കുന്നവരെ നമുക്കു പ്രാർത്ഥനയിൽ സ്മരിക്കുകയും സാധ്യമായ സഹകരണത്തി ലൂടെ പ്രോത്സാഹിപ്പിക്കുകയും ചെയ്യാം. അയയ്ക്കപ്പെടാൻ ഒരുക്ക പ്പെട്ടിരുന്ന ശ്ലീഹന്മാരുടെ മനോഗതമറിഞ്ഞ് സെഹിയോൻശാലയിൽ അവരെ ശക്തിപ്പെടുത്തിയ പരിശുദ്ധ അമ്മ പ്രേഷിതപ്രവർത്തനങ്ങ ളിൽ മുന്നേറാൻ നമുക്കായി മാധ്യസ്ഥ്യം വഹിക്കട്ടെ. നമ്മുടെ പിതാ വായ മാർതോമാശ്ലീഹായുടെ മാധ്യസ്ഥ്യം പ്രേഷിതസംരംഭങ്ങളിൽ നമുക്കു ശക്തി നൽകട്ടെ.

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽ നിന്നു 2021-ാം ആണ്ട് മാസം ഡിസംബർ 18-ാം തീയതി നൽകപ്പെട്ടത്.

**കർദിനാൾ ജോർജ് ആലഞ്ചേരി**

സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ്

---

1. 2022 ജനുവരി 02-ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ സീറോമലബാർസഭയുടെ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും ഈ സർക്കുലർ വായിക്കേണ്ടതാണ്.

2. സീറോമലബാർ പ്രേഷിതവാരാചരണത്തിലൂടെ ലഭിക്കുന്ന സംഭാവനകൾ രൂപതാ കേന്ദ്രങ്ങളിൽ ഏല്പിച്ചു കാക്കനാട് മൗണ്ട് സെന്റ് തോമസിൽ പ്രവർത്തിക്കുന്ന സീറോമലബാർ മിഷൻ ഓഫീസിൽ 2022 ഫെബ്രുവരി 28 ന് മുമ്പായി എത്തിക്കേണ്ടതാണ്.




## 1. പുതിയ നിയമനങ്ങൾ

| | |
|---|---|
| ഫാ. തോമസ് മാപ്പിളപറമ്പിൽ (ജൂനി.) | - ഉപരിപഠനം, റോം |
| ഫാ. അബ്രാഹം ഞാമത്തോലിൽ | - ഉപരിപഠനം, റോം |
| ഫാ. പോൾ കണ്ടത്തിൽ | - വികാരി, ആര്യപ്പറമ്പ് |
| ഫാ. ജേക്കബ് വട്ടുകുളം | -അതിരൂപതാദ്ധ്യക്ഷന്റെ സെക്രട്ടറി |
| ഫാ. സെബാസ്റ്റ്യൻ പീടികപ്പറമ്പിൽ OFM (cap) | -അസി.വികാരി, വിളക്കന്നൂർ |
| ഫാ. ഫ്രാൻസീസ് മണക്കാട്ട് OFM (cap) - | ,, പെരുമ്പടവ് |
| ഫാ. വർഗീസ് മംഗലത്ത് OFM (cap) - | ,, എടൂർ |
| ഫാ. തോമസ് കരിങ്ങടയിൽ OFM (cap) - | ,, പൈസക്കരി |
| ഫാ. എമ്മാനുവേൽ കാനാട്ട് OFM (cap) - | ,, തളിപ്പറമ്പ് |
| ഫാ. ദേവസ്യ വട്ടപ്പാറ OFM (cap) - | ,, തിരുമേനി |
| ഫാ. വർഗീസ് പുത്തൻപുരയിൽ OFM (cap)- | ,, എണ്ണപ്പാറ |
| ഫാ. ചാക്കോ ഐലാറ്റിൽ OFM (cap) - | ,, കണിച്ചാർ |
| ഫാ. ജോൺ കാഞ്ഞിരത്തിങ്കൽ OFM (cap)- | ,, കൊളക്കാട് |
| ഫാ. ജോസഫ് കൊച്ചീലാത്ത് OFM (cap)- | ,, പൊട്ടംപ്ലാവ് |

## 2. സീറോ - മലബാർ പ്രേഷിതവാരാചരണം

അഭിവന്ദ്യ മേജർ ആർച്ചുബിഷപ്പിന്റെ സർക്കുലറിൽ സൂചിപ്പിച്ചിരിക്കുന്നതുപോലെ 2022 ജനുവരി 6 മുതൽ 12 വരെ സീറോ-മലബാർ പ്രേഷിത വാരം ആഘോഷിക്കുകയാണ്. എല്ലാ ഇടവകകളിലും പ്രേഷിതവാരം അർത്ഥവത്തായി നടത്താൻ പരിശ്രമിക്കണം. സീറോ-മലബാർ സഭയുടെ നേതൃത്വത്തിൽ ഭാരതത്തിന്റെ വിവധപ്രദേശങ്ങളിൽ നടക്കുന്ന പ്രേഷിത പ്രവർത്തനങ്ങളെ സഹായിക്കാൻ ജനുവരി 9-ാം തീയതി ഞായറാഴ്ച സ്തോത്രക്കാഴ്ച സമാഹരിക്കുകയും അതിരൂപതാ കേന്ദ്രത്തിൽ എത്തിക്കുകയും ചെയ്യണമെന്ന് ഓർമ്മിപ്പിക്കുന്നു.

## 3. വി. കുർബാനയിലെ വായനകൾ

പുതിയ ആരാധനക്രമ വർഷത്തിൽ വി. കുർബാനയിലെ വായനകൾ (സുവിശേഷം, ലേഖനം, പഴയനിയമം) മാറിയത് എല്ലാവരും ശ്രദ്ധിച്ചു കാണുമെന്ന് കരുതുന്നു. പുതിയ സെറ്റ് വായനകളാണ് ഈ വർഷം നല്കിയിരിക്കുന്നത്. പുതിയ പ്രഘോഷണഗ്രന്ഥങ്ങൾ ഇതുവരെ തയ്യാറാകാത്തതുകൊണ്ട് മുൻപ് ഉപയോഗിച്ചിരുന്നതുപോലെ, സുവിശേഷപുസ്തകവും ലേഖനങ്ങളുടെ പുസ്തകവും പഴയനിയമവും വായനകൾക്കായി ഉപയോഗിക്കുമല്ലോ. നിലവിലുള്ള പ്രഘോഷണ ഗ്രന്ഥം ഈ വർഷത്തെ വായനകൾക്ക് ഉപയോഗ്യമല്ല.

## 4. പുതിയ അഡ്രസ്സുകൾ

**ഫാ. ജോസഫ് വണ്ടർകുന്നേൽ**

KPl Jinto Jacob

Achtmorgenweg 17,Wachtberg 533 43, Bonn, Germany

Ph: 01575823 8006, +4922850466802

**ഫാ. ജോസ് ആനാനിക്കൽ**

KPl Prince Ananickal Jose

Heiligenhauser Strasse 2, 45219 Essen-Kettwig, Germany

Ph: 02054 5213, + 491778063319

## 5. ആഗോള മെത്രാൻ സിനഡ് – ചർച്ചാവിഷയം

ആഗോള മെത്രാൻ സിനഡിനോടനുബന്ധിച്ച് 'സിനഡാലിറ്റി' എന്ന വിഷയത്തെക്കുറിച്ച് ഫൊറോന കൗൺസിലുകളിൽ ചർച്ചകൾ നടന്നല്ലോ. അടുത്ത ഘട്ടം ജനുവരി മാസത്തിൽ ഫൊറോനാ മാസധ്യാന കൂട്ടായ്മകളിൽ ചർച്ച ചെയ്യുകയാണ്. നേരത്തെ നൽകിയിരുന്ന ലീഫ്ലെറ്റുകൾ ഉപയോഗിച്ച് ചർച്ച നടത്തി റിപ്പോർട്ടുകൾ ജനുവരി 30ന് മുമ്പ് അതിരൂപതാ കൂരിയായിലേക്ക് അയക്കണം എന്ന് അഭ്യർത്ഥിക്കുന്നു. അതുപോലെ ഫെബ്രുവരി മാസത്തിൽ എല്ലാ പാരിഷ് കൗൺസിലുകളിലും ഈ വിഷയം ചർച്ച ചെയ്യേണ്ടതാണ്.

- 2022 ജനുവരി-മാസധ്യാനത്തിൽ വൈദികർ ചർച്ച ചെയ്യുന്നു.
- 2022 ഫെബ്രുവരി 04 ട്രെയിനിംഗ്-പാരീഷ് കൗൺസിലുകളിൽ ക്ലാസ്സെടുക്കാൻ വൈദികർ, സിസ്റ്റേഴ്സ്, അല്മായർ അടങ്ങുന്ന ടീമുകൾക്ക് 4 റീജനുകളിലായി ട്രെയിനിംഗ്.

◈ 2022 ഫെബ്രുവരി പാരീഷ് കൗൺസിൽ അംഗങ്ങൾക്കിടയിൽ ചർച്ച.

◈ 2022 മാർച്ച് 01 പാസ്റ്ററൽ കൗൺസിൽ.

## 6. ആദരാഞ്ജലികൾ

**ശ്രീ. ജോണി കക്കട്ടിൽ (60):** ബഹു. ജോസ് കക്കട്ടിൽ അച്ചന്റെ സഹോദരൻ ജോണി 2021 ഡിസംബർ 10-ന് നിര്യാതനായി. മൃതസംസ്ക്കാരം കീഴ്പള്ളി വിശുദ്ധ ചാവറകുര്യാക്കോസ് ഏലിയാസ് ദൈവാലയത്തിൽ 10.12.2021ന് നടന്നു. മോൺ. അലക്സ് താരാമംഗലം കാർമ്മികത്വം വഹിച്ചു. പരേതന് നിത്യശാന്തി നേരുകയും സന്തപ്ത കുടുംബാംഗങ്ങളെ അനുശോചനം അറിയിക്കുയും ചെയ്യുന്നു.

**ശ്രീമതി ത്രേസ്യാമ്മ വള്ളിമല (85):** ബഹു. ജോർജ് വള്ളിമല അച്ചന്റെ വത്സലമാതാവ്, ശ്രീമതി ത്രേസ്യാമ്മ വള്ളിമല 2021 ഡിസംബർ 22-ാം തീയതി നിര്യാതയായി. മൃതസംസ്ക്കാരം 23.12.2020 ന് മാനടുക്കം സെന്റ് സെബാസ്റ്റ്യൻസ് ദൈവാലയത്തിൽ അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ടിന്റെയും മാർ ജോർജ് വലിയമറ്റത്തിന്റെയും കാർമ്മികത്വത്തിൽ നടന്നു. പരേതയ്ക്ക് നിത്യശാന്തി ലഭിക്കട്ടെയെന്ന് പ്രാർത്ഥിക്കുകയും ജോർജച്ചനെയും കുടുംബാംഗങ്ങളെയും അനുശോചനം അറിയിക്കുകയും ചെയ്യുന്നു.

## 7. സ്നേഹസ്മൃതി

| | |
|---|---|
| 1. റവ. ഫാ. തോമസ് പറമ്പേട്ട് | - 02-01-2015 |
| 2. റവ. ഫാ. ജോസഫ് പരിയാരം | - 06-01-1979 |
| 3. റവ. ഫാ. ജോബ് മൈലാടിയിൽ സിഎംഐ | - 06-01-2016 |
| 4. റവ. ഫാ. മാത്യു വള്ളോംകുന്നേൽ | - 09-01-2016 |
| 5. റവ. ഫാ. ഫൗസ്റ്റിൻ പാറയിൽ സിഎംഐ | - 10-01-1994 |
| 6. റവ. ഫാ. ജോസഫ് ആലക്കൽ | - 17-01-2014 |
| 7. മോൺ. ജോസഫ് കണിയാമറ്റം | - 17-01-2014 |
| 8. റവ. ഫാ. കെറുബിൻ പൊരിയത്ത് സിഎംഐ | - 18-01-1960 |
| 9. റവ. ഫാ. ബർനാർഡിൻ സിഎംഐ | - 18-01-1989 |
| 10. റവ. ഫാ. ജോസഫ് കോട്ടേപ്പറമ്പിൽ | - 21-01-2007 |
| 11. റവ. ഫാ. ജോസഫ് മൈലാടൂർ | - 21-01-2016 |
| 12. റവ. ഫാ. ജോസഫ് കുന്നേൽ സിഎംഐ | - 23-01-2003 |
| 13. റവ. ഫാ. അബ്രാഹം പൊരുന്നോലിൽ | - 31-01-1986 |

**ഫാ. തോമസ് തെങ്ങുംപള്ളിൽ**
ചാൻസലർ

# വിശ്വാസപരിശീലനം

> **"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്ക 2:52).**

പുത്തൻ പ്രതീക്ഷകളുമായി ഒരു പുതിയ വർഷംകൂടി ദൈവം നമുക്ക് നല്കിയിരിക്കുന്നു. കഴിഞ്ഞവർഷത്തെ കുറവുകളെ പരിഹരിച്ചുകൊണ്ട് പുതിയ വർഷത്തിൽ നമുക്ക് കർമ്മോത്സുകരാകാം. വരുംതലമുറയ്ക്ക് ഈശോയെ പകർന്നുകൊടുക്കുന്ന തിരുസഭയുടെ ഏറ്റവും മഹത്തരമായ ശുശ്രൂഷയിൽ നമുക്കും സജീവമായി പങ്കുചേരാം. എല്ലാവർക്കും പുതുവത്സരാശംസകൾ.

## 1. ഡിപ്ലോമ പരീക്ഷ (ക്ലാസ്സ് XII)

XII-ാം ക്ലാസ്സിന്റെ ഡിപ്ലോമ പരീക്ഷ ജനുവരി 26-ന് ബുധനാഴ്ച ഉച്ച കഴിഞ്ഞ് 2 മണിമുതൽ 4 മണിവരെയായിരിക്കും. പരീക്ഷയുടെ സമയത്തിന് മാറ്റം വരുത്താൻ പാടില്ല. ചോദ്യപേപ്പർ ഫൊറോനകേന്ദ്രങ്ങളിൽ എത്തിച്ചുനൽകുന്നതാണ്.

## 2. ജനറൽ ചോദ്യങ്ങൾ

ജനുവരി 26-ന് നടത്തുന്ന XII-ാം ക്ലാസ്സിലെ വാർഷിക പരീക്ഷയുടെ ജനറൽ ചോദ്യങ്ങൾ ജനുവരി 8 ശനിയാഴ്ച്ച വാട്സ്ആപ്പ് ഗ്രൂപ്പ് വഴി നൽകുന്നതാണ്. ജനറൽ ചോദ്യങ്ങളിൽനിന്ന് 5 മാർക്കിന്റെ ചോദ്യങ്ങൾ പരീക്ഷയ്ക്ക് ഉണ്ടായിരിക്കും. അധ്യാപകർ കുട്ടികൾക്ക് ജനറൽ ചോദ്യങ്ങൾ നൽകി പരീക്ഷയ്ക്ക് അവരെ ഒരുക്കേണ്ടതാണ്.

## 3. പരീക്ഷാ സൂപ്പർവൈസർമാർ

ജനുവരിയിൽ നടത്തുന്ന ഡിപ്ലോമ പരീക്ഷയ്ക്ക് പരീക്ഷാകേന്ദ്രങ്ങളിൽ സൂപ്പർവൈസർമാരെ നിയമിക്കേണ്ടതാണ്. ഫൊറോന കമ്മിറ്റി ആലോചിച്ച് സൂപ്പർവൈസർമാരെ നേരത്തെ തിരഞ്ഞെടുക്കുമല്ലോ. **പരീക്ഷയിൽ എന്തെങ്കിലും ക്രമക്കേടുകൾ കണ്ടെത്തിയാൽ സൂപ്പർവൈസർ അക്കാര്യം അന്നുതന്നെ ഡയറക്ടറച്ചനെ അറിയിക്കേണ്ടതാണ്.**

## 4. ഡിപ്ലോമ പരീക്ഷാ നിർദ്ദേശങ്ങൾ

a. പരീക്ഷ 2022 ജനുവരി 26-നു ഉച്ചയ്ക്കു 2 മുതൽ 4 വരെയായിരിക്കും. പരീക്ഷയുടെ സമയത്തിന് മാറ്റം വരുത്താൻ പാടില്ല. നിശ്ചയിക്കപ്പെട്ടിരിക്കുന്ന സമയത്തിനുപുറത്ത് നടത്തുന്ന പരീക്ഷപേപ്പറുകൾ മൂല്യനിർണ്ണയത്തിന് പരിഗണിക്കുന്നതല്ല. കൂടാതെ രജിസ്റ്റർ ചെയ്യാത്ത കുട്ടികളെ പരീക്ഷ എഴുതിക്കാൻ പാടില്ല.

b. സൂപ്പർവൈസർ നിയമിക്കപ്പെട്ട സെന്ററിൽ 1.30-നു മുൻപായി എത്തുക.

c. ഡിപ്ലോമ പരീക്ഷ ഒരു ക്ലാസ്സ് റൂമിൽ വച്ചോ, ഹാളിൽ വച്ചോ നടത്തുന്നതാണ് ഉചിതം. **രണ്ടു ക്ലാസ്സ് റൂമുകളിൽ വെച്ചാണ് പരീക്ഷ നടത്തുന്നതെങ്കിൽ നിർബന്ധമായും രണ്ടു സൂപ്പർവൈസർ ഉണ്ടായിരിക്കണം.**

d. ചോദ്യപേപ്പർ പായ്ക്കറ്റ് പരീക്ഷയ്ക്കു 15 മിനിറ്റു മുൻപു പരീക്ഷാഹാളിൽ വച്ചു മാത്രം തുറക്കുക.

e. ഹെഡ്മാസ്റ്ററും ക്ലാസ് അധ്യാപകരും പരീക്ഷാസമയം മുഴുവനും പരീക്ഷാ ഹാളിൽ ഉണ്ടായിരിക്കണം.

f. ഡിപ്ലോമ പരീക്ഷയെഴുതുന്ന കുട്ടികൾ ഉത്തര കടലാസിൽ പേര് എഴുതാൻ പാടില്ല. പകരം വിശ്വാസപരിശീലന കേന്ദ്രത്തിൽനിന്നും നൽകിയിട്ടുള്ള രജിസ്ട്രർ നമ്പർ, സ്ലിപ്പിൽ എഴുതി ഉത്തരക്കടലാസിനൊപ്പം പിൻ ചെയ്യുക. കൂടാതെ രജിസ്റ്റർ നമ്പർ ഉത്തരക്കടലാസിന്റെ ഒന്നാം പേജിലും കുട്ടികളെകൊണ്ട് എഴുതിപ്പിക്കണം. **ഡിപ്ലോമ പരീക്ഷ എഴുതുന്ന കുട്ടികൾക്ക് സൺഡേസ്കൂളിൽ നിന്ന് പേപ്പറുകൾ (A4) വിതരണം ചെയ്യേണ്ടതാണ്.**

g. ഉത്തരക്കടലാസുകൾ രജി. നമ്പറിന്റെ ക്രമത്തിൽ അടുക്കി പായ്ക്കു ചെയ്യണം. ഉത്തരക്കടലാസുകൾ മടക്കി പായ്ക്കുചെയ്യരുത്. ഡിപ്ലോമ ഇംപ്രൂവ്മെന്റ് ഉത്തരക്കടലാസുകൾ വേറെ കവറിൽ പായ്ക്ക് ചെയ്യണം.

h. രജിസ്ട്രേഷൻ ഫോമിന്റെ മൂന്നാമത്തെ കോളത്തിൽ Internal Mark ചേർക്കേണ്ടതാണ്. പരീക്ഷ എഴുതാത്ത കുട്ടികളുടെ റിമാർക്സ് കോളത്തിൽ Absent എന്നെഴുതുക. രജി. ഫോം പ്രത്യേക കവറിലിട്ട് ഉത്തരക്കടലാസിനോ ടൊപ്പം പായ്ക്ക് ചെയ്യണം. ഡിപ്ലോമ രജി. ഫോമിൽ ആവശ്യപ്പെട്ടിരിക്കുന്ന എല്ലാ വിവരങ്ങളും പൂരിപ്പിക്കേണ്ടതാണ്.

i. ഉത്തരക്കടലാസുകൾ പായ്ക്കു ചെയ്യുമ്പോൾ 'Centre Head Sheet' എന്ന ഫോം കൃത്യമായി പൂരിപ്പിച്ച് സൂപ്പർവൈസറും ഹെഡ്മാസ്റ്ററും ഒപ്പുവച്ച് ഒരു കോപ്പി പായ്ക്കറ്റിനകത്തും ഒന്ന് പായ്ക്കറ്റിനു പുറത്തു കാണത്തക്ക രീതിയിലും ഒട്ടിച്ച് ഉത്തരക്കടലാസ് പായ്ക്കറ്റ് സീൽ ചെയ്യുക.

j. ഉത്തരക്കടലാസ് പായ്ക്കറ്റ് പരീക്ഷാദിനത്തിൽ തന്നെ ഫൊറോനാ കേന്ദ്രത്തിലെത്തിക്കുക. ജനുവരി 27-ാം തീയതി ഉത്തരക്കടലാസുകൾ വിശ്വാസപരിശീലന കേന്ദ്രത്തിലേക്ക് കൊണ്ടുപോകുന്നതാണ്.

k. പരീക്ഷയിൽ എന്തെങ്കിലും ക്രമക്കേടുകൾ നടന്നാൽ വിശ്വാസപരിശീലനകേന്ദ്രത്തിൽ അറിയിക്കുക. ഫോൺ : 9447952958

## 5. യാത്രയയപ്പ് മീറ്റിംഗ്

XII-ാം ക്ലാസ്സിലെ കുട്ടികൾ പഠനം പൂർത്തിയായി പോകുന്നതിന് മുൻപ് അവർക്ക് യാത്രയയപ്പ് കൊടുക്കുന്ന നല്ല പതിവ് സൺഡേസ്കൂളുകളിലു

ണ്ട്. സൺഡേസ്കൂൾ പഠനത്തിന്റെ ഓർമ്മ നിലനിർത്തുന്നതിനും ദൈവാനുഭവത്തിന്റെ മേഖലകൾ അയവിറക്കുന്നതിനുമായി അത്തരത്തിലുള്ള മീറ്റിംഗ് എല്ലാ സൺഡേസ്കൂളുകളിലും ക്രമീകരിക്കേണ്ടതാണ്. ഹെഡ്മാസ്റ്ററും സ്റ്റാഫ് അംഗങ്ങളും ബഹു. വികാരിയച്ചനുമായി ആലോചിച്ച് വേണ്ട ക്രമീകരണങ്ങൾ നടത്തുമല്ലോ.

## 6. അസൈൻമെന്റ് - ക്ലാസ്സ് XII

പന്ത്രണ്ടാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികളുടെ ഈ അധ്യായനവർഷത്തെ അസൈൻമെന്റ് എല്ലാ സൺഡേസ്കൂളുകളും സമയത്തിനുള്ളിൽതന്നെ ഓഫീസിൽ എത്തിച്ചു നല്കി. അസൈൻമെന്റ് എഴുതാൻ പരിശീലനം നല്കിയ വിശ്വാസപരിശീലകർക്ക് പ്രത്യേക അഭിനന്ദനങ്ങൾ.

## 7. ഡിപ്ലോമ ചോദ്യപേപ്പർ വിതരണം

ജനുവരി 21, 22, 23, 24 തീയതികളിലായിരിക്കും ചോദ്യപേപ്പർ വിതരണം നടത്തുക. ചോദ്യപേപ്പർ വിതരണ ദിവസം ഡയറക്ടറച്ചൻ എല്ലാ ഫൊറോനകളിലും വരുന്നുണ്ട്. അന്നേ ദിവസം പരീക്ഷയുടെ നടത്തിപ്പിനെക്കുറിച്ചുള്ള വിശദ വിവരങ്ങൾ നല്കുന്നതാണ്. ഓരോ ഫൊറോനയിലും വരുന്ന തീയതിയും സമയവും താഴെകൊടുക്കുന്നു.

| ഫൊറോന | തീയതി | സമയം |
|---|---|---|
| പേരാവൂർ | 21-01-2022 വെള്ളി | 9.00 am |
| എടൂർ | 21-01-2022 വെള്ളി | 10.30 am |
| കുന്നോത്ത് | 21-01-2022 വെള്ളി | 12.00 pm |
| നെല്ലിക്കാംപൊയിൽ | 21-01-2022 വെള്ളി | 2.30 pm |
| പൈസക്കരി | 21-01-2022 വെള്ളി | 3.45 pm |
| ചെമ്പേരി | 21-01-2022 വെള്ളി | 5.00 pm |
| തോമാപുരം | 22-01-2022 ശനി | 9.00 am |
| വെള്ളരിക്കുണ്ട് | 22-01-2022 ശനി | 10.30 am |
| പനത്തടി | 22-01-2022 ശനി | 12.00 pm |
| കാഞ്ഞങ്ങാട് | 22-01-2022 ശനി | 2.30 pm |
| തളിപ്പറമ്പ് | 23-01-2022 ഞായർ | 4.30 pm |
| ചെമ്പന്തൊട്ടി | 24-01-2022 തിങ്കൾ | 9.00 am |
| വായാട്ടുപറമ്പ് | 24-01-2022 തിങ്കൾ | 10.30 am |
| ആലക്കോട് | 24-01-2022 തിങ്കൾ | 12.00 pm |
| മേരിഗിരി | 24-01-2022 തിങ്കൾ | 2.30 pm |
| ചെറുപുഴ | 24-01-2022 തിങ്കൾ | 4.00 pm |

## 8. വിശ്വാസോത്സവം മാർച്ച് 28 – ഏപ്രിൽ 2

വിശ്വാസോത്സവം മാർച്ച് 28 മുതൽ ഏപ്രിൽ 2 വരെയാണ്. വിശ്വാസോത്സവ വർക്ക്ബുക്കിന്റെ ഓർഡർ ഫോം പൂരിപ്പിച്ച് ഓഫീസിലേക്ക് അയക്കേണ്ടതാണ്. വർക്കുബുക്കുകളുടെ വില ഫെബ്രുവരി മാസത്തെ ഗിരിദീപത്തിൽ നൽകുന്നതായിരിക്കും.

**9. വാർഷികപരീക്ഷ I - XI :** അതിരൂപതാ മതബോധനകമ്മിറ്റിയുടെ തീരുമാനപ്രകാരം 1 മുതൽ 11 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികളുടെ വാർഷിക പരീക്ഷ വിശ്വാസോത്സവത്തിനുശേഷം **ഏപ്രിൽ 3 ഞായറാഴ്ച** ആയിരിക്കും.

## 10. ASPCT പരീക്ഷ – ജനുവരി 9 ഞായർ

വിശ്വാസപരിശീലകർക്ക് ഈ വർഷം പഠിക്കാനുള്ള **"ആരാണ് നിങ്ങളുടെ ദൈവം"** എന്ന പുസ്തകത്തിന്റെ മൂന്നാമത്തെ അദ്ധ്യായത്തെ ആസ്പദമാക്കിയുള്ള ഓൺലൈൻ പരീക്ഷ ജനുവരി 9 ഞായറാഴ്ച രാത്രി 9 മണിക്ക് നടത്തുന്നു.

### നിർദ്ദേശങ്ങൾ

a. ഗൂഗിൾ ഫോമിലൂടെ ആയിരിക്കും പരീക്ഷ നടത്തുന്നത്.
b. 25 ചോദ്യങ്ങൾ പരീക്ഷയ്ക്ക് ഉണ്ടായിരിക്കും.
c. പുസ്തകത്തിന്റെ 50 മുതൽ 74 വരെയുള്ള പേജുകളിൽ നിന്നായിരിക്കും ചോദ്യങ്ങൾ ഉണ്ടാവുക.
d. ഒരാൾ ഒരു പ്രാവശ്യം മാത്രമേ ഉത്തരങ്ങൾ പൂരിപ്പിച്ച് അയക്കുവാൻ പാടുള്ളൂ.
e. പരീക്ഷയുടെ സമയം 15 മിനിറ്റായിരിക്കും.
f. ഉത്തരങ്ങൾ സബ്മിറ്റ് ചെയ്തതിന്ശേഷം മാർക്കിന്റെ സ്ക്രീൻഷോട്ട് എടുത്ത് ഹെഡമാസ്റ്ററിന് നൽകേണ്ടതാണ്.
g. അധ്യാപകർക്ക് ലഭിച്ച മാർക്കുകൾ ഹെഡ്മാസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്.
h. ഒന്ന് രണ്ട് അദ്ധ്യായങ്ങളുടെ പരീക്ഷ എഴുതാൻ സാധിക്കാതിരുന്നവർക്കും മൂന്നാം അദ്ധ്യായത്തിന്റെ പരീക്ഷയിൽ പങ്കെടുക്കാവുന്നതാണ്.

## 11. ASPCT പരീക്ഷ – നന്ദി

"ആരാണ് നിങ്ങളുടെ ദൈവം" എന്ന പുസ്തകത്തിന്റെ രണ്ടാമത്തെ അദ്ധ്യായം ആസ്പദമാക്കി വിശ്വാസപരിശീലകർക്ക് ഡിസംബർ 5 ഞായറാഴ്ച രാത്രി 9 മണിക്ക് നടത്തിയ ഓൺലൈൻ പരീക്ഷയിൽ 2031 വിശ്വാസപരിശീലകർ പങ്കെടുത്തു. പരീക്ഷയിൽ പങ്കെടുത്ത എല്ലാ വിശ്വാസപരിശീലകർക്കും അഭിനന്ദനങ്ങൾ.

## 12. ക്രിസ്തുമസ്സ് പരീക്ഷ – നന്ദി

ഡിസംബർ 19-ാം തീയതി നടത്തിയ ക്രിസ്തുമസ്സ് പരീക്ഷ വിജയമാക്കാൻ പരിശ്രമിച്ച ബഹു. വൈദികർക്കും, പ്രധാനാധ്യാപകർക്കും, വിശ്വാസപരിശീലകർക്കും മാതാപിതാക്കൾക്കും കുട്ടികൾക്കും വിശ്വാസപരിശീലന കേന്ദ്രത്തിന്റെ അഭിനന്ദനങ്ങൾ.

## 13. ജനുവരി മാസത്തിലെ വിശ്വാസപരിശീലന ക്ലാസ്സുകൾ

ശാലോം ടിവിയിൽ സംപ്രേഷണം ചെയ്ത (തിങ്കൾ മുതൽ ശനിവരെ) വിശ്വാസപരിശീലന ക്ലാസ്സുകളുടെ യൂട്യൂബ് ലിങ്ക് ഞായറാഴ്ചകളിൽ വാട്സ് ആപ്പ് ഗ്രൂപ്പിൽ നൽകുന്നത് താഴെ കൊടുത്തിരിക്കുന്ന വിധമായിരിക്കും.

02.01.2022 ഞായർ – അദ്ധ്യായം 13 പാർട്ട് 1
09.01.2022 ഞായർ – അദ്ധ്യായം 13 പാർട്ട് 2
16.01.2022 ഞായർ – അദ്ധ്യായം 14 പാർട്ട് 1
23.01.2022 ഞായർ – അദ്ധ്യായം 14 പാർട്ട് 2
30.01.2022 ഞായർ – അദ്ധ്യായം 15 പാർട്ട് 1

## 14. റെഗുലർ സൺഡേ ക്ലാസ്സുകൾ

അതിരൂപതയിലെ 90% സൺഡേസ്കൂളുകളിലും 1 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ റഗുലർ സൺഡേ ക്ലാസ്സുകൾ ആരംഭിച്ചു. ബാക്കിയുള്ള സൺഡേസ്കൂളുകൾ ജനുവരി മാസത്തിലെ ആദ്യ ഞായറാഴ്ച തന്നെ എല്ലാ കുട്ടികൾക്കും ക്ലാസുകൾ ആരംഭിക്കണം. ഗവൺമെന്റിന്റെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് വിശ്വാസപരിശീലന ക്ലാസുകൾ എപ്രകാരം ക്രമീകരിക്കുവാൻ സാധിക്കുമെന്ന് ബഹു. വികാരിയച്ചന്റെ അധ്യക്ഷതയിൽ സ്റ്റാഫ് മീറ്റിംഗ് കൂടി തീരുമാനിക്കുമല്ലോ.

## 15. സ്റ്റാഫ് മീറ്റിംഗ്

എല്ലാ സൺഡേ സ്കൂളുകളിലും ബഹു. വികാരിയച്ചന്റെ അദ്ധ്യക്ഷതയിൽ സ്റ്റാഫ് മീറ്റിംഗ് നടത്തണം. ജനുവരി 9 ഞായറാഴ്ച സ്റ്റാഫ് മീറ്റിംഗ്കൂടി ഡിപ്ലോമ പരീക്ഷ സുഗമമായി നടത്തുന്നതിനുവേണ്ട ക്രമീകരണങ്ങൾ നടത്തണം.

## 16. അർദ്ധദിന സെമിനാർ – ഫൊറോനകളിൽ

ഫൊറോനകളിൽ എല്ലാ വിശ്വാസപിശീലകരെയും ഉൾപ്പെടുത്തികൊണ്ട് അർദ്ധദിന സെമിനാർ മാർച്ച് മാസത്തിനുള്ളിൽ സംഘടിപ്പിക്കണം. ആനുകാലിക വിഷയങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ക്ലാസ്സുകൾ വിശ്വാസപരിശീലകർക്ക് നൽകണം. സെമിനാറിന്റെ തീയതി ബഹു. ഫൊറോന വികാരിയച്ചനുമായി ആലോചിച്ച് ഫൊറോന പ്രസിഡന്റും ടീം അംഗങ്ങളും തീരുമാനിക്കേണ്ടതാണ്.

## 17. വെബിനാർ – അഭിനന്ദനങ്ങൾ

വായാട്ടുപറമ്പ് ഫൊറോനയിൽ വിശ്വാസപരിശീലകർക്കുവേണ്ടി വെബിനാർ സംഘടിപ്പിച്ചു. ക്ലാസ്സുകൾക്ക് റവ. ഡോ. ടോം ഓലിക്കരോട്ട് നേതൃത്വം നൽകി. വെബിനാറിന് നേതൃത്വം നൽകിയ ബഹു. ഫൊറോന വികാരിയച്ചനും, ഫൊറോന പ്രസിഡണ്ട്, സെക്രട്ടറി, പ്രധാനാധ്യാപകർ എന്നിവർക്കും വെബിനാറിൽ പങ്കെടുത്ത എല്ലാ വിശ്വാസപരിശീലകർക്കും വിശ്വാസപരിശീലനകേന്ദ്രത്തിന്റെ നന്ദി.

## 18. അർദ്ധദിന സെമിനാർ – നന്ദി

ആലക്കോട് ഫൊറോനയിലെ വിശ്വാസപരിശീലകർക്കായി ഡിസംബർ 11 ശനിയാഴ്ച നടത്തിയ അർദ്ധദിന സെമിനാർ അതിരൂപത ഡയറക്ടർ റവ. ഡോ. ജേക്കബ് വെണ്ണായപ്പിള്ളിൽ ഉദ്ഘാടനം ചെയ്തു. ഫൊറോന വികാരി റവ. ഡോ. മാണി ആട്ടേൽ അദ്ധ്യക്ഷത വഹിച്ചു. ഫൊറോന പ്രസിഡണ്ട് ശ്രീ. ബിജു കുപ്പോഴക്കൽ സ്വാഗതവും ഫൊറോന സെക്രട്ടറി ശ്രീ. ജസ്റ്റിൻ മംഗലത്തിൽ നന്ദിയും പറഞ്ഞു. റവ. ഡോ. ടോം ഓലിക്കരോട്ട് ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. മീറ്റിംഗിൽ വച്ച് അൻപത് വർഷം വിശ്വാസപരിശീലനമേഖലയിൽ പ്രവർത്തിച്ച അധ്യാപകരെ ആദരിച്ചു. അന്നേദിവസം വിജയഗിരി പ്രധാനാധ്യാപക സ്ഥാനത്തുനിന്നും മാറുന്ന ശ്രീ. ജോസുകുട്ടി വല്ലനാട്ട് സാറിന് അതിരൂപത/ഫൊറോന വിശ്വാസപരിശീലനകേന്ദ്രത്തിന്റെ നന്ദിയും പുതിയ ഹെഡ്മാസ്റ്റർ ശ്രീ. ജോയി പൊടിമറ്റം സാറിന് ഹൃദ്യമായ സ്വാഗതവും ആശംസിച്ചു. സെമിനാറിൽ 130 വിശ്വാസപരിശീലകർ പങ്കെടുത്തു. സെമിനാറിന്റെ സുഗമമായ നടത്തിപ്പിന് സഹകരിച്ച എല്ലാവർക്കും നന്ദി.

## 19. ദൈവശാസ്ത്രകോഴ്സ് – കോൺവൊക്കേഷൻ

ഡിസംബർ 4 ശനിയാഴ്ച സന്ദേശഭവനിൽവച്ച് ആൽഫ ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയ കോൺവൊക്കേഷനിൽ നൂറിൽ അധികം വിശ്വാസപരിശീലകർ MTh, BTh ബിരുദത്തിന് അർഹരായി. എല്ലാ വിജയികൾക്കും വിശ്വാസപരിശീലനകേന്ദ്രത്തിന്റെ അഭിനന്ദനങ്ങൾ.

ഈ വർഷം പുതുതായി ദൈവശാസ്ത്രകോഴ്സിൽ ചേർന്നവരുടെ ആദ്യസെമസ്റ്ററിലെ പരീക്ഷകൾ നടന്നുവരുന്നു. പരീക്ഷ മുടങ്ങിയവർ ആൽഫ ഇൻസ്റ്റിറ്റ്യൂട്ടുമായ ബന്ധപ്പെട്ട് ഏറ്റവും അടുത്ത സമയത്ത് തന്നെ മുടങ്ങിപ്പോയ പരീക്ഷകൾ നടത്തുമല്ലോ. കോഴ്സ് സംബന്ധമായ സംശയനിവാരണത്തിന് താഴെ കൊടുത്തിരിക്കുന്ന നമ്പറിൽ വിളിക്കേണ്ടതാണ്. (8086312826).

## 20. സ്നേഹവീട് – ഭവനപദ്ധതി

സ്നേഹവീട് ഭവനപദ്ധതിയോട് സഹകരിച്ചുകൊണ്ടിരിക്കുന്ന എല്ലാ

വിശ്വാസപരിശീലകർക്കും നന്ദി. ഇനിയും തുക നല്കാത്തവർ ജനുവരി മാസത്തിൽ തന്നെ സംഭാവന സമാഹരിച്ച് ഓഫീസിൽ നല്കുമല്ലോ.

**സംഭാവന നൽകിയ സൺഡേ സ്കൂൾ**

നെല്ലിക്കുറ്റി - 8000.00

## 21. ക്രിസ്റ്റീൻ ധ്യാനം - ഗ്ലോറിയ 2021

ക്രിസ്തുമസ്സിനോടനുബന്ധിച്ച് ഡിസംബർ 19, 20, 21 തീയതികളിൽ 1-ാം ക്ലാസ്സ് മുതൽ 12-ാം ക്ലാസ്സ് വരെ പഠിക്കുന്ന കുട്ടികൾക്കായി വിശ്വാസ പരിശീലനകേന്ദ്രവും ചെറുപുഷ്പമിഷൻലീഗും കെ.സി.എസ്.സി ക്രിസ്റ്റീൻ മിനിസ്ട്രിയും സംയുക്തമായി **ഗ്ലോറിയ 2021** എന്ന പേരിൽ ഓൺലൈൻ ക്രിസ്റ്റീൻ ധ്യാനം നടത്തി. ക്രിസ്റ്റീൻ ധ്യാനത്തിൽ പങ്കെടുത്ത എല്ലാ കുട്ടികൾക്കും പ്രോത്സാഹനം നല്കിയ ബഹു. വികാരിയച്ചന്മാർക്കും സിസ്റ്റേഴ്സിനും വിശ്വാസപരിശീലകർക്കും മാതാപിതാക്കൾക്കും സ്നേഹപൂർവ്വം നന്ദി. ധ്യാനത്തിന് നേതൃത്വം നല്കിയ ടീം അംഗങ്ങൾക്കും ഹൃദയപൂർവ്വം നന്ദി പറയുന്നു.

## 22. പ്രധാനാധ്യാപകരുടെ കോൺഫറൻസ് - 2022 ഫെബ്രുവരി 26

കോവിഡ് 19 പ്രതിസന്ധികൾമൂലം കഴിഞ്ഞ രണ്ടു വർഷങ്ങളിൽ പ്രധാനാധ്യാപകരുടെ അതിരൂപതാതല മീറ്റിംഗ് കൂടുവാൻ സാധിച്ചിരുന്നില്ല. 2022 ഫെബ്രുവരി 26-ന് അഭിവന്ദ്യ പിതാക്കൻമാരുടെ മഹനീയ സാന്നിദ്ധ്യത്തിൽ പ്രധാനാധ്യാപകരുടെ കോൺഫറൻസ് കൂടുന്നതാണ്. അന്നേദിവസം 2019-2020, 2020-2021 പ്രവർത്തനവർഷങ്ങളിലെ വിവിധ അവാർഡുകൾ വിതരണം ചെയ്യുന്നതാണ്. കൂടാതെ വിശ്വാസപരിശീലനമേഖലയിൽ 50, 25 വർഷങ്ങൾ പൂർത്തിയാക്കിയവർ, 65 വയസ്സ് പൂർത്തിയാക്കി റിട്ടയർ ചെയ്ത വിശ്വാസപരിശീലകർ, 12 വർഷങ്ങൾ മുടങ്ങാതെ വിശ്വാസംപരിശീലിപ്പിച്ച അധ്യാപകർ, 12 വർഷം മുടങ്ങാതെ വിശ്വാസപരിശീലന ക്ലാസ്സുകളിൽ പങ്കെടുത്ത കുട്ടികൾ എന്നിവരെ അന്നേദിവസം ആദരിക്കുന്നതാണ്. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതായിരിക്കും.

## 23. ആദരാഞ്ജലികൾ

നെടുംപുറംചാൽ സൺഡേ സ്കൂളിലെ എട്ടാം ക്ലാസ്സ് വിദ്യാർത്ഥിയായിരുന്ന അലൻ ജോ ജോൺ പീലിക്കുഴിയിൽ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. അലൻ ജോയുടെ കുടുംബാംഗങ്ങളെ വിശ്വാസപരിശീലനകേന്ദ്രത്തിന്റെ അനുശോചനം അറിയിക്കുന്നു.

## 24. താഴെ കൊടുത്തിരിക്കുന്ന കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക

1. അതിരൂപതാ മതബോധനകമ്മിറ്റിയുടെ (2011 ജൂൺ 14) നിശ്ചയപ്രകാരം സൺഡേസ്കൂൾ മതാധ്യാപകരുടെ റിട്ടയർമെന്റ് പ്രായം 65 വയസ് ആണ്. റിട്ടയർ ചെയ്യുന്ന അധ്യാപകരെ ഇടവകാതലത്തിൽ ആദരിക്കേണ്ട

താണ്. ഇടവകാ തിരുനാളിനോടനുബന്ധിച്ചുള്ള സൺഡേസ്കൂൾ വാർഷികയോഗങ്ങൾ അതിനായി പ്രയോജനപ്പെടുത്തുമല്ലോ. കൂടാതെ ഹെഡ്മാസ്റ്റർമാരുടെ സേവനകാലം 15 വർഷമായിട്ടാണ് കമ്മിറ്റി നിശ്ചയിച്ചിരിക്കുന്നത്. തുടർന്നും അവർക്ക് (65 വയസുവരെ) സൺഡേസ്കൂളിൽ പഠിപ്പിക്കാവുന്നതാണ്.

2. വിശ്വാസോത്സവ വർക്കുബുക്കുകളുടെ എണ്ണം എഴുതിയ ഫോം ഡിപ്ലോമ രജിസ്ട്രേഷൻ ഫോമിന്റെകൂടെ അയക്കുക.

## 25. ഓഫീസിൽ അടയ്ക്കേണ്ട തുകകൾ

2021-22 പ്രവർത്തന വർഷത്തിൽ ഓഫീസിൽ അടയ്ക്കേണ്ട വിവിധ തുകകൾ (സ്റ്റുഡന്റ്സ് ഫണ്ട്, ചോദ്യപേപ്പർ, പാഠപുസ്തകങ്ങൾ, ഉപപാഠ പുസ്തകങ്ങൾ etc...) ശേഖരിച്ച് ബാങ്ക് വഴി അടയ്ക്കണമെന്ന് ഓർമിപ്പിക്കുന്നു. താഴെ കൊടുത്തിരിക്കുന്ന അക്കൗണ്ടിലേയ്ക്കാണ് തുക ട്രാൻസ്ഫർ ചെയ്യേണ്ടത്. തുക ട്രാൻസ്ഫർ ചെയ്യുന്നവർ ഡയറക്ടറച്ചനെ ഫോൺ വഴി അറിയിക്കുകയോ വാട്സ്ആപ്പ് നമ്പറിലേക്ക് സന്ദേശം നൽകുകയോ ചെയ്യണം.

A/c Holder : Department of Catechesis
A/c No : 0078053000073503
IFSC : SIBL 0000078
Bank : South Indian Bank, Thalassery

## 26. ഡയറക്ടറച്ചന്മാരുടെ സന്ദർശനം

ഡയറക്ടറച്ചൻ രാജമുടി, നെടുംപുറംചാൽ, വിമലഗിരി-പരപ്പ എന്നീ സൺഡേസ്കൂളുകളിലും അസി. ഡയറക്ടറച്ചൻ ബദിയഡുക്ക, പെർള, മുണ്ടാനൂർ, ഒറ്റത്തൈ എന്നീ സൺഡേസ്കൂളുകളിലും സന്ദർശനം നടത്തി വിശ്വാസപരിശീലന പ്രവർത്തനങ്ങൾ വിലയിരുത്തി.

സ്നേഹത്തോടെ,

**ഫാ. ജേക്കബ് വെണ്ണായപ്പിള്ളിൽ**
ഡയറക്ടർ



കെസിബിസി ഹെൽത്ത് കമ്മീഷൻ സെക്രട്ടറിയായി നിയമിതയായ എസ് എ ബി എസ് തലശ്ശേരി പ്രോവിൻസ് അംഗം സി. ഡോ. ലില്ലിസായ്ക്ക് അഭിനന്ദനങ്ങൾ...

# കുടുംബ കൂട്ടായ്മ
# തലശ്ശേരി അതിരൂപത
## FAMILY RENEWAL UNITS IN THALASSERY (FRUITS)

കുടുംബ കൂട്ടായ്മകൾ മിക്ക ഇടവകകളിലും ക്രിസ്തുമസ് കാലത്ത് വീണ്ടും ആരംഭിച്ചുവെന്നറിയുന്നതിൽ സന്തോഷം. ബഹു. വികാരിയച്ചന്മാരെയും ഇടവക കോർഡിനേറ്റർമാരെയും വാർഡ് ഭാരവാഹികളെയും അഭിനന്ദിക്കുന്നു.

വീണ്ടും ആരംഭം കുറിക്കുമ്പോൾ പ്രാർത്ഥന, മീറ്റിംഗ്, ഭക്ഷണം എന്നീ മൂന്ന് കാര്യങ്ങളും ഒന്നിച്ചുചേർക്കുന്ന കുടുംബ കൂട്ടായ്മ ശൈലി നഷ്ടപ്പെടുത്താതെ നോക്കണം.

1. പ്രാർത്ഥനാപുസ്തകം ഓരോ ഭവനത്തിൽനിന്ന് കൊണ്ടുവരികയും പൊതുവായി കുറച്ച് പുസ്തകങ്ങൾ കരുതുകയും ചെയ്യണം.
2. റിപ്പോർട്ട് ബുക്കിൽത്തന്നെ റിപ്പോർട്ട് എഴുതുകയും ഹാജർ രേഖപ്പെടുത്തുകയും ചെയ്യുമല്ലോ.
3. ജന്മദിനം, വിവാഹ വാർഷികം, ഫീസ്റ്റ് തുടങ്ങിയവ ഓർത്തുവെച്ച് ആശംസകൾ നേരണം.
4. സെക്രട്ടറി റിപ്പോർട്ട് എഴുതി വായിക്കണം.
5. വൈകുന്നേരം അത്താഴമായി ഭക്ഷണം ഒരുക്കുകയും ഒന്നിച്ച് ഭക്ഷിക്കുകയും വേണം (കഞ്ഞിയോ, ചോറോ).
6. കൂട്ടായ്മ ഭാരവാഹികൾ 5 പേരും സജീവമായി നേതൃത്വം കൊടുക്കുമല്ലോ. ആരെങ്കിലും സ്ഥലത്ത് ഇല്ലായെങ്കിൽ പകരം ആളെ കണ്ടെത്തണം.
7. ബഹുമാനപ്പെട്ട വികാരിയച്ചന്മാരും സിസ്റ്റേഴ്സും കൂട്ടായ്മയിൽ സംബന്ധിക്കണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.
8. മുഴുവൻ കുടുംബങ്ങളെയും പങ്കെടുപ്പിക്കുവാൻ താല്പര്യപൂർവ്വം ഓർമ്മിപ്പിക്കണം.
9. അല്പനാളത്തെ ഇടവേളയ്ക്ക് ശേഷം തുടങ്ങുമ്പോൾ ഇത്തിരി കുറവുകൾ ഉണ്ടായേക്കാം. എങ്കിലും ഈ സംവിധാനം നിലനിർത്തേണ്ടതും സജീവമാക്കേണ്ടതും നമ്മൾ കൂട്ടായ്മയിലും സമുദായബോധത്തിലും വളരുവാൻ അത്യന്താപേക്ഷിതമാണ്.

ജനുവരി മാസത്തിൽ കോർഡിനേറ്റർമാരുടെ സമ്മേളനം വിളിച്ച് ചേർക്കുന്നതാണ്. തീയതി പിന്നീട് അറിയിക്കുന്നതാണ്. ആവശ്യമായ പ്രാർത്ഥന, റിപ്പോർട്ട് എന്നീ പുസ്തകങ്ങൾ കുടുംബക്കൂട്ടായ്മ ഓഫീസിലും, ബുക്ക് സ്റ്റാളിലും (തലശ്ശേരി) ലഭ്യമാണ്.

നന്മനിറഞ്ഞ ദിനങ്ങൾ നേരുന്നു
**ഫാ. മാത്യു ആശാരിപറമ്പിൽ**
ഡയറക്ടർ

# ബൈബിൾ അപ്പൊസ്തൊലേറ്റ് & ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

## 2021 ലെ ബിരുദദാന ചടങ്ങ് ഡിസംബർ 4 ന് തലശ്ശേരിയിൽവച്ച് നടത്തപ്പെട്ടു

2017, 2018 ബാച്ചുകളിലായി ദൈവശാസ്ത്രപഠനം വിജയകരമായി പൂർത്തിയാക്കിയ വിദ്യാർത്ഥികളുടെ MTh, BTh ബിരുദദാനം 2021 ഡിസംബർ 4-ാം തിയ്യതി ശനിയാഴ്ച തലശ്ശേരി സന്ദേശഭവൻ ഓഡിറ്റോറിയത്തിൽവച്ച് നടത്തപ്പെട്ടു. തലശ്ശേരി അതിരൂപതാദ്ധ്യക്ഷൻ മാർ ജോർജ്ജ് ഞറളക്കാട്ട്, മാർ ജോസഫ് പാംപ്ലാനി, കേരളാ ജലവിഭവ വകുപ്പ് മന്ത്രി ശ്രീ. റോഷി അഗസ്റ്റിൻ തുടങ്ങിയ വിശിഷ്ടാതിഥികൾ ചടങ്ങിൽ പങ്കെടുത്തു. മതപഠനങ്ങൾക്ക് കൂടുതൽ പ്രാധാന്യം കൊടുക്കാൻ തയ്യാറാകുന്ന ആത്മീയപ്രേഷിതർ ധാരാളമുണ്ടെങ്കിലും അവരുടെ വിശ്വാസതീക്ഷ്ണതയെ കൂടുതൽ ഉജ്ജ്വലിപ്പിക്കാൻ ഉതകുന്ന വിധത്തിലുള്ള ദൈവശാസ്ത്രപഠനത്തിന്റെ ആവശ്യകത ഏറ്റവും പ്രധാനപ്പെട്ടതാണെന്നും അതിന് വലിയ നേതൃത്വപരമായ പങ്കാളിത്തമാണ് തലശ്ശേരി അതിരൂപത സ്വീകരിച്ചിരിക്കുന്നതെന്നും ശ്രീ. റോഷി അഗസ്റ്റിൻ അഭിമാനപൂർവ്വം അനുസ്മരിച്ചു. റവ. ഡോ. ഫിലിപ്പ് കവിയിൽ, റവ. ഡോ. ടോം ഓലിക്കരോട്ട്, ഡോ. സി. ജിസി മരിയ സി.എം.സി, എന്നിവർ സംസാരിച്ചു. ബ്രദർ മെൽവിൻ വടക്കേൽ, ശ്രീ. മിഥുൻ തോമസ്, ശ്രീ. ജഷിത വിജേഷ്, ആർഷാ മനോഹരൻ തുടങ്ങിയവർ നേതൃത്വം നൽകി.

## ലോഗോ പ്രകാശനം നൽകി

റവ. ഡോ. തോമസ് മണ്ണൂരാംപറമ്പിൽ ഈസ്റ്റ് സിറിയൻ ലിറ്റർജിക്കൽ സെന്ററിന്റെ ലോഗോ പ്രകാശനം ഡിസംബർ 4 ന് അഭിവന്ദ്യ മാർ ജോർജ്ജ് ഞറളക്കാട്ട് പിതാവ് റവ. ഡോ. തോമസ് മണ്ണൂരാംപറമ്പിലിനു നൽകികൊണ്ട് നിർവ്വഹിച്ചു. മാർ ജോസഫ് പാംപ്ലാനി, റവ. ഡോ. ഫിലിപ്പ് കവിയിൽ, റവ. ഡോ. തോമസ് തെങ്ങുംപ്പള്ളിൽ, റവ. ഡോ. ടോം ഓലിക്കരോട്ട് തുടങ്ങിയവർ സന്നിഹിതരായിരുന്നു. സീറോ മലബാർ ആരാധനാക്രമത്തിന് വിശിഷ്യ വി. കുർബാനാക്രമം രൂപപ്പെടുത്തുന്നതിൽ ഡോ. തോമസ് മണ്ണൂരാംപറമ്പിൽ വഹിച്ച നിസ്തുലമായ സംഭാവനകളെ മുൻനിർത്തിയാണ് സീറോ മലബാർ ആരാധനാക്രമത്തെക്കുറിച്ച് പഠിപ്പിക്കുന്നതിനായി ഡോ. തോമസ് മണ്ണൂരാംപറമ്പിൽ ഈസ്റ്റ് സിറിയൻ ലിറ്റർജിക്കൽ സെന്റർ പ്രവർത്തിക്കുന്നത്.

## പുതിയ സ്റ്റഡിസെന്റർ

ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ 74-ാ മത്തെ പുതിയ സ്റ്റഡിസെന്റർ തൃശൂർ മണ്ണൂത്തിയിലുള്ള സമരിറ്റൻ സിസ്റ്റേഴ്സിന്റെ സ്നേഹോദയാ പ്രൊവിൻഷ്യൽ ഹൗസിൽ ആരംഭിച്ചു. തിയോളജി പഠനത്തിനായി 65 വിദ്യാർത്ഥികളാണ് പുതിയ സ്റ്റഡിസെന്ററിൽ രജിസ്റ്റർ ചെയ്തിരിക്കുന്നത്. പ്രൊവിൻഷ്യൽ സുപ്പീരിയർ ഡോ. സി. ഡാലിയ ആണ് കോഴ്സുകൾ കോർഡിനേറ്റ് ചെയ്യുന്നത്.

## പുതിയ സെമസ്റ്റർ ആരംഭിക്കുന്നു

ജനുവരി-മെയ് സെമസ്റ്ററിന്റെ ക്ലാസ്സുകൾ ജനുവരി 15 ന് ശേഷം ആരംഭിക്കുന്നതാണ്. ഓൺലൈൻ പ്ലാറ്റ്ഫോമായ സൂം ആപ്ലിക്കേഷൻ വഴിയായിരിക്കും പ്രധാനമായും ക്ലാസ്സുകൾ നടത്തപ്പെടുന്നത്. ഈ സെമസ്റ്ററിലെ ബിബ്ലിക്കൽ ഹീബ്രുവിന്റെ ക്ലാസ്സ് ഓഫ്ലൈൻ ആയി നടത്തുന്നതാണ്. സെന്റർ കോർഡിനേറ്റർമാർ ക്ലാസ്സുകൾ നടത്തുന്നതിന് വേണ്ട ക്രമീകരണം നടത്തണം.

## പാഠപുസ്തകങ്ങൾ ഫൊറോനാ കേന്ദ്രങ്ങളിൽ എത്തിക്കുന്നു

അടുത്ത സെമസ്റ്ററിലെ പാഠപുസ്തകങ്ങൾ ജനുവരി 8 ന് മുമ്പായി ഫൊറോനാ കേന്ദ്രങ്ങളിൽ എത്തിക്കുന്നതാണ്. പ്രധാനാധ്യാപകർ ഓരോ ഇടവകയിലേക്കുമുള്ള പുസ്തകങ്ങൾ യഥാസമയം എത്തിച്ചു നൽകുമല്ലോ.

## 2022 ജനുവരി - മെയ് സെമസ്റ്ററിലെ വിഷയങ്ങൾ

### BTh

01. വി. മത്തായിയുടെ സുവിശേഷം
02. പഞ്ചഗ്രന്ഥിയുടെ ദൈവശാസ്ത്രം
03. മരിയവിജ്ഞാനീയം
04. സഭാപിതാക്കന്മാരുടെ ദൈവശാസ്ത്രം
05. ഹീബ്രു-ഭാഷാപഠനം

### MTh

01. തത്വചിന്തയും ദൈവശാസ്ത്രവും
02. പുതിയ നിയമദൈവശാസ്ത്രം
03. സഭാപിതാക്കന്മാരുടെ വി. ഗ്രന്ഥവ്യാഖ്യാനം
04. സിറിയക് ഭാഷാപഠനം
05. അപ്രമാണികഗ്രന്ഥങ്ങൾ
06. ധാർമ്മികതയുടെ പ്രയോഗശാസ്ത്രം
07. കരുണയുടെ ദൈവശാസ്ത്രം

## റിസൾട്ട് പ്രസിദ്ധീകരിച്ചു

ജൂൺ-ഡിസംബർ സെമസ്റ്ററിലെ പരീക്ഷാ റിസൾട്ടുകൾ ആൽഫാ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. റിസൾട്ട് കാണുന്നതിനായി www.alphathalassery.org എന്ന വെബ്സൈറ്റിൽ Student Login എന്ന ലിങ്ക് ക്ലിക്ക് ചെയ്യുക. നിങ്ങളുടെ രജിസ്റ്റർ നമ്പറും പാസ് വേഡും (alpha) നൽകിയാൽ റിസൾട്ട് ലഭ്യമാകുന്നതാണ്.

ഉദാ:

Username: BT-00000-21

Password: alpha

## ഗ്രീക്ക് പരീക്ഷ അതാത് ഇടവകകളിൽ വച്ച് നടത്തപ്പെടുന്നു

ല്യൂമെൻ എക്ലേസിയ ബാച്ചുകളുടെ ബിബ്ലിക്കൽ ഗ്രീക്ക് എഴുത്തുപരീക്ഷയായി പ്രധാനാധ്യാപകരുടെ മേൽനോട്ടത്തിൽ ഓരോ ഇടവകകളിലും വച്ച് നടത്തുന്നതാണ്. 1 മണിക്കൂറായിരിക്കും പരീക്ഷാസമയം. പരീക്ഷാതിയ്യതി വാട്സാപ്പ് ഗ്രൂപ്പുവഴി പിന്നീടറിയിക്കുന്നതാണ്. ഓരോ ഇടവകയിലേക്കുമുള്ള ഗ്രീക്ക് പരീക്ഷയുടെ ചോദ്യപേപ്പറുകളും ഉത്തരക്കടലാസുകളും പാഠപുസ്തകവിതരണത്തിനായി വരുമ്പോൾ ഫൊറോനാ കേന്ദ്രങ്ങളിൽ എത്തിക്കുന്നതാണ്.

## ഡിപ്ലോമാ പരീക്ഷകൾ

ഡിപ്ലോമയുടെ ഈ വർഷത്തെ പരീക്ഷകൾ (ഇംഗ്ലീഷ്, മലയാളം) ജനുവരി 15 മുതൽ 30 വരെ ഗൂഗിൾ ഫോം മാതൃകയിൽ നടത്തപ്പെടുന്നു. 30 ചോദ്യങ്ങളായിരിക്കും പരീക്ഷയ്ക്ക് ഉണ്ടായിരിക്കുക. പരീക്ഷാ സമയം 20 മിനിറ്റായിരിക്കും. പരീക്ഷാ സമയക്രമീകരണം പിന്നീട് അറിയിക്കുന്നതാണ്.

## MTh അഡ്മിഷൻ ആരംഭിച്ചു

ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിൽ ബിരുദം പൂർത്തിയാക്കിയവരിൽ 75% ൽ അധികം മാർക്കുള്ളവർക്ക് **MTh** ന് പ്രവേശനം നേടാവുന്നതാണ്. 2022 ജനുവരി മുതൽ ബിബ്ലിക്കൽ തിയോളജി, മോറൽ തിയോളജി എന്നീ സ്പെഷ്യലൈസേഷൻ **MTh** അഡ്മിഷൻ ലഭിക്കുന്നതാണ്. താല്പര്യമുള്ള വിദ്യാർത്ഥികൾ ഓഫീസുമായി ബന്ധപ്പെടുക.

## ലോഗോസ് ബൈബിൾ ക്വിസ്

അതിരൂപതയിലെ എല്ലാ വിഭാഗം ആളുകളും വളരെ താല്പര്യപൂർവ്വം പങ്കെടുത്തിരുന്ന ദൈവവചന പഠന പോഗ്രാമായ ലോഗോസ് ബൈബിൾ ക്വിസ് - 2022 ഫെബ്രുവരി മാസത്തിൽ അതിരൂപതാ തലത്തിൽ നടത്തുന്നു. 2022 ഫെബ്രുവരി 20 ഞായറാഴ്ച 2-4 pm ആയിരിക്കും ലോഗോസ്

പരീക്ഷ നടത്തുന്നത്. ബഹു. വികാരിയച്ചന്മാർ ഈ വിവരം പള്ളികളിൽ അറിയിക്കുകയും പരമാവധി ആളുകളെ രജിസ്റ്റർ ചെയ്യിക്കുകയും ചെയ്യണം എന്ന് ഓർമ്മിപ്പിക്കുന്നു. 2020 ലെ പഠന ഭാഗങ്ങളായ **നിയമാവർത്തനം 22-34; പ്രഭാഷകൻ 18-22, മർക്കോസ് 1-8; 1 കോറി 1-8** എന്നിവ തന്നെ യാണ് ഈ പ്രാവശ്യവും പഠിക്കേണ്ടത്. ഈ പഠനഭാഗങ്ങളിലെ മൂവായിര ത്തോളം മാതൃകാചോദ്യോത്തരങ്ങൾ ഉൾപ്പെടുത്തി ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച ലോഗോസ് പഠനസഹായി വിതരണത്തിന് തയ്യാറാണ്. ഓർഡർ ചെയ്യുന്നവർക്ക് ഫൊറോന കേന്ദ്രങ്ങളിൽ എത്തിച്ച് തരുന്നതാണ്. എല്ലാവരുടെയും സഹകരണങ്ങളും സജീവപങ്കാളിത്തവും പ്രതീക്ഷിക്കുന്നു.

## ബിബ്ലിയാ ഫമീലിയ

തലശ്ശേരി ബൈബിൾ അപ്പസ്തോലേറ്റിന്റെയും ഫാമിലി അപ്പസ്തോ ലേറ്റിന്റെയും ആഭിമുഖ്യത്തിൽ കഴിഞ്ഞ ഒരു വർഷമായി നടന്നുവന്നിരുന്ന ബൈബിൾ പഠന പ്രോഗ്രാം ബിബ്ലിയാ -ഫമിലീയാ ഡിസംബർ മാസ ത്തോടെ ആദ്യഘട്ടം സമാപിക്കുന്നു. അതിരൂപതയിലെ 1500 ൽ അധികം കുടുംബങ്ങൾ ഈ പ്രോഗ്രാമിൽ സജീവമായി പങ്കെടുത്ത് വി. ഗ്രന്ഥത്തെ ആഴത്തിൽ പഠിച്ചു എന്നത് തികച്ചും അഭിമാനകരമായ കാര്യമാണ്. റവ. ഡോ. ടോം ഓലിക്കരോട്ട് ക്ലാസ്സുകൾ നയിക്കുകയും റവ. ഫാ. സെബാ സ്റ്റ്യൻ ഇട്ടിയപ്പാറ ക്വിസ് പ്രോഗ്രാമിന്റെ നടത്തിപ്പ് ഭംഗിയായി നിർവ്വഹിക്കു കയും ചെയ്തു. വിജയികളെ തിരഞ്ഞെടുക്കുന്നതിനുള്ള അവസാന പരീ ക്ഷകൾ ജനുവരി, ഫെബ്രുവരി മാസങ്ങളിലായിട്ടായിരിക്കും നടത്തുന്നത്.

സ്നേഹപൂർവ്വം,

**ഫാ. ഫിലിപ്പ് കവിയിൽ**
ഡയറക്ടർ,
ബൈബിൾ അപ്പൊസ്സൊലേറ്റ്

**ഫാ. ടോം ഓലിക്കരോട്ട്**
എക്സിക്യൂട്ടീവ് ഡയറക്ടർ,
ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

# ചെറുപുഷ്പ മിഷൻലീഗ്



സ്നേഹ ബഹു. അച്ചന്മാരെ, സിസ്റ്റേഴ്സ്, പ്രിയ മിഷനറിമാരെ,

പുത്തൻ പ്രതീക്ഷയുടെ പൊൻചിറകുകളുമായി 2022 വരവായി. കളിച്ചും, ചിരിച്ചും, പഠിച്ചും, പ്രാർത്ഥിച്ചും നമുക്കൊപ്പമായിരുന്ന 2021 യവനികയ്ക്കുള്ളിലേയ്ക്ക് മറയുമ്പോൾ ഈ ഒരുവർഷം ദൈവം നമ്മിലേയ്ക്ക് വർഷിച്ച അവർണ്ണനീയമായ ദാനങ്ങൾക്ക് നന്ദിപറയാം. ഒപ്പം ഒത്തിരി നന്മകൾ നമ്മിലേയ്ക്ക് വർഷിക്കുവാൻ ദൈവം ഒരുക്കിയ പുതുവർഷത്തെ സന്തോഷത്തോടെ നമുക്ക് വരവേൽക്കാം. പുതുവർഷമാകുന്ന പുതിയ പേജ് മനോഹരമായ രീതിയിൽ ജീവിതം കൊണ്ട് എഴുതിച്ചേർക്കാം. സൗരഭ്യം ചൊരിയുന്ന പുഞ്ചിരിയിലൂടെ, നലംതികഞ്ഞ വ്യക്തിത്വത്തിലൂടെ, ഹൃദ്യമായ പൊരുമാറ്റത്തിലൂടെ അനേകരിൽ പ്രതീക്ഷകളുടെയും, നന്മയുടെയും പുതുനാമ്പുകൾ മുളപ്പിക്കുവാൻ ഈ പുതുവർഷത്തിൽ നമുക്ക് ഉത്സാഹിക്കാം. ഏവർക്കും ദൈവാനുഗ്രഹം നിറഞ്ഞ പുതുവത്സരാശംസകൾ...

| | | |
|---|---|---|
| അനുസ്മരിക്കുന്ന തിരുനാൾ | : | ദനഹാതിരുനാൾ |
| അനുസ്മരിക്കുന്ന വിശുദ്ധർ | : | വി. സെബസ്ത്യാനോസ്, വി. ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ |
| പ്രാർത്ഥനാനിയോഗം | : | ഏഴുപേരടങ്ങിയ ഗ്രൂപ്പുകളുടെ നിയോഗങ്ങൾക്കുവേണ്ടി |
| സുകൃതം | : | 74 കർത്താവിന്റെ മാലാഖ |
| സുകൃതജപം | : | ഈശോയെ എന്നെ തിന്മയിൽനിന്നും രക്ഷിക്കണമേ. |
| *സങ്കീർത്തന പാരായണം* | : | സങ്കീ: 88 – 100 അദ്ധ്യായങ്ങൾ |
| സംഘടനയെ അറിയാം | : | വിവിധ വിഭാഗം അംഗങ്ങൾ |

**1.ശാഖകൾ ശ്രദ്ധിക്കാൻ**

| | | |
|---|---|---|
| 1 ശനി | : | പുതുവർഷാരംഭം – ദിവ്യബലിയിൽ പങ്കെടുത്ത് ദൈവാനുഗ്രഹത്തിനായി പ്രാർത്ഥിക്കുന്നു. |
| 3 തിങ്കൾ | : | വി. ചാവറകുര്യാക്കോസ് ഏലിയാസച്ചന്റെ തിരുനാൾ |
| 6 വ്യാഴം | : | ദനഹാതിരുനാൾ, പ്രേഷിതവാരം ആരംഭിക്കുന്നു. |
| 12 ബുധൻ | : | പ്രേഷിതവാരം സമാപനം |
| 24 തിങ്കൾ | : | ജീവന്റെ മൂല്യം പ്രസംഗമത്സരം (ശാഖകളിൽ) |

26 ബുധൻ : വൈസ്ഡയറക്ടേഴ്സ് മീറ്റിംഗ്, ടീം ക്വിസ്, കയ്യെഴുത്ത് മാസിക രൂപതയിൽ എത്തിക്കേണ്ട അവസാന ദിവസം.

30 ഞായർ : ലോകസമാധാനദിനം

**2. മേഖലകൾ ശ്രദ്ധിക്കാൻ**: എക്സിക്യൂട്ടീവ്, മാനേജിംഗ് കമ്മിറ്റി, ഓർഗനൈസിംഗ് ടീം മീറ്റിംഗ്. ടീം ക്വിസ്സ്, മേഖലാ കലോത്സവം, കൈയെഴുത്ത് മാസിക.

## 3. കൈയ്യെഴുത്ത് മാസിക

ഈ വർഷത്തെ കൈയെഴുത്ത് മാസികയുടെ നിർമ്മാണം പൂർത്തിയായിക്കൊണ്ടിരിക്കുകയാണല്ലോ. മേഖലാ തലത്തിൽ ഒന്നാംസ്ഥാനം ലഭിക്കുന്ന കൈയെഴുത്ത് മാസിക അതിരൂപതയിൽ എത്തിക്കേണ്ട അവസാന തിയതി 2022 ജനുവരി 26-ാം തിയതി ആണ്.

## 4. ടീം ക്വിസ്സ്

ഈ വർഷത്തെ ടീം ക്വിസ് 2022 ജനുവരി 26-ാം തിയതി നടത്തപ്പെടുന്നതാണ്. പഠന ഭാഗം - അപ്പസ്തോലപ്രവർത്തനങ്ങൾ ആമുഖം ഉൾപ്പെടെ മുഴുവൻ അദ്ധ്യായങ്ങളും 30% , മഹാമിഷനറി 1 -41 പേജുകൾ 20% , സഭ 20% , സംഘടന 20% , ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ നേടുന്നവർക്ക് സമ്മാനങ്ങൾ നൽകുന്നതായിരിക്കും.

## 5. വൈസ്ഡയറക്ടേഴ്സ് മീറ്റിംഗ്

മിഷൻലീഗ് - തിരുബാലസഖ്യ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ഈ വർഷത്തെ പ്രധാന കാര്യങ്ങൾ ചർച്ചചെയ്യുന്നതിനുമായി ജനുവരി 26-ാം തിയതി ശാഖാ വൈസ്ഡയറക്ടേഴ്സ് മീറ്റിംഗ് നടത്തപ്പെടുന്നതാണ്. മീറ്റിംഗിൽ മിഷൻലീഗ്-തിരുബാലസഖ്യ വൈസ്ഡയറക്ടേഴ്സ് എല്ലാവരും പങ്കെടുക്കണമെന്നകാര്യം ഓർമ്മിപ്പിക്കട്ടെ. മീറ്റിംഗിന്റെ സമയവും അതിനോടനുബന്ധിച്ചുള്ള കാര്യങ്ങളും പിന്നീട് അറിയിക്കുന്നതായിരിക്കും.

**6. പ്രേഷിതവാരം :** 2022 ജനുവരി 6 മുതൽ 12 വരെ പ്രേഷിതവാരമായി നാം ആചരിക്കുന്നു. പ്രേഷിത പ്രവർത്തനങ്ങളെ ഓർക്കുകയും എല്ലാ പ്രേഷിതർക്കും വേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്യുമല്ലോ. പ്രേഷിതവാരത്തോടനുബന്ധിച്ച് നമുക്ക് ചെയ്യാവുന്ന കാര്യങ്ങൾ ഉടൻ നിങ്ങളെ അറിയിക്കുന്നതായിരിക്കും.

### 7. നക്ഷത്രദൂത്

ക്രിസ്തുമസിനോടനുബന്ധിച്ച് ഡിസംബർ 1 മുതൽ 25 വരെ 16 മേഖലയിലെയും പ്രസിഡന്റുമാരുടെയും, അതിരൂപതാ ഭാരവാഹികളുടെയും, അഭിവന്ദ്യപിതാക്കൻമാരുടെയും, ബഹുമാനപ്പെട്ട ജനറാൾ അച്ചൻമാരുടെയും ക്രിസ്തുമസ് മെസേജ് "നക്ഷത്രദൂത്" എന്ന പേരിൽ വാട്സ്

ആപ്പിലൂടെയും യൂ ട്യൂബിലൂടെയും അയച്ചിരുന്നു. ഈ പരിപാടികൾക്ക് വേണ്ട പ്രോത്സാഹനങ്ങളും നിർദ്ദേശങ്ങളും നൽകിയ എല്ലാവർക്കും പ്രത്യേകമായി പങ്കെടുത്ത് സഹകരിച്ചവർക്കും അതിരൂപതാകുടുംബത്തിന്റെ നന്ദിയും അഭിനന്ദനങ്ങളും. പ്രസംഗങ്ങൾ ഷൂട്ട് ചെയ്തവർക്കും എഡിറ്റ് ചെയ്തവർക്കും നന്ദിയും അഭിനന്ദനങ്ങളും

## 8. ഗ്ലോറിയ നൈറ്റ് – ശാന്തിഭവൻ

ചെറുപുഷ്പ മിഷൻലീഗ് അതിരൂപതാതല ക്രിസ്തുമസ് ആഘോഷം വായാട്ടുപറമ്പ് മേഖലയുടെ സഹകരണത്തോടെ ഡിസംബർ 23-ാം തിയതി കരുവഞ്ചാൽ ശാന്തിഭവനിലെ ബഹു. വൈദികർക്കൊപ്പം നടത്തി.

## 9. ഗ്ലോറിയ – ക്രിസ്റ്റീൻ ധ്യാനം

ക്രിസ്തുമസ്സിനോടനുബന്ധിച്ച് 5-ാം ക്ലാസ്സ് മുതൽ 12 -ാം ക്ലാസ്സ് വരെ പഠിക്കുന്ന കുട്ടികൾക്ക് ക്രിസ്മസ് ഒരുക്ക ക്രിസ്റ്റീൻ ധ്യാനം (ഗ്ലോറിയ) വിശ്വാസ പരിശീലനകേന്ദ്രത്തിന്റെയും, മലബാർ ക്രിസ്റ്റീൻന്റെയും സഹകരണത്തോടെ ഓൺലൈനായി നടത്തി. ക്രിസ്റ്റീൻ ധ്യാനത്തിൽ പങ്കെടുത്ത എല്ലാ കൊച്ചുകൂട്ടുകാർക്കും ഇവർക്കുവേണ്ട പ്രോത്സാഹനം നൽകിയ ബഹുമാനപ്പെട്ട അച്ചൻമാർക്കും, സിസ്റ്റേഴ്സിനും മതാധ്യാപകർക്കും മാതാപിതാക്കൾക്കും സ്നേഹപൂർവ്വം നന്ദി.

## 10. വചനമരം

ക്രിസ്തുമസ്സിനോടനുബന്ധിച്ച് കുട്ടികളുടെ നേതൃത്വത്തിൽ ദൈവാലയങ്ങളിലും, ഭവനങ്ങളിലും മനോഹരമായ വചനമരം ഒരുക്കിയ എല്ലാ കൊച്ചുകൂട്ടുകാർക്കും, അവർക്കുവേണ്ട പ്രോത്സാഹനം നൽകിയ ബഹുമാനപ്പെട്ട അച്ചൻമാർക്കും, സിസ്റ്റേഴ്സിനും, മതാധ്യാപകർക്കും, മാതാപിതാക്കൾക്കും നന്ദിയും അഭിനന്ദനങ്ങളും.

## 11. അതിരൂപതാ കലോത്സവം

### പൊതു നിർദ്ദേശങ്ങൾ

1. ഒരു വ്യക്തിക്ക് ഒരു ഇനത്തിൽ മാത്രമേ മത്സരിക്കാൻ അനുവാദമുള്ളൂ.
2. ഒരു വ്യക്തിക്ക് സ്വന്തം പ്രായപരിധിയിലുള്ള ഇനങ്ങളിൽ മാത്രമേ മത്സരിക്കാൻ അനുവാദമുള്ളൂ.
3. ഓരോ വിഭാഗത്തിലും മേഖലയിൽ ഒന്നാം സ്ഥാനം കിട്ടുന്ന ആൺകുട്ടിക്കും, പെൺകുട്ടിക്കും അതിരൂപതാ മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്.
4. മത്സരത്തിൽ പങ്കെടുക്കുന്നവർക്ക് മിഷൻലീഗിന്റെ അംഗത്വകാർഡും, ബാഡ്ജും നിർബന്ധമാണ്.
5. ഗ്രേഡിങ്ങ് ഉണ്ടായിരിക്കുന്നതാണ്. A ഗ്രേഡിന് 5 ഉം, B ഗ്രേഡിന് 3 ഉം, C ഗ്രേഡിന് 1 ഉം, ഇതിനുപുറമേ വ്യക്തിഗത ഇനങ്ങളിൽ സ്ഥാനങ്ങൾക്ക്

5,3,1, വീതവും പോയിന്റ് ലഭിക്കും. ഉദാ. വ്യക്തിഗത ഇനങ്ങളിൽ ഒന്നാം സ്ഥാനവും A ഗ്രേഡും ലഭിച്ചാൽ 5+5=10, പോയിന്റും ലഭിക്കും.

6. എല്ലാ മത്സരവും ക്രൈസ്തവ സന്ദേശം നൽകുന്നതായിരിക്കണം. മത്സര സംബന്ധമായ എല്ലാ കാര്യങ്ങൾക്കും പി. ഒ. സി ബൈബിൾ ആണ് ഉപയോഗിക്കുക.
7. വിധികർത്താക്കളുടെ തീരുമാനം അന്തിമമായിരിക്കും.
8. മത്സര നടത്തിപ്പ് സംബന്ധിച്ച് പരാതികൾ ഉണ്ടെങ്കിൽ ടീം മാനേജർ രേഖാമൂലം 250 രൂപാ ഫീസ് സഹിതം പ്രസ്തുത മത്സരം കഴിഞ്ഞ് 30 മിനിറ്റിനകം ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്. ഡയറക്ടർ പ്രസ്തുത വിഷയത്തെക്കുറിച്ച് ജൂറി ഓഫ് അപ്പീലുമായി അന്വേഷിച്ച് ന്യായമായ തീരുമാനമെടുത്ത് അറിയിക്കുന്നതാണ്. ന്യായമായ പരാതികളാണെങ്കിൽ ഫീസ് തിരികെ നൽകുന്നതാണ്. മത്സരനടത്തിപ്പിനെക്കുറിച്ച് മാത്രമായിരിക്കും പരാതി നൽകേണ്ടത്.
9. സബ്ജൂനിയർ വിഭാഗത്തിന് ബൈബിൾ ക്വിസിന് പകരം ബൈബിൾ വായന ആയിരിക്കും.
10. മേഖലാതലത്തിൽ മത്സരം നടത്തി അതിരൂപതയിൽ ലിസ്റ്റ് നൽകേണ്ട അവസാന ദിവസം **ഫെബ്രുവരി 1.** അതിരൂപതയിൽ നിന്ന് മേഖലകളിലേയ്ക്ക് ഇതിനായുള്ള എൻട്രീ ഫോം തയ്യാറാക്കി നൽകുന്നതായിരിക്കും.
11. **മത്സര ഇനങ്ങൾ:** പ്രസംഗം, സംഗീതം, മിഷൻ ക്വിസ്സ്, ബൈബിൾ വായന.
12. സബ്ജൂനിയർ, ജൂനിയർ, സീനിയർ, സൂപ്പർ സീനിയർ വിഭാഗത്തിലായിരിക്കും മത്സരം നടത്തപ്പെടുന്നത്.
13. മത്സരങ്ങളെല്ലാം നേരിട്ട് നടത്തപ്പെടുന്നതായിരിക്കും.

**പ്രായപരിധി**

1. **സബ്ജൂണിയർ : 2009 ജനുവരി 1 – നോ ശേഷമോ ജനിച്ചവർ**
2. **ജൂണിയർ : 2006 ജനുവരി 1 – 2008 ഡിസംബർ 31**
3. **സീനിയർ : 2002 ജനുവരി 1 – 2005 ഡിസംബർ 31**
4. **സൂപ്പർ സീനിയർ : 2002 ജനുവരി 1 – ന് മുമ്പ് ജനിച്ചവർ**

1) **പ്രസംഗം**

സമയം 5 മിനിറ്റ്. 4 മിനിറ്റ് ആകുമ്പോൾ വാണിംഗ് ബെൽ നൽകുന്നതായിരിക്കും. പ്രസംഗത്തിന് 5 മിനിറ്റ് മുമ്പ് വിഷയം നൽകുന്നതായിരിക്കും. വിഷയാധിഷ്ഠിതമായിരിക്കണം. ആശയ സ്ഫുടത, അക്ഷര സ്ഫുടത,

ഭാഷാശുദ്ധി, സഭാകമ്പമില്ലാതെ സംസാരിക്കാനുള്ള കഴിവ്, ധാരാളിത്വം, സന്ദർഭോജിത ശബ്ദനിയന്ത്രണം എന്നിവ പരിഗണിക്കുന്നതായിരിക്കും.

പ്രസംഗ വിഷയങ്ങൾ

| | | |
|---|---|---|
| **സബ്ജൂനിയർ** | : | **1) ജൂബിലി നിറവിൽ എന്റെ മിഷൻലീഗ്** |
| **ജൂനിയർ** | : | **1) ചെറുപുഷ്പ മിഷൻലീഗും പ്രേഷിത മുന്നേറ്റവും** |
| | | **2) വി. യൗസേപ്പിതാവ് കുടുംബങ്ങളുടെ കാവൽക്കാരൻ** |
| **സീനിയർ** | : | **വി. യോഹന്നാൻ 12-ാം അദ്ധ്യായം** |
| **സൂപ്പർ സീനിയർ** | : | **വി. യോഹന്നാൻ 13-ാം അദ്ധ്യായം** |

**2) സംഗീതം**

ഒരു പാട്ടിന്റെ സമയം, സംഗീത മത്സരത്തിൽ ക്ലാസ്സിക്കൽ ഗാനങ്ങൾ ആലപിക്കാൻ പാടില്ല. ക്രിസ്തീയ ഭക്തിഗാനങ്ങളേ ആലപിക്കാവൂ. സെമിക്ലാസ്സിക്കൽ ഗാനങ്ങൾ അനുവദനീയമാണ്. സ്വരങ്ങൾ ഉപയോഗിക്കാൻ പാടില്ല. ഹമ്മിംങ്ങ് ആകാം. സംഗീതം കാണാതെ പഠിച്ച് പാടേണ്ടതാണ്. സംഗീതോപകരണങ്ങൾ അനുവദനീയമല്ല.

**3) മിഷൻ ക്വിസ്സ്**

മാക്സിമം സമയം - 45 മിനിറ്റ്, ക്വിസ് മത്സരത്തിൽ കൃത്യമായ ഉത്തരത്തിന് മാത്രമേ മാർക്ക് ഉണ്ടായിരിക്കുകയുള്ളൂ. **പഠനഭാഗം :** വി. യോഹന്നാൻ 1-15 അദ്ധ്യായങ്ങൾ 30%, പ്രേഷിത വഴിയിലെ വിജയഗാഥ 1-10 അദ്ധ്യായങ്ങൾ 30%, സഭ 20%, സംഘടന 20%.

**4) ബൈബിൾ വായന**

സമയം 3 മിനിറ്റ്. വായിക്കേണ്ട വചനഭാഗം സുവിശേഷത്തിനരികിൽ വച്ചിരിക്കും. നല്കിയിരിക്കുന്ന വചനഭാഗം സുവിശേഷത്തിൽ നിന്ന് കണ്ടെത്തി വായിക്കണം. ബൈബിൾ വായനയ്ക്ക് പി. ഒ. സി പുതിയ നിയമം ആയിരിക്കും ഉപയോഗിക്കുക. വായനയിൽ ആരംഭവും, അവസാനവും, വി. ഗ്രന്ഥം കൈകാര്യം ചെയ്യുന്ന വിധവും, വായന, ഒഴുക്ക്, ഭാവം എന്നിവ പരിഗണിക്കുന്നതാണ്.

## 12. അതിരൂപതാ മാനേജിംഗ് കമ്മറ്റി

മിഷൻലീഗ് - തിരുബാലസഖ്യം സംഘടനകളുടെ പുതിയ പ്രവർത്തനങ്ങളെക്കുറിച്ച് ആലോചിക്കുന്നതിനും കഴിഞ്ഞ വർഷത്തെ പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനുമായി ജനുവരി 8-ാം തിയതി രാവിലെ 9.00 മണിക്ക് ചെമ്പേരി ഫോറോന അൽഫോൻസ ഓഡിറ്റോറിയത്തിൽ വച്ച് അതിരൂപതാ മാനേജിംഗ് കമ്മറ്റി ചേരുന്നതാണ്. എല്ലാവരും നിർബന്ധമായും പങ്കെടുക്കുമല്ലോ.

## 13. മിഷൻ പച്ചക്കറിത്തോട്ടം

മിഷൻ പച്ചക്കറിത്തോട്ടം 2-ാം ഘട്ട സന്ദർശനം ജനുവരി ആദ്യ ആഴ്ച തന്നെ നടത്തുന്നതായിരിക്കും.

## 14. ഉണ്ണീശോ കട്ടിൽ

ഷാന്ദാ രൂപതയിലെ കസൻസൂർ ഇടവകയിലെ ബോർഡിങ്ങിൽ താമസിക്കുന്ന കുട്ടികൾക്ക് കട്ടിൽ വാങ്ങുക എന്ന നിയോഗത്തോടെ 25 നോമ്പിൽ കുട്ടികൾ സമാഹരിച്ച തുക മിഷൻലീഗ് ഓഫീസിൽ എത്തിക്കുവാൻ ശ്രദ്ധിക്കുമല്ലോ. ഒരു കട്ടിലിന് 5000 രൂപ ചിലവാകും. എല്ലാവരും സഹകരിക്കുമല്ലോ.

## 15. ശാഖാ സന്ദർശനങ്ങൾ

അതിരൂപതാ ഭാരവാഹികൾ ഈ മാസം ശാഖാ സന്ദർശനത്തിനായി വരുന്ന കാര്യം ഓർമ്മപ്പെടുത്തുന്നു. ഭാരവാഹികൾ ശാഖാ സന്ദർശനം നടത്തുന്നതിന് മുമ്പ് വരുന്ന കാര്യം വിളിച്ച് അറിയിക്കുന്നതായിരിക്കും. ശാഖയിൽ ഉണ്ടായിരിക്കേണ്ട റെക്കോഡുകൾ, ഫയലുകൾ എന്നിവ കൃത്യമായി എഴുതി സൂക്ഷിക്കുമല്ലോ.

## 16. അതിരൂപതാതല നിയമാവലി ക്വിസ്സ് മത്സരം

മിഷൻലീഗ് ശാഖാ - മേഖലാ വൈസ്ഡയറക്ടേഴ്സിനായി അതിരൂപതാതലത്തിൽ നിയമാവലി ക്വിസ്സ് മത്സരം നടത്തപ്പെടുന്നു. എല്ലാ വൈസ് ഡയറക്ടേഴ്സും പങ്കെടുക്കണമെന്ന കാര്യം ഓർമ്മിപ്പിക്കുന്നു. ക്വിസ്സിനെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ അറിയിക്കുന്നതായിരിക്കും. ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കുന്നവർക്ക് ആകർഷകമായ സമ്മാനങ്ങൾ നൽകുന്നതായിരിക്കും. എല്ലാവരും നന്നായി പഠിച്ച് ഒരുങ്ങുമല്ലോ.

## 17. അതിരൂപതാ സാഹിത്യമത്സരം

നവംബർ 28-ാം തീയതി ഞായറാഴ്ച നാല് റീജിയണുകളിലായി നടത്തപ്പെട്ട അതിരൂപതാ സാഹിത്യ മത്സരത്തിന് നേതൃത്വം കൊടുത്ത അതിരൂപതാ ഭാരവാഹികൾക്കും വേണ്ട സഹായസഹകരണങ്ങൾ ചെയ്തുതന്ന എല്ലാ മേഖലാ ഡയറക്ടേഴ്സ്, വൈസ് ഡയറക്ടേഴ്സ്, മേഖലാ-ശാഖാ ഭാരവാഹികൾ എന്നിവർക്ക് പ്രത്യേകം നന്ദി.

## 18. സാഹിത്യ ശില്പശാല

അതിരൂപതാതല സാഹിത്യമത്സര വിജയികൾക്ക് പരിശീലനം നൽകുന്നതിനായി നവംബർ 23-ാം തീയതി ഓൺലൈനിൽ സാഹിത്യ ശില്പശാല നടത്തി. നിർമ്മലഗിരി കോളേജ് മലയാളം പ്രൊഫസർ റവ. ഡോ. മാർട്ടിൻ പറപ്പള്ളിയാത്ത് ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. സ്നേഹമുള്ള അച്ചന് അതിരൂപതാ കുടുംബത്തിന്റെ നന്ദി.

## 19. ഉണർവ്വ് : എം റ്റി സി ക്യാമ്പ്

ഡിസംബർ 8,9 തിയതികളിൽ എം റ്റി സി കുട്ടികൾക്കും, മേഖലാ ജൂനിയർ ഭാരവാഹികൾക്കും ഉണർവ്വ് എന്ന പേരിൽ എം റ്റി സി ക്യാമ്പ് ഓൺലൈനായി നടത്തി. റവ. ഡോ ടോം ഓലിക്കരോട്ട് ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. സ്നേഹമുള്ള അച്ചന് അതിരൂപതാ കുടുംബത്തിന്റെ നന്ദി. പങ്കെടുത്ത കൊച്ചുകൂട്ടുകാർക്ക് അഭിനന്ദനങ്ങൾ.

## 20. സംസ്ഥാന മാനേജിംഗ് കമ്മറ്റി

ഡിസംബർ 11-ാം തീയതി ശനിയാഴ്ച എറണാകുളം പി ഒ സി യിൽ വച്ച് നടന്ന സംസ്ഥാനമാനേജിംഗ് കമ്മറ്റിയിൽ അതിരൂപതാഭാരവാഹികൾ പങ്കെടുത്തു.

## 21. സംസ്ഥാന ഡയറക്ടേഴ്സ് മീറ്റിംഗ്

ഡിസംബർ 1-ാം തിയതി ബുധനാഴ്ച ഓൺലൈൻ ആയി നടന്ന സംസ്ഥാനഡയറക്ടേഴ്സ് മീറ്റിംഗിൽ ഡയറക്ടർ ഫാ. ജോസഫ് വടക്കേപ്പറമ്പിൽ പങ്കെടുത്തു.

## 22. ബൈബിൾ ഞായർ

ഡിസംബർ 12-ാം തീയതി അതിരൂപതാതല ബൈബിൾ ഞായർ ആഘോഷം മുണ്ടാനൂർ ഇടവകയിൽ വച്ച് നടത്തി. അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് വടക്കേപ്പറമ്പിൽ ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി. മുണ്ടാനൂർ ശാഖാ ഡയറക്ടർ ഫാ.ജേക്കബ്ബ് പഞ്ഞിക്കുന്നേൽ ബൈബിൾ പ്രതിഷ്ഠ നടത്തി. തുടർന്ന് കുട്ടികളുടെ ബൈബിൾ കലാപരിപാടികളും, റാലിയും നടന്നു.

## 23. റീൽസ് മത്സരവിജയികൾ

| | |
|---|---|
| Ist | - പരിയാരം ശാഖ |
| IInd | - പുളിങ്ങോം ശാഖ |
| IIIrd | - കണിച്ചാർ ശാഖ |

## 24. ജൂബിലി നിറവിൽ അഭിവന്ദ്യപിതാവിനൊപ്പം

അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് ഡിസംബർ 15 ന് ഓൺലൈനായി പിതാവിന് ആശംസകൾ നേരുകയും കുട്ടികൾ പിതാവുമായി അഭിമുഖം നടത്തുകയും ചെയ്തു. ഞങ്ങളോടൊപ്പമായിരുന്ന അഭിവന്ദ്യപിതാവിന് അതിരൂപതാകുടുംബത്തിന്റെ നന്ദിയും പ്രാർത്ഥനകളും.

## 25. മേഖലാ കൗൺസിൽ വാർഷികം

11 -ാം തീയതി ശനിയാഴ്ച നെല്ലിക്കാംപോയിൽ മേഖല കൗൺസിൽ വാർഷികം നടത്തി. നെല്ലിക്കാംപോയിൽ മേഖലാ എക്സിക്യൂട്ടിവ് അംഗങ്ങൾക്ക് പ്രത്യേകം അഭിനന്ദനങ്ങൾ.

## 26. പ്രത്യേക അറിയിപ്പ്

ഡിസംബർമാസത്തെ ഗിരിദീപത്തിൽ ശാഖാതലത്തിൽ സിൽവർപുരസ്ക്കാരം കരസ്ഥമാക്കിയത് മണിപ്പാറ ശാഖ എന്നായിരുന്നു കൊടുത്തിരുന്നത്. ക്ഷമിക്കണം മണിപ്പാറ ശാഖയല്ല മണിക്കടവ് ശാഖയാണ് എന്നകാര്യം ഓർമ്മിപ്പിക്കട്ടെ.

## 27. സെമിനാറുകൾ, ക്ലാസ്സുകൾ

- 05.12.2021 ന് ബദിയഡുക്ക ശാഖയിൽ ഡയറക്ടർ റവ. ഫാ. ജോസഫ് വടക്കേപ്പറമ്പിൽ, അതിരൂപതാ പ്രസിഡന്റ് ശ്രീ സുനിൽ കല്ലിടുക്കിൽ എന്നിവർ സെമിനാർ നടത്തി.
- 12.12.2021 ന് മുണ്ടാനൂർ ശാഖയിൽ ഡയറക്ടർ റവ. ഫാ. ജോസഫ് വടക്കേപ്പറമ്പിൽ കുട്ടികൾക്ക് ക്ലാസ്സ് എടുത്തു.

## 28. ആദരാജ്ഞലികൾ

മുൻ അതിരൂപതാ ഭാരവാഹി മരണമടഞ്ഞ ശ്രീ. തോമസ് കുളത്തറ സാറിന് അതിരൂപതാ കുടുംബത്തിന്റെ ആദരാഞ്ജലികൾ.

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് വടക്കേപ്പറമ്പിൽ**
അതിരൂപതാ ഡയറക്ടർ

# തിരുബാലസഖ്യം

സ്നേഹ ബഹുമാനപ്പെട്ട അച്ചന്മാരെ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

ഒത്തിരിയേറെ അനുഗ്രഹങ്ങളും; ഓർമ്മകളും സമ്മാനിച്ച വർഷമാണല്ലോ 2021. ഉണ്ണീശോയുടെ സുകൃതങ്ങൾ ജീവിതത്തിൽ സ്വന്തമാക്കി ഉണ്ണീശോയുടെ കൂട്ടുകാർ 2022 ലേയ്ക്ക് പ്രവേശിച്ചിരിക്കുമ്പോൾ കൂടുതൽ വിശുദ്ധിയോടെ വളർന്നുവരുവാൻ ഉണ്ണീശോ അനുഗ്രഹിക്കട്ടെ. എല്ലാ കൊച്ചുകൂട്ടുകാർക്കും ദൈവാനുഗ്രഹം നിറഞ്ഞ പുതുവത്സരാശംസകൾ.

| | | |
|---|---|---|
| അനുസ്മരിക്കുന്ന തിരുനാൾ | : | ദനഹാതിരുന്നാൾ |
| അനുസ്മരിക്കുന്ന വിശുദ്ധൻ | : | വി. സെബസ്ത്യാനോസ്, വി. ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ |
| പ്രാർത്ഥനാ നിയോഗം | : | നവവൈദികർക്കുവേണ്ടി |
| സുകൃതജപം | : | കുരിശിലെ ഈശോയെ ഞാൻ അങ്ങയെ സ്നേഹിക്കുന്നു. |
| വചനം | : | ക്രിസ്തുവിൽ ആയിരിക്കുന്നവൻ പുതിയ സൃഷ്ടിയാണ്. പഴയത് കടന്നുപോയി ഇതാ, പുതിയത് വന്നുകഴിഞ്ഞു. (2 കോറി 5:17) |
| പ്രവൃത്തി | : | എയ്ഞ്ചൽ ഫെസ്റ്റ് മത്സരങ്ങൾക്കായി കുട്ടികളെ ഒരുക്കുക. |
| മന:പാഠമാക്കുക | : | പ്രകാശത്തിന്റെ ദിവ്യരഹസ്യങ്ങൾ പഠിക്കുക. |
| എയ്ഞ്ചൽസ് വോയ്സ് | : | ജീവന്റെ മൂല്യം – പ്രസംഗമത്സരം (ശാഖകളിൽ) |

## 1. ശാഖകൾ ശ്രദ്ധിക്കാൻ

| | | |
|---|---|---|
| 1 ശനി | : | പുതുവർഷാരംഭം – ദിവ്യബലിയിൽ പങ്കെടുത്ത് ദൈവാനുഗ്രഹത്തിനായി പ്രാർത്ഥിക്കുന്നു. |
| 3 തിങ്കൾ | : | വി. ചാവറകുര്യാക്കോസ് ഏലിയാസച്ചന്റെ തിരുനാൾ |
| 6 വ്യാഴം | : | ദനഹാതിരുനാൾ |
| 24 തിങ്കൾ | : | ജീവന്റെ മൂല്യം പ്രസംഗമത്സരം (ശാഖകളിൽ) |
| 26 ബുധൻ | : | ആനിമെറ്റേഴ്സ് മീറ്റിംഗ് |

20 വ്യാഴം : കലോത്സവ എൻട്രികൾ ടെലഗ്രാമിലൂടെ അതിരൂപതയിൽ ലഭിക്കേണ്ട അവസാന ദിവസം

30 ഞായർ : ലോകസമാധാനദിനം

## 2. വൈസ് ഡയറക്ടേഴ്സ് മീറ്റിംഗ്

മിഷൻലീഗ്-തിരുബാലസഖ്യ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ഈ വർഷത്തെ പ്രധാന കാര്യങ്ങൾ ചർച്ചചെയ്യുന്നതിനുമായി ജനുവരി 26-ാം തിയതി ശാഖാ ആനിമെറ്റേഴ്സ് മീറ്റിംഗ് നടത്തപ്പെടുന്നതാണ്. മീറ്റിംഗിൽ മിഷൻലീഗ്-തിരുബാലസഖ്യ വൈസ് ഡയറക്ടേഴ്സ് എല്ലാവരും പങ്കെടുക്കണമെന്ന കാര്യം ഓർമ്മിപ്പിക്കട്ടെ. മീറ്റിംഗിന്റെ സമയവും അതിനോട നുബന്ധിച്ചുള്ള കാര്യങ്ങളും പിന്നീട് അറിയിക്കുന്നതായിരിക്കും.

## 3. വചനമരം

ക്രിസ്തുമസ്സിനോടനുബന്ധിച്ച് കുട്ടികളുടെ നേതൃത്വത്തിൽ ദൈവാലയങ്ങളിലും, ഭവനങ്ങളിലും മനോഹരമായ വചനമരം ഒരുക്കിയ എല്ലാ കൊച്ചുകൂട്ടുകാർക്കും, അവർക്കുവേണ്ട പ്രോത്സാഹനം നൽകിയ ബഹുമാനപ്പെട്ട അച്ചൻമാർക്കും, സിസ്റ്റേഴ്സിനും, മതാധ്യാപകർക്കും, മാതാപിതാക്കൾക്കും നന്ദിയും അഭിനന്ദനങ്ങളും.

## 4. ക്രിസ്തുരാജൻ ഫാൻസി ഡ്രസ്സ് മത്സര വിജയികൾ

| | | |
|---|---|---|
| I[st] | - ജോസഫ് കുന്നേൽ | - നെല്ലിക്കുറ്റി |
| II[nd] | - ജോർജ്ജ് കാഞ്ഞിരത്തിങ്കൽ | - ചരൾ |
| III[rd] | - ദിൽജോ കൊച്ചുപറമ്പിൽ | - കാലിച്ചാനടുക്കം |

## 5. എയ്ഞ്ചൽസ് ഫെസ്റ്റ്

തിരുബാലസഖ്യം കുട്ടികൾക്കായി അതിരൂപതാതലത്തിൽ നടത്തപ്പെടുന്ന കലോത്സവത്തെക്കുറിച്ച് ഡിസംബർ മാസത്തെ ഗിരിദീപത്തിൽ കൊടുത്തിരുന്നു. അതനുസരിച്ച് മേഖലകളിൽ മത്സരം നടത്തി ജനുവരി 20 ന് ടെലഗ്രാമിലൂടെ ഒരുമിച്ച് ഒരേ നമ്പറിൽ നിന്ന് ഒന്നാംസ്ഥാനം കിട്ടുന്ന വീഡിയോകൾ അയയ്ക്കാൻ ശ്രദ്ധിക്കുമല്ലോ. എന്തെങ്കിലും സംശയം ഉള്ളവർ അതിരൂപതാ ഓഫീസുമായി ബന്ധപ്പെടുമല്ലോ.

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് വടക്കേപ്പറമ്പിൽ**
ഡയറക്ടർ

# യുവജനശുശ്രൂഷ

ഈശോയിൽ പ്രിയപ്പെട്ട വികാരിയച്ചാ, ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ്

പുതുവർഷത്തിലേക്ക് നാം പ്രവേശിക്കുകയാണല്ലോ. 2021 നമ്മെ കടന്നുപോകുമ്പോൾ ദൈവം നൽകിയ എല്ലാ അനുഗ്രഹങ്ങൾക്കും നമുക്ക് നന്ദി പറയാം. ഓരോ നിമിഷവും വിലപ്പെട്ടതായി കരുതി നമ്മുടെയും മറ്റുള്ളവരുടെയും നൻമക്കുതകുന്നവിധം വിനിയോഗിക്കുവാൻ പുതുവർഷത്തിൽ നമുക്ക് പരിശ്രമിക്കാം. കുറവുകളെ നിറവുകളാക്കാൻ കഴിയുന്ന കർത്താവിന്റെ കരങ്ങളിൽ നമുക്ക് ആശ്രയിക്കാം. നമ്മുടെ പരിശ്രമങ്ങളെയും സ്വപ്നങ്ങളെയും ദൈവം ഫലമണിയിക്കട്ടെ.

## ബോൺ നത്താലെ 2k21

### മെഗാ ക്രിസ്തുമസ് കരോൾ യാത്ര

സ്നേഹം മനുഷ്യനായ് മന്നിലിറങ്ങിയ ദൈവകുമാരന്റെ രക്ഷാസന്ദേശം അനുഭവിച്ചും പങ്കുവച്ചും കെസിവൈഎം തലശ്ശേരി മെഗാ ക്രിസ്തുമസ് സന്ദേശ യാത്ര നടത്തി. ഇരിട്ടി ടൗണിൽ 300 ഓളം പാപ്പാമാരും എണ്ണൂറിലധികം യുവജനങ്ങളും അണിനിരന്നത് മലബാറിന്റെ ചരിത്രമുഹൂർത്തമായി. നെല്ലിക്കാംപൊയിൽ ഫൊറോനയുടെ നേതൃത്വത്തിൽ പേരാവൂർ, എടൂർ, കുന്നോത്ത് ഫൊറോനകളുടെ സഹകരണത്തോടെയാണ് അതിരൂപതാ കെസിവൈഎം മെഗാ പാപ്പാ സംഗമം നടത്തിയത്. അതിരൂപതാ സഹായ മെത്രാൻ മാർ ജോസഫ് പാംപ്ലാനി, അഡ്വ. സണ്ണി ജോസഫ്, അഡ്വ. സജീവ് ജോസഫ്, ചെയർ പേഴ്സൺ ശ്രീമതി ശ്രീലത തുടങ്ങിയവർ ക്രിസ്തുമസ് സന്ദേശം നൽകി. ബോൺ നത്താലേ സന്ദേശയാത്രയ്ക്ക് നേതൃത്വം കൊടുത്ത ഫൊറോന ഡയറക്ടർമാരായ ഫാ. സന്തോഷ് നെടുങ്ങാട്ട്, ഫാ. അലക്സ് നിരപ്പേൽ, ഫാ. ജോബിൻ വലിയപറമ്പിൽ, ഫാ. ജിന്റോ പന്തലാനിക്കൽ എന്നിവർക്കും, പ്രസിഡന്റുമാരായ മെൽബിൻ വട്ടത്തറ, അഖിൽ അയിലൂക്കുന്നേൽ, ആൻഡേഴ്സൻ മേച്ചേരിക്കുന്നേൽ എന്നിവർക്കും സഹകരിച്ച എല്ലാ വൈദീകർക്കും, സിസ്റ്റേഴ്സിനും, ആനിമേറ്റേഴ്സിനും യുവജന സുഹൃത്തുക്കൾക്കും നന്ദി.

## GLORIA 2k21

അഗതി മന്ദിരങ്ങളിലെ പ്രിയപ്പെട്ടവർക്കൊപ്പം കെസിവൈഎം ബോൺ നത്താലെ ടീം കരോൾ യാത്ര നടത്തി. കേക്കുകൾ നൽകിയും

കരോൾഗാനം ആലപിച്ചും കരോൾ സംഘം കണ്ണൂർ, കാസറഗോഡ് ജില്ലകളിലെ അഗതിമന്ദിരങ്ങളിലൂടെ യാത്രയായി. അതിരൂപതാ ഡയറക്ടർ, പ്രസിഡന്റ്, രൂപതാ ഭാരവാഹികൾ, ഫൊറോന ഡയറക്ടർമാർ, പ്രസിഡന്റുമാർ, മറ്റ് ഭാരവാഹികൾ, യുവജനങ്ങൾ എന്നിവർ പങ്കെടുത്തു. സഹകരിച്ച എല്ലാവർക്കും നന്ദി.

## കർഷക വിജയാത്ര

കർഷക നിയമ ബില്ല് പിൻവലിച്ചതിൽ സന്തോഷം പ്രകടിപ്പിച്ചുകൊണ്ട് പയ്യാവൂർ ടൗണിൽ അതിരൂപതാ ഡയറക്ടർ ജിൻസച്ചൻ, പ്രസിഡന്റ് ജോയൽ ജോസഫ്, അതിരൂപതാ ഭാരവാഹികൾ, പൈസക്കരി ഫൊറോന പ്രസിഡന്റ് ജിതിൻ, മറ്റ് ഭാരവാഹികൾ യുവജനങ്ങൾ എന്നിവർ ചേർന്ന് സമരത്തിലായിരുന്നവർക്ക് അഭിവാദ്യങ്ങൾ അറിയിച്ച് സന്തോഷ പ്രകടനം നടത്തി.

## VISITA - 21 (വെള്ളരിക്കുണ്ട് ഫൊറോന)

അതിരൂപതാ സമിതിയുടെ നേതൃത്വത്തിൽ എല്ലാ ഫൊറോനകളിലുമായി നടത്തപ്പെടുന്ന സന്ദർശനം വിസിറ്റ -21 വെള്ളരിക്കുണ്ട് ഫൊറോനയിൽ ബളാൽ പള്ളിയിൽ വച്ച് നടന്നു. സന്ദർശനത്തിൽ അതിരൂപതാ പ്രസിഡന്റ് ജോയൽ ജോസഫ്, ഡയറക്ടർ ഫാ. ജിൻസ് വാളിപ്ലാക്കൽ, രൂപതാ ഭാരവാഹികൾ എന്നിവർ പങ്കെടുത്തു. ഫൊറോന ഡയറക്ടർ ഫാ. വിപിൻ ആനചാരിയിൽ, പ്രസിഡന്റ് അമൽ, ആനിമേറ്റർ സി.നാൻസി എസ് എച്ച്, അൽമായ ആനിമേറ്റർ സന്തോഷ് വട്ടപറമ്പിൽ, ഫൊറോന ഭാരവാഹികൾ എന്നിവർ സന്ദർശനത്തിന് നേതൃത്വം നൽകി.

## VISITA - 21 (തോമാപുരം ഫൊറോന)

തോമാപുരം പള്ളിയിൽ വച്ച് നടന്ന ഫൊറോന സന്ദർശനത്തിൽ അതിരൂപതാ പ്രസിഡന്റ് ജോയൽ തൊട്ടിയിൽ, ഡയറക്ടർ ഫാ. ജിൻസ് വാളിപ്ലാക്കൽ, രൂപതാ ഭാരവാഹികൾ എന്നിവർ പങ്കെടുത്തു. ഫൊറോന ഡയറക്ടർ കുന്നേൽ മത്തായിയച്ചൻ, പ്രസിഡന്റ് സോജോ ചക്കാലക്കൽ, ആനിമേറ്റർ സി. ബീന എസ് എ ബി, അൽമായ ആനിമേറ്റർ ബെന്നി സാർ, ഫൊറോന ഭാരവാഹികൾ എന്നിവർ സന്ദർശനത്തിന് നേതൃത്വം നൽകി.

## VISITA - 21 (ചെറുപുഴ ഫൊറോന)

ചെറുപുഴയിൽ വച്ച് നടന്ന ഫൊറോന സന്ദർശനത്തിൽ അതിരൂപതാ പ്രസിഡന്റ് ജോയൽ തൊട്ടിയിൽ, ഡയറക്ടർ ഫാ. ജിൻസ് വാളിപ്ലാക്കൽ, രൂപതാ ഭാരവാഹികൾ എന്നിവർ പങ്കെടുത്തു. ഫൊറോന ഡയറക്ടർ ഫാ. വർഗ്ഗീസ് വെട്ടിയാനിക്കൽ, പ്രസിഡന്റ് നിധിൻ, ആനിമേറ്റർ സി. റിജിൻ

മേരി എസ്എംഎസ്, ഫൊറോന ഭാരവാഹികൾ എന്നിവർ സന്ദർശനത്തിന് നേതൃത്വം നൽകി.

**VISITA - 21 ( കാഞ്ഞങ്ങാട് ഫൊറോന)**

കാഞ്ഞങ്ങാട് യൂണിറ്റിൽ വച്ച് നടന്ന ഫൊറോന സന്ദർശനത്തിൽ അതിരൂപതാ പ്രസിഡന്റ്ജോയൽ തൊട്ടിയിൽ, ഡയറക്ടർ ഫാ. ജിൻസ് വാളിപ്ലാക്കൽ, രൂപതാ ഭാരവാഹികൾ എന്നിവർ പങ്കെടുത്തു. ഫൊറോന ഡയറക്ടർ ഫാ. ജോമിഷ് നൂറമ്മാക്കൽ, ഫൊറോന വികാരി റവ. ഫാ. മാത്യു ഇളംതുരുത്തിപടവിൽ, പ്രസിഡന്റ് അൻസൽ പുളിക്കൽ, ആനിമേറ്റർ സി. ഷോളി, മറ്റ് ഫൊാറോന ഭാരവാഹികൾ ചേർന്ന് സന്ദർശനത്തിന് നേതൃത്വം നൽകി.

**VISITA - 21 ( പനത്തടി ഫൊറോന)**

മാനടുക്കം പള്ളിയിൽ ക്രമീകരിച്ച ഫൊറോന സന്ദർശനത്തിൽ അതിരൂപതാ ഡയറക്ടർ ഫാ. ജിൻസ് വാളിപ്ലാക്കൽ, പ്രസിഡന്റ് ജോയൽ തൊട്ടിയിൽ, രൂപതാ ഭാരവാഹികൾ എന്നിവർ പങ്കെടുത്തു. ഫൊറോന ഡയറക്ടർ ഫാ. ജോബിൻ കൊട്ടാരത്തിൽ, പ്രസിഡന്റ് ഡിമിൽ, ആനിമേറ്റർ സി. ടെസിൻ ജോർജ്ജ് സിഎംസി, പിയൂസ് സാർ, അൽമായ ആനിമേറ്റർ മറ്റ് ഫൊറോന ഭാരവാഹികൾ ചേർന്ന് സന്ദർശനത്തിന് നേതൃത്വം നൽകി.

**VISITA - 21 (മേരിഗിരി ഫൊറോന) വെള്ളരിയാനം**

യൂണിറ്റിൽ വച്ച് നടന്ന ഫൊറോന സന്ദർശനത്തിൽ അതിരൂപതാ പ്രസിഡന്റ് ശ്രീ. ജോയൽ തൊട്ടിയിൽ, ഡയറക്ടർ ഫാ. ജിൻസ് വാളിപ്ലാക്കൽ, രൂപതാ ഭാരവാഹികൾ എന്നിവർ പങ്കെടുത്തു. ഫൊറോന ഡയറക്ടർ ഫാ. ഷെറിൻ പ്രവർത്തുംമലയിൽ, പ്രസിഡന്റ് ജിബിൻ, ആനിമേറ്റേഴ്സ് സി. ഹെലൻ എഫ്സിസി, സജീഷ് സർ, ഫൊറോന ഭാരവാഹികൾ എന്നിവർ സന്ദർശനത്തിന് നേതൃത്വം നൽകി.

**VISITA - 21 ( ചെമ്പന്തൊട്ടി ഫൊറോന)**

**ചെമ്പന്തൊട്ടി** യൂണിറ്റിൽ വച്ച് നടന്ന സന്ദർശനത്തിന് ഫൊറോന ഡയറക്ടർ ഫാ. പോൾ എടത്തിനകത്ത്, പ്രസിഡന്റ് ജിന്റു കടുപ്പിൽ, ആനിമേറ്റേഴ്സ് മേരിക്കുട്ടി, ഷൈജു കൊന്നക്കൽ, ഫൊറോന ഭാരവാഹികൾ എന്നിവർ സന്ദർശനത്തിന് നേതൃത്വം നൽകി. അതിരൂപതാ പ്രസിഡന്റ് ശ്രീ. ജോയൽ തൊട്ടിയിൽ, ഡയറക്ടർ ഫാ. ജിൻസ് വാളിപ്ലാക്കൽ, രൂപതാ ഭാരവാഹികൾ എന്നിവർ പങ്കെടുത്തു.

**VISITA - 21 ( തളിപ്പറമ്പ് ഫൊറോന)**

**മേലെ ചൊവ്വ** യൂണിറ്റിൽ വച്ച് നടന്ന ഫൊറോന സന്ദർശനത്തിൽ

അതിരൂപതാ പ്രസിഡന്റ് ശ്രീ. ജോയൽ തൊട്ടിയിൽ, ഡയറക്ടർ ഫാ. ജിൻസ് വാളിപ്ലാക്കൽ, മറ്റ് രൂപതാ ഭാരവാഹികൾ എന്നിവർ പങ്കെടുത്തു. ഫൊറോന ഡയറക്ടർ ഫാ. വിപിൻ വലിയനിരപ്പേൽ, പ്രസിഡന്റ് ആദർശ്, ആനിമേറ്റേഴ്സ് സി. റ്റിസി എസ്എച്ച്, ബിജു സർ, ഫൊറോന ഭാരവാഹികൾ എന്നിവർ സന്ദർശനത്തിന് നേതൃത്വം നൽകി.

## VISITA - 21 ( പേരാവൂർ ഫൊറോന)

**പേരാവൂർ** യൂണിറ്റിൽ വച്ച് നടന്ന ഫൊറോന സന്ദർശനത്തിൽ അതിരൂപതാ പ്രസിഡന്റ് ശ്രീ. ജോയൽ തൊട്ടിയിൽ, ഡയറക്ടർ ഫാ. ജിൻസ് വാളിപ്ലാക്കൽ, മറ്റ് രൂപതാ ഭാരവാഹികൾ എന്നിവർ പങ്കെടുത്തു. ഫൊറോന ഡയറക്ടർ ഫാ. സന്തോഷ് നെടുങ്ങാട്ട്, പ്രസിഡന്റ് അഖിൽ, ആനിമേറ്റർ റിഗോ സർ, ഫൊറോന ഭാരവാഹികൾ എന്നിവർ സന്ദർശനത്തിന് നേതൃത്വം നൽകി.

## VISITA - 21 (എടൂർ ഫൊറോന)

**കരിക്കോട്ടക്കരി യൂണിറ്റിൽ വച്ച് നടന്ന** ഫൊറോന സന്ദർശനത്തിന് ഫൊറോന ഡയറക്ടർ ഫാ. സന്തോഷ് നെടുങ്ങാട്ട്, പ്രസിഡന്റ് റോണിറ്റ്, ആനിമേറ്റർ സി. ജയ റോസ് സിഎംസി, ഫൊറോന ഭാരവാഹികൾ എന്നിവർ സന്ദർശനത്തിന് നേതൃത്വം നൽകി. അതിരൂപതാ പ്രസിഡന്റ് ശ്രീ. ജോയൽ തൊട്ടിയിൽ, ഡയറക്ടർ ഫാ. ജിൻസ് വാളിപ്ലാക്കൽ, മറ്റ് രൂപതാ ഭാരവാഹികൾ എന്നിവർ പങ്കെടുത്തു.

## VISITA - 21 (കുന്നോത്ത് ഫൊറോന)

കുന്നോത്ത് യൂണിറ്റിൽ വച്ച് നടന്ന ഫൊറോന സന്ദർശനത്തിൽ ഡയറക്ടർ ഫാ. ജിൻസ് വാളിപ്ലാക്കൽ, അതിരൂപതാ പ്രസിഡന്റ് ശ്രീ. ജോയൽ തൊട്ടിയിൽ, മറ്റ് രൂപതാ ഭാരവാഹികൾ എന്നിവർ പങ്കെടുത്തു. ഫൊറോന ഡയറക്ടർ ഫാ. ജിന്റോ പന്തലാനിക്കൽ, പ്രസിഡന്റ് ആൻഡേവിസൺ, ആനിമേറ്റർ ജോസി സർ, ഫൊറോന ഭാരവാഹികൾ എന്നിവർ സന്ദർശനത്തിന് നേതൃത്വം നൽകി.

## അഭിനന്ദനങ്ങൾ

കെസിവൈഎം, എസ്എംവൈഎം സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ സംസ്ഥാനത്തെ 32 രൂപതകളിലെ യുവജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് വി. തോമസ് മൂർ ദിനാചരണത്തിൽ നടത്തിയ പ്രസംഗമത്സരത്തിൽ കെസിവൈഎം തലശ്ശേരി അതിരൂപത വൈസ് പ്രസിഡന്റ് സരിഗ ചാക്കോ കൊന്നക്കലിന് ഒന്നാം സ്ഥാനം ലഭിച്ചു. സരികക്ക് അതിരൂപത യുവജന കുടുംബത്തിന്റെ അഭിനന്ദനങ്ങൾ...

**ORANGE**

സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ ഇല്ലാതാക്കുന്നതിനുള്ള അന്താരാഷ്ട്ര ദിനം ഓറഞ്ച് എന്ന പേരിൽ ചെമ്പന്തൊട്ടി ഫൊറോനയുടെ നേതൃത്വത്തിൽ, എല്ലാ ഫൊറോനകളിലെയും യുവജനങ്ങളെയും വനിതാവിങ്ങുകളെയും ഉൾപ്പെടുത്തികൊണ്ട് ആചരിച്ചു.

**SYNANTO 21**

യൂണിറ്റുകളെ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ തളിപ്പറമ്പ് ഫൊറോനയുടെ നേതൃത്വത്തിൽ യൂണിറ്റ് സന്ദർശനം ആരംഭിച്ചു. പയ്യന്നൂർ യൂണിറ്റിൽ വെച്ച് സന്ദർശനം ഉദ്ഘാടനം നടത്തപ്പെട്ടു.

**നൈറ്റ് വിജിൽ**

യുവജനങ്ങളുടെ ആത്മീയ ഉണർവ്വിനായി നൈറ്റ് വിജിൽ ആലക്കോട് ഫൊറോനയിൽ കാപ്പിമല യൂണിറ്റിൽ നടത്തപ്പെട്ടു. ഇരുന്നൂറോളം യുവജനങ്ങളുടെ സാന്നിധ്യം ഈ ദിനത്തെ അനുഗ്രഹീതമാക്കി.

**ഫാ. തോമസ് വാളിപ്ലാക്കൽ**
ഡയറക്ടർ

# കുടുംബ പ്രേഷിതത്വം

## I) 1. മാര്യേജ് പ്രിപ്പറേഷൻ കോഴ്സ് (എം.പി.സി)

894 എം.പി.സി ഓൺലൈൻ കോഴ്സ് ഡിസംബർ 17 - 18 തീയ്യതികളിൽ തലശ്ശേരി സന്ദേശഭവനിൽ വച്ച് നടക്കുകയുണ്ടായി. കോഴ്സിൽ 292 ഓളം പേർ സംബന്ധിച്ച് വിവാഹത്തിനായി ഒരുങ്ങി. അഭിവന്ദ്യപിതാക്കന്മാർ അവർക്കായി സന്ദേശം നൽകി സംസാരിച്ചു. അവസാനദിവസം മാതാപിതാക്കൾക്കായുള്ള ക്ലാസും നടന്നു.

## 2. Online MPC Live Classes

**MPC 2022**

| | |
|---|---|
| January | 14 - 15 (Friday, Saturday) |
| February | 18 - 19 (Friday, Saturday) |
| March | 18 - 19 (Friday, Saturday) |
| April | 22 - 23 (Friday, Saturday) |
| May | 20 - 21 (Friday, Saturday) |

1. **Time Schedule :**
   **എം.പി.സി ഓൺലൈൻ ഒന്നാം ദിവസം : 08.00 am – 07.30 pm**
   **രണ്ടാം ദിവസം : 08.00 am – 06.00 pm**
2. ഓൺലൈൻ എം.പി.സി രജിസ്ട്രേഷൻ നടത്തുന്നതിനായി www.familytly.com എന്ന വെബ്സൈറ്റ് തുറന്ന് Date തിരഞ്ഞെടുത്ത് അപേക്ഷാഫോം പൂരിപ്പിച്ച് സബ്മിറ്റ് ചെയ്യുക.
3. വികാരിയച്ചന്മാരുടെ കത്ത്, രജിസ്ട്രേഷൻ ഫീസ് റസിപ്റ്റ്, പാസ്പോർട്ട് സൈസ് ഫോട്ടോ, എന്നിവ അപേക്ഷാഫോമിനോടൊപ്പം അപ്ലോഡ് ചെയ്യേണ്ടതാണ്.
4. രജിസ്ട്രേഷൻ ഫീസ് Rs/600 അടക്കാനുള്ള Bank Details
   A/c No : 0078053000073775,
   Name : Director, Family Apostolate,
   IFSC Code : SIBL0000078,
   South Indian Bank, Thalassery Branch

5. ഓൺലൈൻ രജിസ്ട്രേഷൻ നടത്തിയവർ കാൻസലേഷൻ നടത്തുവാനോ, കോഴ്സ് ഡേറ്റിൽ മാറ്റം വരുത്തുവാനോ ആഗ്രഹിക്കുവെങ്കിൽ കോഴ്സ് ആരംഭിക്കുന്നതിനു മൂന്ന് ദിവസം മുമ്പെങ്കിലും ഓഫീസിൽ വിളിച്ചറിയിക്കേണ്ടതാണ്. Ph: 0490 2966974, 9400206974

6. സർട്ടിഫിക്കറ്റുകൾ ഓൺലൈൻ ആയി അയച്ചുകൊടുക്കുന്നതാണ്. ആവശ്യമുള്ളവർക്ക് ഓഫീസിൽ നേരിട്ട് വന്ന് സർട്ടിഫിക്കറ്റ് വാങ്ങാവുന്നതാണ്.

7. ഇടവകാ ഗ്രൂപ്പുകളിൽ ഓൺലൈൻ എം.പി.സി രജിസ്ട്രേഷന്റെ വെബ്സൈറ്റും ഡേറ്റുകളും പ്രസിദ്ധീകരിക്കാൻ വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

8. **ഓൺലൈൻ കോഴ്സുകൾ ആരംഭിക്കുന്നതിന് രണ്ട് ദിവസം മുമ്പ് രജിസ്ട്രേഷൻ ക്ലോസ് ആകുന്നതാണ്.**

## II. അനുഗ്രഹ മാര്യേജ് ബ്യൂറോ :- www.anugrahamarry.com

സീറോമലബാർ സഭയുടെ എല്ലാ രൂപതകളുടെയും മാര്യേജ് ബ്യൂറോകളുടെ ലിങ്ക് ലഭിക്കുന്നു. പണമടച്ച് രജിസ്റ്റർ ചെയ്യുന്നവരുടെ പേരും, ഫോട്ടോയും ദീപിക പത്രത്തിൽ സൗജന്യമായി പരസ്യം നൽകുന്നു.

**Packages :**
**Free - 15 Days**
**Till You Marry - 9999 (1 Year)**
**Diamond Package - 4999 (1 Year)**
**Golden Package - 3999 (1 Year)**
**Silver Package - 2999 (6 monts)**

## III. മാതൃവേദി

1. **തൂവാനീസ നിയോഗം –** ഈ മാസത്തെ തൂവാനീസ നിയോഗത്തിൽ ജപമാലയിൽ നമുക്ക് നവവൈദികർക്കുവേണ്ടി പ്രാർത്ഥിക്കാം.
2. **യൂണിറ്റ്തല പ്രവർത്തനം –** ഈ മാസത്തെ യൂണിറ്റുതല പ്രവർത്തനം – ദത്ത് ഭവന സന്ദർശനം നടത്തുക
3. **മാതൃവേദി പ്രവർത്തന പദ്ധതി – ജനുവരി 2022**

ജനുവരി 1 – വർഷാരംഭം, കർത്താവിന്റെ നാമകരണത്തിരുനാൾ
2 – ബിബ്ലിയ ഫമീലിയ – എക്സ്ട്രാ എക്സാം 1
6 – ദനഹാത്തിരുനാൾ
9 – ബിബ്ലിയ ഫമീലിയ – എക്സ്ട്രാ എക്സാം 2
14 – 15 – എം.പി.സി

20 – വി.സെബസ്ത്യാനോസ്

26 – ബിബ്ലിയ ഫമീലിയ – ഫൊറോനാതല എഴുത്ത് പരീക്ഷ

റിപ്പബ്ലിക്ക് ഡേ

## 4. അതിരൂപതാ മാതൃവേദി ജനറൽബോഡി മീറ്റിംഗ്

തലശ്ശേരി അതിരൂപതാ മാതൃവേദിയുടെ ജനറൽബോഡി മീറ്റിംഗ് ഡിസംബർ 11 ന് രാവിലെ 10 മണിക്ക് തളിപ്പറമ്പി സെന്റ് മേരീസ് പള്ളി ഓഡിറ്റോറിയത്തിൽ വച്ച് നടന്നു. എല്ലാ യൂണിറ്റിൽ നിന്നും പ്രതിനിധികൾ പങ്കെടുത്തു. ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ സ്വാഗതമാശംസിച്ച ചടങ്ങിൽ അതിരൂപതാ പ്രസിഡണ്ട് ശ്രീമതി തങ്കമ്മ കൊച്ചുവേലിക്കകത്ത് അദ്ധ്യക്ഷത വഹിച്ചു. ചടങ്ങിൽ അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. അതിരൂപതാ ട്രഷറർ ശ്രീമതി ഷീബ തെക്കേടത്ത് പിതാവിന് ജൂബിലി ആശംസകളർപ്പിച്ച് സംസാരിച്ചു. തുടർന്ന് അതിരൂപതാ സെക്രട്ടറി ശ്രീമതി സിസിലി പുഷ്പക്കുന്നേൽ പിതാവിന് 1 ലക്ഷം രൂപയുടെ ചെക്ക് കൈമാറിക്കൊണ്ട് അമ്മവീട് എന്ന ഭവനപദ്ധതിക്ക് ആരംഭം കുറിച്ചു. ശേഷം തളിപ്പറമ്പ് ഫൊറോന വികാരി റവ. ഫാ. അബ്രാഹം പോണാട്ട് മത്സര വിജയികൾക്ക് സമ്മാനം നൽകുകയും ചെയ്തു. ശേഷം ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ ചർച്ചയും വിശകലനവും നടന്നു. അതിരൂപതാ ആനിമേറ്റർ സി.പൗളിൻ സി.എച്ച്.എഫ് ഏവർക്കും നന്ദിയർപ്പിച്ചതോടെ മീറ്റിംഗ് സമാപിച്ചു. മീറ്റിംഗിൽ ആകെ 230 ഓളം ഭാരവാഹികൾ പങ്കെടുത്തു. പങ്കെടുത്ത ഏവർക്കും പ്രത്യേകം നന്ദി.

## 5. അതിരൂപതാ എക്സിക്യൂട്ടീവ് മീറ്റിംഗ്

ഡിസംബർ 9-ാം തീയ്യതി അതിരൂപതാ എക്സിക്യൂട്ടീവ് മീറ്റിംഗ് അതിരൂപതാ ഡയറക്ടർ ഫാ,സെബാസ്റ്റ്യൻ ഇട്ടിയപ്പാറയുടെ നേതൃത്വത്തിൽ ഓൺലൈനായി നടന്നു.

## 6. അറിയിപ്പുകൾ

### 1. ബിബ്ലിയ ഫമീലിയ

• എല്ലാവർക്കും 12 പരീക്ഷകൾ പൂർത്തിയാക്കാനുള്ള അവസരമാണ് ജനുവരി മാസത്തിൽ നടത്തുന്ന 2 എക്സ്ട്രാ ഗൂഗിൾ ഫോം പരീക്ഷകൾ. ജനുവരി 2 ന് 1 – 5 വരെയുള്ള എപ്പിസോഡുകളിൽ നിന്നും ജനുവരി 9 ന് 6 –10 വരെയുള്ള എപ്പിസോഡുകളിൽ നിന്നുമുള്ള ചോദ്യങ്ങളായിരിക്കും.

• 12 പരീക്ഷകൾ പൂർത്തിയാക്കിയ 60 ശതമാനം മുതൽ മാർക്ക് ലഭിച്ചവർക്ക് ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സർട്ടിഫിക്കറ്റിന് അർഹതയുണ്ട്. ആവശ്യമുള്ളവർ രജിസ്ട്രേഷൻ നടത്തുക. ഇടവക മാതൃവേദി പ്രസിഡണ്ടുമാരുടെ പക്കൽ ജനുവരി 25 നു മുമ്പായി 100 രൂപ നൽകി രജിസ്ട്രേഷൻ നടത്തണം.

• ബിബ്ലിയ ഫമീലിയ ഫൈനൽ ക്വിസ്സ് മെഗാ ഈവന്റ് നടക്കുന്ന ദിവസം സർട്ടിഫിക്കറ്റ് വിതരണം ചെയ്യുന്നതാണ്. അതിൽ പങ്കെടുക്കുന്ന വർക്ക് ഉച്ചഭക്ഷണം നൽകാൻ കൂടിയാണ് ഈ രജിസ്ട്രേഷൻ ഫീസ് നൽകേണ്ടത്. ഫീസ് നൽകാത്തവർക്കും രജിസ്റ്റർ ചെയ്താൽ സർട്ടിഫിക്കറ്റ് തയ്യാറാക്കുന്നതാണ്.

## ബിബ്ലിയ ഫമീലിയ രണ്ടാം റൗണ്ട് എഴുത്തു പരീക്ഷ

• രണ്ടാം റൗണ്ട് എഴുത്തുപരീക്ഷകൾ ഫൊറോനാ കേന്ദ്രങ്ങളിൽ വച്ച് ജനുവരി 26 ന് നടത്തുന്നതാണ്. എഴുത്ത് പരീക്ഷകൾക്ക് 90 ശതമാനം മുതൽ മാർക്ക് ലഭിച്ചവർക്കാണ് പങ്കെടുക്കാൻ അർഹതയുള്ളത്. അപ്രകാരം മാർക്ക് ലഭിച്ചവരുടെ ലിസ്റ്റ് ജനുവരി 18 നുള്ളിൽ പ്രസിദ്ധീകരിക്കുന്നതാണ്. ഒരു ടീമിൽ ഒരേ കുടുംബത്തിൽ നിന്നുള്ള 2 പേർ പങ്കെടുക്കേണ്ടതാണ്. ഒരേ കുടുംബത്തിൽ നിന്നുള്ളവരാണെന്ന് വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയ എഴുത്തുമായാണ് പരീക്ഷയ്ക്ക് എത്തേണ്ടത്. രാവിലെ 9.30 ന് പരീക്ഷാ കേന്ദ്രങ്ങളിൽ എത്തുക. 10 മണിക്ക് പരീക്ഷ ആരംഭിക്കും. പാരഗ്രാഫ് ചോദ്യങ്ങളും എഴുത്ത് പരീക്ഷയ്ക്ക് ഉണ്ടായിരിക്കുന്നതാണ്.

• മാതൃവേദി മേഖല ഡയറക്ടർ, മേഖലാ ആനിമേറ്റർ എന്നിവരുടെ നേതൃത്വത്തിൽ ഫൊറോനാതല എഴുത്തുപരീക്ഷകൾ ക്രമീകരിക്കേണ്ടതാണ്. ചോദ്യപേപ്പറും സീൽചെയ്ത ഉത്തരക്കടലാസുകളും തലേദിവസം മേഖലാ കേന്ദ്രത്തിൽ എത്തിക്കുന്നതാണ്.

## ബിബ്ലിയ ഫമീലിയ - മെഗാക്വിസ്സ് ഈവന്റ്

അവസാന റൗണ്ട് മത്സരം ലൈവ് ക്വിസ്സ് പ്രോഗ്രാമായി തലശ്ശേരിയിൽ വച്ച് നടക്കുന്നതാണ്. തീയ്യതി പിന്നീട് അറിയിക്കും. 2 പേർ അടങ്ങിയ 6 ടീമുകളായിരിക്കും അവസാന റൗണ്ടിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നത്. എഴുത്തുപരീക്ഷയിൽ ഒരേ മാർക്കുള്ള ആറുപേരിലധികം വന്നാൽ ഫൈനൽ റൗണ്ടിന് മുമ്പ് ഒരു സ്ക്രീനിങ്ങ് മത്സരം നടത്തുന്നതാണ്. ഫൈനൽ റൗണ്ടിൽ വരുന്നവർക്ക് ക്യാഷ് അവാർഡുകൾ നൽകപ്പെടുകയും ടി.വി ചാനലിലൂടെ പ്രക്ഷേപണം ചെയ്യുന്നതുമായിരിക്കും.

## 2. ഹരിതം - അടുക്കളത്തോട്ട മത്സരം

എല്ലാ മേഖലകളിലും ഏറ്റവും നല്ല ജൈവഅടുക്കളത്തോട്ടത്തിന് അതിരൂപതാതലത്തിൽ സമ്മാനം ഉണ്ടായിരിക്കുന്നതാണ്. അത് തെരഞ്ഞെടുത്ത് രൂപതാ ഓഫീസിൽ അറിയിക്കാനുള്ള അവസാന തീയ്യതി ഫെബ്രുവരി 25, 2021 വീടിനോടുചേർന്ന് ഭംഗിയായി കൂടുതൽ കൃഷികളുമായി ജൈവകൃഷി നടത്തുന്ന തോട്ടം മേഖലാ ടീം തെരഞ്ഞെടുക്കുക. ഇതിനുള്ള അറിയിപ്പ് മേഖലാതലത്തിൽ നൽകുക. ഏറ്റവും കൂടുതൽ ജൈവകൃഷി തോട്ടങ്ങൾ

നട്ടുപിടിപ്പിച്ച യൂണിറ്റിന് മേഖലയിൽ നിന്ന് പ്രോത്സാഹന സമ്മാനങ്ങൾ നൽകുക.

**3. ജ്വാല – 2022**

മാതൃവേദിയുടെ മേഖലാ സംഗമം സജീവമായി പ്രവർത്തിക്കുന്ന എല്ലാ യൂണിറ്റ് അംഗങ്ങളെയും പങ്കെടുക്കുക. മാർഗ്ഗരേഖയിൽ നൽകിയിട്ടുള്ള തീയ്യതികളിൽ എവിടെ വച്ചാണ് ജ്വാല സംഘടിപ്പിക്കുകയെന്ന് തീരുമാനിച്ച് ജനുവരി 15 നകം അതിരൂപതാ ഓഫീസിൽ അറിയിക്കുക.

4. മാതൃദീപ്തിയിയുടെ കോപ്പികൾ യൂണിറ്റ് ഡയറക്ടർമാർ, ആനിമേറ്റർമാർ എന്നിവർക്ക് നൽകുക. അംഗങ്ങൾക്ക് പരസ്പരം വായിക്കാനായി ഷെയർ ചെയ്യുക. ഇതിൽ കൊടുത്തിരിക്കുന്ന മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ മേഖലാ – യൂണിറ്റ് മാർഗ്ഗരേഖകൾ തയ്യാറാക്കുക.

5. യൂണിറ്റുകളിലും മേഖലകളിലും എക്സിക്യൂട്ടീവ്, ജനറൽ ബോഡി മീറ്റിംഗുകൾ കൃത്യമായി നടത്തുകയും പ്രവർത്തന പദ്ധതികൾ രൂപീകരിക്കുകയും ചെയ്യുക.

6. യൂണിറ്റ് അംഗങ്ങളുടെ ഓൺലൈൻ രജിസ്ട്രേഷൻ ജനുവരി 15 നുള്ളിൽ പൂർത്തിയാക്കണം. മേഖല – യൂണിറ്റ് അംഗത്വ രജിസ്റ്ററുകളുടെ അപ്ഡേഷനും നടത്തുക.

7. ഓൺലൈഫ് മീഡിയ യൂട്യൂബ് ചാനലിലേക്ക് പരിപാടികൾ തയ്യാറാക്കി നൽകുക.

8. മാതൃവേദി അതിരൂപതാ വിഹിതം ഓരോ യൂണിറ്റും നൽകേണ്ടത് കഴിഞ്ഞ വർഷത്തെ തുക തന്നെ ജനുവരി 30 നുള്ളിൽ മേഖലയിൽ ഏൽപ്പിക്കുകയോ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുകയോ ചെയ്യുക. ട്രാൻസ്ഫർ ചെയ്യുന്നവർ ഉടൻ തന്നെ ഓഫീസിൽ വിളിച്ചറിയിക്കുക.

**അയക്കേണ്ട അക്കൗണ്ട് ഡീറ്റെയിൽസ്**
**A/c No : 0078053000073775,**
**Name : Director, Family Apostolate,**
**IFSC Code : SIBL0000078,**
**South Indian Bank, Thalassery Branch**

**7. നന്ദി – അഭിനന്ദനങ്ങൾ**

മാതൃവേദിയുടെ ആദ്യത്തെ ഓൺലൈൻ വാർഷിക പരിപാടികൾ കലാസംഗമത്തോടെ നടത്തുവാൻ സഹകരിച്ച എല്ലാ അംഗങ്ങളെയും നന്ദിയോടെ അനുസ്മരിക്കുന്നു. വിവിധ കലാപരിപാടികൾ തയ്യാറാക്കി വാർഷിക സംഗമത്തെ മനോഹരമാക്കാൻ സഹകരിച്ച എല്ലാവർക്കും മേഖലാ – യൂണിറ്റ് ഭാരവാഹികൾക്കും അഭിനന്ദനങ്ങളും കൃതജ്ഞതയും അറിയിക്കുന്നു.

**അമ്മവീട്** എന്ന ജൂബിലി സ്മാരക ഭവന പദ്ധതിക്കുവേണ്ടി ആദ്യ ഗഡുവായി ഒരു ലക്ഷം രൂപയോളം ശേഖരിച്ച എല്ലാ അമ്മമാർക്കും നന്ദി അറിയിക്കുന്നു. ഈ പദ്ധതി പൂർത്തിയാക്കുവാൻ എല്ലാ യൂണിറ്റുകളും തുടർന്നും സഹകരിക്കുമല്ലോ.

## IV. അമല പ്രോലൈഫ്

- നഴ്സുമാരുടെ പ്രാർത്ഥനാ കൂട്ടായ്മയായ സെറാഫിനസിന്റെ ഫോളോ അപ്പ് നവംബറിലും, ഡിസംബർ ആദ്യവാരത്തിലും യോഗം ചേർന്നു പ്രാർത്ഥിക്കുകയും ഷെയറിംഗ് നടത്തുകയും ചെയ്യുകയുണ്ടായി.
- ഗർഭിണികളായ ദമ്പതികൾക്കുവേണ്ടിയുള്ള ജീവാഗ്നി പ്രാർത്ഥനാ കൂട്ടായ്മ ഗ്രൂപ്പ് എല്ലാ ആഴ്ചകളിലും ചേരുകയും പ്രാർത്ഥിക്കുകയും ചെയ്ത് വരുന്നു.
- വിധവകൾക്കുവേണ്ടിയുള്ള എഫ്രാത്ത ധ്യാനം നവംബറിൽ നടത്തപ്പെട്ടു.
- കുട്ടികളില്ലാത്ത ദമ്പതികൾക്കുവേണ്ടിയുള്ള 'ഹന്നാ'ധ്യാനം മൂന്ന് ദിവസങ്ങളിലായി ഡിസംബർ 16 മുതൽ 19 വരെ നടത്തപ്പെട്ടു.

## ജീവോത്സവം

21-12-2021-ന് ഈ വർഷത്തെ വലിയകുടുംബങ്ങളുടെ സംഗമം തളിപ്പറമ്പ് സെന്റ് മേരീസ് പള്ളി ഓഡിറ്റോറിയത്തിൽ വച്ച് സംഘടിപ്പിക്കപ്പെട്ടു. മാർ ജോർജ് ഞറളക്കാട്ട് സമ്മേളനം ഉദ്ഘാടനം ചെയ്ത് ഉപഹാരങ്ങൾ വിതരണം ചെയ്തു. അമലപ്രോലൈഫ് പ്രസിഡന്റ് ശ്രീ. സിജി പുതുപ്പറമ്പിൽ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ശ്രീ ടോമി ഓലിക്കൽ സ്വാഗതം ആശംസിച്ചു. ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ, സി. പൗളിൻ സിഎച്ച്എഫ്, സി. ജെസ്റ്റീന എംഎസ്എംഐ ശ്രീമതി ഷീബ തെക്കേടത്ത് എന്നിവർ പ്രസംഗിച്ചു. കരോൾ ബെൽസ് മത്സരത്തിൽ സമ്മാനങ്ങൾ വിതരണം ചെയ്തു. നാലാമത്തെ കുട്ടി ജനിക്കുമ്പോൾ നല്കുന്ന ബേബികിറ്റ് 'ജീവോപഹാരം' ശ്രീ. ബിജു പെരുമാട്ടിക്കുന്നേൽ സ്പോൺസർ ചെയ്തു. ശ്രീ. ലോറൻസ് കടിക്കാട്ട്, ശ്രീമതി റൈനി കടവൻകുന്നേൽ, ശ്രീമതി സാലി തങ്കച്ചൻ എന്നിവർ പരിപാടികൾക്ക് നേതൃത്വം നല്കി.

സ്നേഹപൂർവ്വം,

**ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ**
ഡയറക്ടർ

# വിമൽജ്യോതി വാർത്തകൾ

ചെമ്പേരി വിമൽ ജ്യോതിയിൽ നിന്നും ഏവർക്കും ക്രിസ്തുമസിന്റെയും പുതുവത്സരത്തിന്റെയും മംഗളങ്ങൾ...

വിമൽ ജ്യോതിയിൽ ഈ വർഷത്തെ (2021-22) B.Tech, M.Tech, MBA അഡ്മിഷൻ പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലായിരിക്കുകയാണ്. ഈ വർഷം മുൻവർഷങ്ങളെ അപേക്ഷിച്ച് കൂടുതൽ വിദ്യാർത്ഥികൾ നമ്മുടെ സ്ഥാപനങ്ങളെ തിരഞ്ഞെടുത്തിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾക്ക് പിന്നിൽ സഹകരിച്ച എല്ലാവരെയും ഏറെ സ്നേഹത്തോടെ നന്ദിയോടെ അനുസ്മരിക്കുന്നു. എല്ലാ ബഹുമാനപ്പെട്ട വികാരിയച്ചന്മാരെയും മതാദ്ധ്യാപകരെയും മറ്റ് അഭ്യുദയകാംക്ഷികളെയും പ്രത്യേകിച്ച് വിമൽ ജ്യോതി ഇൻസ്റ്റിറ്റ്യൂഷൻ സ്റ്റാഫ് അംഗങ്ങളെയും. ഈ ദിവസങ്ങളിൽ അഡ്മിഷൻ സംബന്ധമായ എന്തെങ്കിലും ആവശ്യങ്ങളുണ്ടെങ്കിൽ കോളേജുമായി ബന്ധപ്പെടേണ്ടതാണ്. അടുത്ത അദ്ധ്യയന വർഷത്തേക്കുള്ള അഡ്മിഷനുകളുടെ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു.

## പ്ലേസ്മെന്റ് വാർത്തകൾ

- പ്രമുഖ ചെന്നൈ ബേസ്ഡ് കമ്പനിയായ REVATURE നടത്തിയ കാമ്പസ് റിക്രൂട്ട്മെന്റിലൂടെ 2 അവസാനവർഷ വിദ്യാർത്ഥികൾ ഫൈനൽ റൗണ്ടിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. പ്രതിവർഷം 4 ലക്ഷം രൂപ മുതൽ 6 ലക്ഷം രൂപ വരെ ശമ്പളം വാഗ്ദാനം ചെയ്യുന്നു.
- മൾട്ടിനാഷണൽ കമ്പനിയായ VIRTUSA ഡിസംബർ ആദ്യവാരം സംഘടിപ്പിച്ച പൂൾ കാമ്പസ് റിക്രൂട്ട്മെന്റിൽ വിമൽ ജ്യോതിയിൽ നിന്നും 80-ലധികം കുട്ടികൾ പങ്കെടുത്തു. ജനുവരി ആദ്യവാരത്തോടെ തിരഞ്ഞെടുക്കപ്പെട്ട കുട്ടികളുടെ ലിസ്റ്റ് ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.
- പ്രശസ്ത ഇന്ത്യൻ ബഹുരാഷ്ട്ര കമ്പനിയായ INFOSYS ജനുവരി മാസത്തിൽ കാമ്പസ് റിക്രൂട്ട്മെന്റ് സംഘടിപ്പിക്കുന്നു. സ്പെഷ്യലിസ്റ്റ് പ്രോഗ്രാമർ, ഡിജിറ്റൽ സ്പെഷ്യലിസ്റ്റ് എൻജിനീയർ എന്നീ തസ്തികകളിലേയ്ക്ക് നടത്തുന്ന റിക്രൂട്ട്മെന്റാണിത്. പ്രതിവർഷം 6.25 ലക്ഷം രൂപ മുതൽ 8 ലക്ഷം രൂപ വരെ ശമ്പളം വാഗ്ദാനം ചെയ്യുന്നു.
- പ്രമുഖ മൾട്ടിനാഷണൽ കമ്പനിയായ CAPEGEMINI ജനുവരി മാസത്തിൽ കാമ്പസ് റിക്രൂട്ട്മെന്റ് നടത്തുന്നു. വിമൽ ജ്യോതിയിൽ നിന്നും 100-ലധികം കുട്ടികൾ പങ്കെടുക്കുമെന്ന് പ്രതീക്ഷിക്കുന്നു.

# സാൻജോസ് മെട്രോപോളിറ്റൻ അക്കാഡമി ഫോർ റിസേർച്ച് ആൻ്റ് ട്രെയിനിംഗ്

ഫോൺ : 8281750777, 8281730777

E-mail: sanjoseacademytly@gmail.com, sanjoactly@gmail.com


സാൻജോസ് അക്കാഡമിയിൽ നിന്നും ഏവർക്കും ക്രിസ്തുമസിന്റെയും പുതുവത്സരത്തിന്റെയും മംഗളങ്ങൾ. 2021 വർഷത്തിൽ നിങ്ങളേവരും തന്ന വലിയ പിന്തുണയ്ക്കും പ്രോത്സാഹനത്തിനും നന്ദി പറയുന്നു. മുൻ വർഷങ്ങളെ അപേക്ഷിച്ച് സാൻജോസ് അക്കാഡമിയിൽ വളരെയേറെ വിദ്യാർത്ഥികൾ വിവിധ പരിശീലനങ്ങളിലൂടെ കടന്നുപോവുകയും മികച്ച വിജയം നേടിയെടുക്കുകയും ചെയ്തു. തുടർന്നും വിലയേറിയ പ്രോത്സാഹനം പ്രതീക്ഷിക്കുന്നു. 2022 ജനുവരി, ഫെബ്രുവരി മാസങ്ങളിലെ പരിശീലനങ്ങൾ ചുവടെ ചേർക്കുന്നു.

## 1. German Language Coaching

വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജിൽ സാൻജോസ് അക്കാഡമിയുടെ ആഭിമുഖ്യത്തിൽ ജർമ്മൻ ഭാഷാ പരിശീലനം നടന്നുകൊണ്ടിരിക്കുന്നു. A1കോഴ്സിന്റെ പുതിയ ബാച്ച് ജനുവരി 3 മുതൽ ആരംഭിക്കുന്നു. A2 ബാച്ച് ജനുവരി 10 മുതൽ ആരംഭിക്കുന്നു. നിലവിലുള്ള B1 ബാച്ചുകൾ

→

- HITACHI SOLUTIONS നവംബർ മാസം നടത്തിയ കാമ്പസ് റിക്രൂട്ട്മെന്റിലൂടെ അവസാനവർഷ കമ്പ്യൂട്ടർ സയൻസ് വിദ്യാർത്ഥിനിയായ ഗായത്രിക്ക് ജോലി ലഭിച്ചു. പ്രതിവർഷം 4 ലക്ഷത്തിലധികം രൂപ ശമ്പളം വാഗ്ദാനം ചെയ്യുന്നു. 3 അവസാനവർഷ കമ്പ്യൂട്ടർ സയൻസ് വിദ്യാർത്ഥികൾ കൂടി അവസാന റൗണ്ടിലേക്ക് തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. അന്തിമഫലം ജനുവരി പകുതിയോടെ ലഭ്യമാകുമെന്ന് കരുതുന്നു.
- പ്രശസ്ത ഐ.ടി കമ്പനിയായ WIPRO ജനുവരി മാസത്തിൽ രണ്ടാം ഘട്ട കാമ്പസ് റിക്രൂട്ട്മെന്റ് സംഘടിപ്പിക്കുന്നു. വിമൽ ജ്യോതിയിൽ നിന്നും ധാരാളം കുട്ടികൾ പങ്കെടുക്കുമെന്ന് പ്രതീക്ഷിക്കുന്നു.

സ്നേഹാശംസകളോടെ,

**ഫാ. ജെയിംസ് ചെല്ലങ്കോട്ട്**

മാനേജർ

പരിശീലനം പൂർത്തിയാക്കുന്നതോടെ B2 ലെവൽ കോഴ്സുകൾ ആരംഭിക്കുന്നതാണ്. ഓരോ ബാച്ചിലും 20 കുട്ടികൾക്കാണ് അവസരം ഉണ്ടാവുക. ജർമ്മനി, ഓസ്ട്രിയ തുടങ്ങിയ രാജ്യങ്ങളിൽ പഠനത്തിനും ജോലിക്കുമായി പോകുന്നവർക്ക് ഈ കോഴ്സ് പ്രയോജനപ്രദമാണ്. ഓൺലൈനായി പഠിക്കാനാഗ്രഹിക്കുന്നവർക്കും ആവശ്യമായ പരിശീലനങ്ങൾ നൽകുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ സാൻജോസ് അക്കാദമി ഓഫീസുമായി ബന്ധപ്പെടുക.

## 2. IELTS / OET

വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജിൽ IELTS / OET പരിശീലന പരിപാടികൾ നടന്നുകൊണ്ടിരിക്കുന്നു. കേരളത്തിലെ പ്രഗത്ഭ IELTS പരിശീലകരുടെ ഒരു ടീം അക്കാഡമിയോടൊപ്പമുണ്ട്. ഹോസ്റ്റൽ സൗകര്യങ്ങളോടെ പഠിക്കുവാനുള്ള സൗകര്യമാണ് വിമൽ ജ്യോതിയിലുള്ളത്. IELTS / OET പരീക്ഷകൾ പാസ്സാകുന്നവർക്ക് പഠനസംബന്ധമായ സഹായ സഹകരണങ്ങൾ അക്കാഡമി ചെയ്തുകൊടുക്കുന്നതാണ്. **ഓൺലൈനായി** പഠിക്കാനാഗ്രഹിക്കുന്നവർക്കും ആവശ്യമായ പരിശീലനങ്ങൾ നൽകുന്നതാണ്. ഉപരിപഠനത്തിനായി പോകുന്നവർക്കും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് : 8281 750 777, 8281 730 777.

## 3. KCYM - MYSTEP : Online PSC Coaching

ഗവൺമെന്റ് മേഖലയിലെ വിവിധ ജോലികൾക്കുള്ള PSC / UPSC പരീക്ഷകൾക്കുവേണ്ടിയുള്ള പരിശീലനങ്ങൾ സാൻജോസ് അക്കാഡമിയിൽ KCYM തലശ്ശേരി അതിരൂപതാ ഓഫീസുമായി സഹകരിച്ച് ഓൺലൈനായി ആരംഭിച്ചുകഴിഞ്ഞു. ഇതിന്റെ പേര് KCYM - MYSTEP എന്നാണ്. ഇതിനാവശ്യമായ മൊബൈൽ ആപ്ലിക്കേഷൻ ഡെവലപ്പ് ചെയ്ത് കഴിഞ്ഞിരിക്കുന്നു. 2500/- രൂപ ഫീസിൽ 2 വർഷം നീണ്ടുനിൽക്കുന്ന പരിശീലനമാണ് നൽകുന്നത്. കുറഞ്ഞ ചിലവിൽ നമ്മുടെ രൂപതയിലുള്ള യുവജനങ്ങൾക്ക് പരിശീലനം ലഭ്യമാക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. കെ.സി.വൈ.എം അതിരൂപതയുടെ നേതൃത്വത്തിൽ രജിസ്റ്റർ ചെയ്യുന്നവർക്ക് 1999/- രൂപ ഫീസ് അടച്ചാൽ മതിയാകും. ആദ്യം രജിസ്റ്റർ ചെയ്യുന്ന 500 പേർക്കാണ് ഈ ആനുകൂല്യം ലഭ്യമാവുക. ഏതാനും സീറ്റുകൾ ഒഴിവുണ്ട്. വിശദാംശങ്ങൾക്ക് കെ.സി.വൈ.എം ഓഫീസിൽ ബന്ധപ്പെടുക. ഫോൺ: 9400062918, 8281517660.

## 4. സാൻജോസ് പ്ലസ് വൺ / പ്ലസ് ടു (SAVE +2)

പ്ലസ് വൺ, പ്ലസ്ടുവിൽ പഠിക്കുന്ന കുട്ടികളെ ലക്ഷ്യമാക്കി, വിവിധ എൻട്രൻസ് പരീക്ഷകൾക്കുവേണ്ടിയുള്ള പരിശീലനങ്ങൾ അക്കാഡമിയിൽ 2021 നവംബർ 1 മുതൽ ആരംഭിച്ചു. ഇന്ത്യയിലെ വിവിധ കലാലയങ്ങളിലേയ്ക്ക് പ്ലസ്ടുവിന് ശേഷം നടക്കാനിരിക്കുന്ന എൻട്രൻസ് പരീക്ഷകൾക്കുവേണ്ടിയുള്ള ഒരുക്കങ്ങളാണിത്. ഇന്ത്യയിലെ പ്രധാന പരിശീലന കേന്ദ്രങ്ങളിലെ അദ്ധ്യാപകരെ ഒരുമിച്ച് ചേർത്തുകൊണ്ടുള്ള പരിശീലനമാണിത്. കേരളത്തിലെതന്നെ ഈ രംഗത്ത് പ്രഗത്ഭരായ അക്കാഡമികളോട് കിടപിടിക്കത്തക്ക ക്രമീകരണങ്ങളാണ് ഒരുക്കിയിരിക്കുന്നത്. ബോർഡ് പരീക്ഷയിൽ ഉയർന്ന മാർക്കും കൂടാതെ NEET, JEE, KEAM, CUSAT, NDA തുടങ്ങിയ മത്സര പരീക്ഷകളിലേക്കുമുള്ള പരിശീലനങ്ങളാണ് നൽകുന്നത്. ലൈവ് ഇന്ററാക്ടീവ് ക്ലാസ്സുകളാണ് നൽകുന്നത്. Daily / Weekly / Monthly പരീക്ഷകളും റെമഡിയൽ ക്ലാസ്സുകളും നൽകുന്നതാണ്. മികച്ച സ്റ്റഡി മെറ്റീരിയലുകളും പരീക്ഷകൾക്കാവശ്യമായ ഷോർട്ട് നോട്ടുകളും ലഭ്യമാണ്. സാൻജോസ് അക്കാഡമിയുടെ പ്രത്യേക ആപ്പിലൂടെയാണ് പരിശീലനങ്ങൾ നടത്തപ്പെടുന്നത്.

## 5. +1 Tuition + Entrance Coaching

ഈ വർഷം പ്ലസ് വൺ സയൻസ് വിഷയങ്ങൾ എടുത്ത് പഠിക്കുന്ന കുട്ടികൾക്കുവേണ്ടി ഓൺലൈനായിട്ടാണ് ക്ലാസ്സുകൾ സംഘടിപ്പിക്കുന്നത്. ഒരു വർഷം നീണ്ടുനില്ക്കുന്ന ഈ പരിശീലനമാണിത്. ആഴ്ച്ചയിൽ 15 മണിക്കൂറുകളും 350 ആകെ മണിക്കൂറുകളും നൽകുന്ന പരിശീലനമാണിത്. കോഴ്സ് ഫീസ് 7600/- രൂപ.

സ്നേഹാശംസകളോടെ,

**ഫാ. പയസ് പടിഞ്ഞാറെമുറിയിൽ**
ഡയറക്ടർ

# എ.കെ.സി.സി.

## മേഖല സമ്മേളനങ്ങൾ

**ആലക്കോട് മേഖലാ സമ്മേളനം:** സംഘടനയുടെ പ്രവർത്തനങ്ങൾ സജീവമാകുന്നതിനായി അതിരൂപതയിലെ 4 മേഖലകളിലായി നേതൃ സമ്മേളനങ്ങൾ നടത്തി. രൂപതതല ഉദ്ഘാടനം 10.12.21 വെള്ളിയാഴ്ച 2.30 ന് ആലക്കോട് സെന്റ് മേരീസ് പാരിഷ് ഹാളിൽ വച്ച് നടന്നു. അഡ്വ. ടോണി ജോസഫ് പുഞ്ചകുന്നേലിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗം ആർച്ചുബിഷപ് മാർ ജോർജ് ഞറളക്കാട്ട് ഉദ്ഘാടനം ചെയ്തു.

കർഷക ശാക്തീകരണത്തിനായി കത്തോലിക്കാ കോൺഗ്രസ് പ്രവർത്തിക്കണമെന്നു മാർ ജോർജ് ഞറളക്കാട്ട് ഉത്ബോധിപ്പിച്ചു. കാർഷികോൽപ്പന്നങ്ങളുടെ വിലത്തകർച്ച മൂലവും, വന്യജീവികളുടെ ആക്രമണം മൂലവും ബുദ്ധിമുട്ടനുഭവിക്കുന്ന കർഷകർക്ക് താങ്ങായി തണലായി കത്തോലിക്കാ കോൺഗ്രസ് പ്രവർത്തിക്കണമെന്നും അവരുടെ ആവശ്യങ്ങൾ അധികാരികളുടെ മുന്നിൽ എത്തിക്കുവാൻ വേണ്ടിവന്നാൽ സമരമാർഗങ്ങൾ ആരംഭിക്കണമെന്നും അഭിവന്ദ്യ പിതാവ് ആഹ്വാനം ചെയ്തു. വന്യജീവികളുടെ ആക്രമണം കർഷകരുടെ ജീവനും സ്വത്തിനും ഭീഷണിയായി തീർന്നിരിക്കുകയാണ്. കാർഷികവൃത്തി ഉപേക്ഷിച്ചു കൃഷിയിടങ്ങൾ ഉപേക്ഷിച്ചു പോകേണ്ട ഗതികേടിലാണ് മലയോരത്തെ കർഷകർ. അവരുടെ പ്രശ്നങ്ങൾ കണ്ടില്ലെന്ന് നടിക്കു കയാണ് വിവിധ സർക്കാരുകൾ. കർഷകർക്ക് വേണ്ടി ശബ്ദിക്കാൻ മുന്നോട്ടുവരണമെന്നും കർഷകർക്ക് വേണ്ടി ഇതുവരെ കത്തോലിക്കാ കോൺഗ്രസ് ചെയ്ത പ്രവർത്തികൾ ശ്ലാഘനീയം ആണെന്നും പിതാവ് അഭിപ്രായപ്പെട്ടു. അതിരൂപത പ്രസിഡന്റ് അഡ്വക്കേറ്റ് ടോണി ജോസഫ് പുഞ്ചകുന്നേൽ അധ്യക്ഷതവഹിച്ചു. അതിരൂപത ഡയറക്ടർ ഫാദർ ഫിലിപ്പ് കവിയിൽ മുഖ്യപ്രഭാഷണം നടത്തി. ആലക്കോട് ഫൊറോനാ വികാരി ഫാദർ മാണി ആട്ടേൽ അനുഗ്രഹപ്രഭാഷണം നടത്തി. ഫാദർ തോമസ് ചക്കിട്ടമുറിയിൽ, ബേബി നെട്ടനാനി, ബെന്നി പുതിയപുറം, ഫിലിപ്പ് വെളിയത്ത്, അഡ്വക്കേറ്റ് ബിനോയ് തോമസ്, അഡ്വക്കേറ്റ് ഷീജ സെബാസ്റ്റ്യൻ, ഫാദർ മാത്യു ആലംകോട്ട്, ഫാദർ ആന്റണി തെക്കേ മുറിയിൽ, ഫാദർ കുര്യാക്കോസ് കാരക്കാട്ട്, ടോമി കണയങ്കൽ, സിബി ജാതികുളം, ജോസ് ഏത്തക്കാട്ട്, അഡ്വക്കേറ്റ് കെ. ഡി മാർട്ടിൻ, ജോസ് പുന്നോത്ത്, ഐസി മേരി, എന്നിവർ പ്രസംഗിച്ചു.

## ഇരിട്ടി മേഖലാ സമ്മേളനം

പശ്ചിമഘട്ട സംരക്ഷണത്തിന്റെ പേരിൽ പിറന്ന വളർന്ന മണ്ണിൽ നിന്നും കർഷകരെ കുടിയിറക്കാം എന്ന് വ്യാമോഹിക്കേണ്ട. മാർ ജോസഫ് പാംപ്ലാനി. പശ്ചിമഘട്ട സംരക്ഷണത്തിന്റെ പേരിൽ കർഷകനെ അവൻ ജനിച്ചുവളർന്ന സംരക്ഷിച്ച കൃഷി ചെയ്ത് ഉപജീവനം നടത്തുന്ന ഭൂമിയിൽ

നിന്നും കുടി ഇറക്കുവാൻ ചിലർ നടത്തുന്ന ശ്രമത്തെ ഒരു കാരണവശാലും പ്രോത്സാഹിപ്പിക്കുവാൻ അനുവദിക്കില്ല. കർഷകരുടെ കൃഷി മൂലം പരിസ്ഥിതിക്ക് ഒരു ദോഷവും വന്നിട്ടില്ല. ഭൂമാഫിയയുടെ ചില ഇടപെടലുകൾ മൂലം പരിസ്ഥിതിക്ക് ഉണ്ടായ ദോഷത്തെ കർഷകരുടെ തലയിൽ കെട്ടി വയ്ക്കുവാൻ അനുവദിക്കില്ല എന്നും തലശ്ശേരി അതിരൂപത സഹായ മെത്രാൻ മാർ ജോസഫ് പാംപ്ലാനി പ്രസ്താവിച്ചു. കേരള ഗവൺമെന്റ് പരിസ്ഥിതിലോലപ്രദേശമായി പ്രഖ്യാപിച്ച കൊണ്ട് ചില പ്രദേശങ്ങൾ ഉൾപ്പെടുത്തി കേന്ദ്രത്തിന് നൽകിയ റിപ്പോർട്ട് കർഷകദ്രോഹ മാണെന്നും അതുവഴി കർഷകരെ കുടിയിറക്കാനുള്ള ഗൂഢശ്രമം നടക്കുകയാണെന്നും, അത് തികച്ചും അപലപനീയമാണ്. കർഷക ഭൂമിയിൽ ജീവിച്ചു മരിക്കുവാൻ വേണ്ടി എന്ത് ത്യാഗവും ചെയ്യുവാൻ കർഷക ർ തയ്യാറാണെന്നും പിതാവ് അഭിപ്രായപ്പെട്ടു. കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപതാ കമ്മിറ്റിയുടെ നേതൃത്വത്തിൽ, ഇരിട്ടിയിൽ നടന്ന കർഷക ഭൂമി സംരക്ഷണ പ്രതിജ്ഞ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു മാർ ജോസഫ് പാംപ്ലാനി.

അതിരൂപതാ പ്രസിഡന്റ് അഡ്വക്കേറ്റ് ടോണി ജോസഫ് പുഞ്ചകുന്നേൽ അധ്യക്ഷതവഹിച്ചു. അതിരൂപത ഡയറക്ടർ ഫാദർ ഫിലിപ്പ് കവിയിൽ മുഖ്യപ്രഭാഷണം നടത്തി. ഗ്ലോബൽ സമിതി വൈസ് പ്രസിഡണ്ട് ബേബി നെട്ടനാനി, രൂപത ജനറൽ സെക്രട്ടറി ബെന്നി പുതിയപുറം, രൂപതാ വൈസ് പ്രസിഡണ്ട് അഡ്വക്കേറ്റ് ഷീജ സെബാസ്റ്റ്യൻ, അൽഫോൻസ കളപ്പുര, ജോർജ്ജ് കാനാട്ട്, ബെന്നിച്ചൻ മഠത്തിനാൽ, മാത്യുവള്ളാംകോട്ട്, ടോമി വെട്ടിക്കാട്, പൈലി പേമല് എന്നിവർ പ്രസംഗിച്ചു.

## ചെമ്പേരി മേഖലാ സമ്മേളനം

കത്തോലിക്കാ കോൺഗ്രസ് സമൂഹത്തിന്റെ ശബ്ദമായി മാറണം. മാർ ജോസഫ് പാംപ്ലാനി. എല്ലാവരാലും അവഗണിക്കപ്പെട്ടു കിടക്കുന്ന ഒരു സമൂഹം നമ്മുടെ ഇടയിൽ ഉണ്ട്. അവർക്ക് വേണ്ടി ശബ്ദിക്കാൻ കത്തോലിക്കാ കോൺഗ്രസിന് കഴിയണം. അവരുടെ ശബ്ദമായി കത്തോലിക്കാ കോൺഗ്രസ് മാറണമെന്ന് തലശ്ശേരി അതിരൂപത സഹായമെത്രാൻ മാർ ജോസഫ് പാംപ്ലാനി ആവശ്യപ്പെട്ടു. കർഷകരുടെ രോദനം കേൾക്കുവാൻ ഇവിടെ ആരുമില്ല. അവരുടെ വോട്ട് വാങ്ങി ജയിച്ചവരും അവർ സ്ഥിരമായി വോട്ട് ചെയ്യുന്നവരും അവരെ കേൾക്കാൻ തയ്യാറാകുന്നില്ല. അതിനാൽ കത്തോലിക്കാ കോൺഗ്രസ് പാർശ്വവൽക്കരിക്കപ്പെട്ട ഈ സമൂഹത്തിന്റെ ശബ്ദമായി മാറണമെന്നും പിതാവ് ആഹ്വാനം ചെയ്തു. കത്തോലിക്കാ കോൺഗ്രസ് ചെമ്പേരി മേഖലാ സമ്മേളനം ചെമ്പേരി മദർ തെരേസ ഓഡിറ്റോറിയത്തിൽ ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം, കത്തോലിക്കാ കോൺഗ്രസ് അതിരൂപത പ്രസിഡന്റ് അഡ്വക്കേറ്റ് ടോണി ജോസഫ് പുഞ്ചക്കുന്നേൽ അധ്യക്ഷതവഹിച്ചു. ഇരിക്കൂർ എംഎൽഎ അഡ്വ സജീവ് ജോസഫ്

മുഖ്യപ്രഭാഷണം നടത്തി അതിരൂപത ഡയറക്ടർ ഫാദർ ഫിലിപ്പ് കവിയിൽ അനുഗ്രഹ പ്രഭാഷണം നടത്തി, ഫാദർ ജോർജ് കാഞ്ഞിരക്കാട്ട്, ഫാദർ നോബിൾ ഓണംകുളം, ബേബി നെട്ടനാനി, ബെന്നി പുതിയപുറം, ജോർജ്ജ് വടകര, ഡേവിസ് ആലങ്ങാടൻ, അബ്രഹാം ഈറ്റക്കൽ, സുരേഷ് ജോർജ്, വർഗീസ് പള്ളിച്ചിറ, ജിമ്മി അയിത്തമറ്റം, മൈക്കിൾ ചാണ്ടി കൊല്ലി, ജോർജ് വലിയമറതാങ്കൽ, സിജോ കണ്ണേഴത്ത് എന്നിവർ പ്രസംഗിച്ചു.

പിറന്ന് വളർന്ന് നട്ടുവളർത്തിയ മണ്ണ് ഉപേക്ഷിക്കുവാൻ കർഷകർ തയ്യാറല്ല. മാർ ജോസഫ് പാംപ്ലാനി. ഒരായുസ്സ് മുഴുവൻ അധ്വാനിച്ച് വിയർപ്പൊഴുക്കി പടുത്തുയർത്തിയ മലയോര കർഷകരെ പരിസ്ഥിതി സംരക്ഷണം എന്ന പേരിൽ കുടിയിറക്കാം എന്ന് ആരും വ്യാമോഹിക്കേണ്ട എന്ന് തലശ്ശേരി അതിരൂപത സഹായമെത്രാൻ മാർ ജോസഫ് പാംപ്ലാനി പ്രസ്താവിച്ചു. പരിസ്ഥിതിലോലപ്രദേശമായി മലയോര മേഖലയിലെ പല പ്രദേശങ്ങളെയും ഉൾപ്പെടുത്തി കേരള ഗവൺമെന്റ് കേന്ദ്രത്തിന് സമർപ്പിച്ച റിപ്പോർട്ടിനെ തീരെ കത്തോലിക്കാ കോൺഗ്രസ് നടത്തിവരുന്ന സമരത്തിന്റെ ഭാഗമായി ചെമ്പേരിയിൽ വെച്ച് നടന്ന ഭൂമി സംരക്ഷണ പ്രതിജ്ഞ ചടങ്ങ് ഉദ്ഘാടനം ചെയ്യുകയായിരുന്നു പിതാവ്. കർഷകരുടെ ആവശ്യങ്ങൾക്കായി കത്തോലിക്കാ കോൺഗ്രസ് എന്നും അവരോടൊപ്പം ഉണ്ടാകുമെന്നും കരുത്തായി കരുതലായി അവരുടെ സംരക്ഷകരായി കത്തോലിക്കാ കോൺഗ്രസ് നിലകൊള്ളണമെന്നും പിതാവ് ആവശ്യപ്പെട്ടു.

## വെള്ളരിക്കുണ്ട് മേഖലാസമ്മേളനം

കർഷകരുടെ അവകാശങ്ങൾ നേടിയെടുക്കുവാൻ കത്തോലിക്കാ കോൺഗ്രസ് നടത്തുന്ന പ്രവർത്തനങ്ങൾ പൊതു സമൂഹത്തിനു മാതൃക. മോൺ. ജോസഫ് ഒറ്റപ്ലാക്കൽ.

കോവിഡ് കാലഘട്ടത്തിലും ജനങ്ങളോടൊപ്പം നിന്ന് ജനങ്ങളുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിൽ ശക്തമായ മുന്നേറ്റമാണ് കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപതയിൽ നടത്തിയതെന്ന് തലശ്ശേരി അതിരൂപത വികാരി ജനറൽ മോൺ. ജോസഫ് ഒറ്റപ്ലാക്കൽ അഭിപ്രായപ്പെട്ടു. പൊതുസമൂഹത്തിൽ പ്രത്യേകിച്ച് കർഷകർ അവഗണനയുടെ പടുകുഴിയിൽ ആണെന്നും ഗവൺമെന്റും പ്രകൃതിയും കർഷകരോട് ക്രൂരതയാണ് കാട്ടുന്നതെന്നും അതിനെതിരെ പ്രതികരിക്കാൻ കർഷകർ ഒറ്റക്കെട്ടായി മുന്നോട്ടുവരണമെന്നും അതിനായി കത്തോലിക്കാ കോൺഗ്രസ് നടത്തുന്ന പ്രവർത്തനങ്ങൾ മാതൃകാപരമാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട്, വെള്ളരിക്കുണ്ട്, പനത്തടി, തോമാപുരം മേഖലകളിലെ കത്തോലിക്കാ കോൺഗ്രസ് പ്രവർത്തകരുടെ സംയുക്ത സമ്മേളനം വെള്ളരിക്കുണ്ടിൽ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. യോഗത്തിൽ അതിരൂപതാ പ്രസിഡന്റ് അഡ്വക്കേറ്റ് ടോണി ജോസഫ് പുഞ്ചക്കുന്നേൽ അധ്യക്ഷത വഹിച്ചു. അതിരൂപത ഡയറക്ടർ ഫാദർ ഫിലിപ്പ് കവിയിൽ മുഖ്യപ്രഭാഷണം നടത്തി.

ഫൊറോനാ വികാരി ഫാദർ ജോൺസൺ അന്ത്യാംകുളം അനുഗ്രഹ പ്രഭാഷണം നടത്തി. ഫാദർ ജോയി മഠത്തിമ്യാലിൽ, ഫാദർ ജോർജ് വെള്ളരിങ്ങാട്ട്, ഫാദർ ജോമി തൊട്ടിയിൽ, ബേബി നേട്ടനാനി, ബെന്നി പുതിയപുറം, പിയൂസ് പറയിടം, അഡ്വക്കറ്റ് ഷീജ സെബാസ്റ്റ്യൻ, ജോണി തോലമ്പുഴ, സിജോ അമ്പാട്ട്, ഡോക്ടർ സിറിയക് ആന്റണി തുടങ്ങിയവർ പ്രസംഗിച്ചു.

## നല്ല ഹൃദയങ്ങളുടെ കൂട്ടായ്മ (HEART LINKS)

കത്തോലിക്കാ കോൺഗ്രസിന്റെ പ്രവർത്തനത്തിൽ മനുഷ്യത്വത്തിന്റെ മുഖം. അഡ്വക്കേറ്റ് സജീവ് ജോസഫ് എംഎൽഎ. കത്തോലിക്കാ കോൺഗ്രസിന്റെ പ്രവർത്തനങ്ങൾ വളരെ ശ്ലാഘനീയം ആണെന്നും ജനങ്ങളുടെ ആവശ്യങ്ങൾ അധികാരികളുടെ മുമ്പിൽ എത്തിക്കുവാനും അവയ്ക്ക് പരിഹാരം കണ്ടെത്തുവാനും അതിനുമപ്പുറം ദുരിതമനുഭവിക്കുന്ന ജനങ്ങൾക്ക് സഹായം എത്തിക്കുന്നതിനും കത്തോലിക്കാ കോൺഗ്രസ് മുൻപന്തിയിൽ ഉണ്ടെന്നും അവരുടെ പ്രവർത്തനം അഭിനന്ദനാർഹമാണെന്നും അഡ്വ. സജി ജോസഫ് എംഎൽഎ അഭിപ്രായപ്പെട്ടു. കത്തോലിക്കാ കോൺഗ്രസിന്റെ തലശ്ശേരി അതിരൂപത കമ്മിറ്റിയുടെ നേതൃത്വത്തിലുള്ള നല്ല ഹൃദയങ്ങളുടെ കൂട്ടായ്മയുടെ രൂപതാ പ്രവർത്തന ഉദ്ഘാടനം ചെമ്പേരി മദർ തെരേസ ഓഡിറ്റോറിയത്തിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം. ചെമ്പേരി മേഖലയിൽ രോഗംമൂലം ദുരിതമനുഭവിക്കുന്ന കുടുംബത്തിന് കത്തോലിക്കാ കോൺഗ്രസ് നല്ല ഹൃദയങ്ങളുടെ കൂട്ടായ്മ (HEART LINKS) ഒരുക്കിയ സഹായം നൽകിക്കൊണ്ടാണ് രൂപതാതല ഉദ്ഘാടനം അദ്ദേഹം നിർവഹിച്ചത്. യോഗത്തിൽ അതിരൂപതാ സഹായമെത്രാൻ മാർ ജോസഫ് പാംപ്ലാനി അധ്യക്ഷത വഹിച്ചു.

**അഡ്വ. ടോണി ജോസഫ് പുഞ്ചക്കുന്നേൽ**
പ്രസിഡണ്ട്

**ഫാ. ഫിലിപ്പ് കവിയിൽ**
ഡയറക്ടർ

# സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി



## തലശ്ശേരി സെൻട്രൽ കൗൺസിൽ



ഈശോയിൽ പ്രിയ വിൻസെൻഷ്യൻ സഹോദരങ്ങളെ,

ആഗതമാകുന്ന ക്രിസ്തുമസിനു വേണ്ടി പ്രാർത്ഥനയാലും പരസ്നേഹ പ്രവർത്തനങ്ങളാലും ആത്മീയമായി തയ്യാറെടുക്കുന്ന ഈ പുണ്യദിനങ്ങളിൽ ഉണ്ണി യേശുവിന്റെ അനുഗ്രഹവും സന്തോഷവും നമ്മിലും നമ്മുടെ കുടുംബത്തിലും സമൃദ്ധമായി ഉണ്ടാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

ഏറെ നാളുകൾക്കു ശേഷം, കഴിഞ്ഞ രണ്ടു മൂന്ന് മാസങ്ങളായി നമ്മുടെ കോൺഫറൻസ് യോഗങ്ങൾ സജീവമായതിൽ സന്തോഷിക്കുകയും നേതൃത്വം കൊടുക്കുന്ന എ സി, കോൺഫറൻസ് പ്രസിഡണ്ട്മാർക്കും താൽപര്യപൂർവ്വം കടന്നുവരുന്ന എല്ലാ അംഗങ്ങൾക്കും സി സി യുടെ പേരിൽ നന്ദി പറയുകയും ചെയ്യുന്നു.

പ്രിയമുള്ളവരെ, 'ഈ ചെറിയവരിൽ ഒരുവന് നിങ്ങൾ ഇതു ചെയ്തു കൊടുത്തപ്പോൾ എനിക്ക് തന്നെയാണ് ചെയ്തു തന്നത്' എന്ന് യേശുനാഥൻ നമ്മെ നോക്കി പറയുവാൻ തക്കവിധം നമ്മുടെ നോമ്പുകാല പ്രവർത്തനങ്ങളെ ദൈവോന്മുഖമാക്കാം. ദരിദ്രരിലും, രോഗികളിലും, പരിത്യക്തരിലും ഉണ്ണിയേശുവിനെ ദർശിക്കുവാൻ നമുക്ക് സാധിക്കട്ടെ.

2019 ലെ ക്രിസ്തുമസിന് മുന്നോടിയായി നാം എല്ലാവരും കൂടി ബെഡൂർ സാന്ത്വനം പദ്ധതിയിൽ അതിമനോഹരമായ ഒരു ഭവനം പണിത വിവരം ഓർമിക്കുമല്ലോ. വിൻസെൻഷ്യൻ പ്രവർത്തകരുടെ നിസ്വാർത്ഥമായ സഹകരണം കൊണ്ട് സ്വരൂപിച്ച ആറര ലക്ഷം രൂപ മുടക്കിയാണ് "ഉണ്ണീശോയ്ക്ക് ഒരു വീട്" നമ്മൾ പൂർത്തീകരിച്ചത്. അഞ്ച് അംഗങ്ങൾ അടങ്ങുന്ന ഒരു കുടുംബത്തിന് തലചായ്ക്കാൻ സ്വന്തമായൊരിടം നൽകാൻ നമ്മുടെ കൂട്ടായ പ്രവർത്തനം കൊണ്ട് സാധിച്ചു എന്നതിൽ നമുക്ക് അഭിമാനിക്കാം.

ഡിസംബർ നാലാം തീയതി കരുവഞ്ചാലിൽ വച്ച് ചേർന്ന സി. സി അംഗങ്ങളും എ. സി പ്രസിഡണ്ടുമാരും അടങ്ങുന്ന മാനേജിംങ് കമ്മിറ്റിയോഗം, ഈ ക്രിസ്തുമസ് കാലം നാം വളരെ പ്രധാനപ്പെട്ട മറ്റൊരു ജീവകാരുണ്യ

പ്രവർത്തനത്തിൽ പങ്കാളികളാകുവാൻ തീരുമാനിച്ചിരിക്കുകയാണ്. ഇതനുസരിച്ച്, നമ്മുടെ സംഘടനയെ വളരെയധികം സ്നേഹിക്കുകയും എല്ലാവിധ പ്രോത്സാഹനവും നല്കുകയും ചെയ്യുന്ന നമ്മുടെ അഭിവന്ദ്യ പിതാവ് മാർ ജോർജ് ഞറളക്കാട്ടിന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലി സ്മരണക്കായി വൃക്ക രോഗികൾക്ക് ഏർപ്പെടുത്തി യിരിക്കുന്ന 'എയ്ഞ്ചൽ ഡയാലിസിസ്' പദ്ധതിയിൽ അതിരൂപതയിലെ വിൻസെൻഷ്യൻ പ്രവർത്തക രുടെ വകയായി ഒരു കൈത്താങ്ങ്-നമ്മുടെ ഒരു ആഴ്ചയിലെ രഹസ്യപിരിവ് സമാഹരിച്ച് ഈ പദ്ധതിയിലേക്ക് അഭിവന്ദ്യ പിതാവിന് കൈമാറുവാൻ ആഗ്രഹിക്കുന്നു. നിർദ്ധനരായ രോഗികൾക്ക് ആശ്വാസമേകുന്ന ഈ പദ്ധതി യിൽ വിൻസെൻഷ്യൻ ചൈതന്യം പേറുന്ന നമ്മുടെ എല്ലാവരുടെയും ആത്മാർത്ഥമായ സഹകരണം അഭ്യർത്ഥിക്കുന്നു. ഈ പദ്ധതിയിലേക്ക് 2 ലക്ഷം രൂപ സമാഹരിച്ച് നൽകണമെന്നാണ് യോഗത്തിൽ അഭിപ്രായപ്പെട്ടത്. കഴിഞ്ഞ കോവിഡ് പ്രതിസന്ധിയിൽ കഷ്ടപ്പെട്ട അഗതി മന്ദിരങ്ങളിൽ ഭക്ഷണം എത്തിക്കുന്നതിനായി ഒരാഴ്ച കൊണ്ട് ഒന്നര ലക്ഷത്തിൽപരം രൂപ സമാഹരിച്ച് വിവിധ മന്ദിരങ്ങളിലായി നമ്മൾ നൽകുകയുണ്ടായി. അവശ്യ ഘട്ടങ്ങളിൽ ഉണർന്ന് പ്രവർത്തിക്കുന്ന നമ്മുടെ വിൻസെൻഷ്യൻ കൂട്ടായ്മ ഈ ക്രിസ്തുമസ് കാലത്ത് അനേകം ഡയാലിസിസ് രോഗികൾക്ക് താങ്ങായി തീരട്ടെ. ഒരു കോൺഫറൻസിൽ നിന്നും 1000 രൂപയിൽ കുറയാത്ത ഒരു തുക സമാഹരിച്ച് നൽകിയാൽ നമുക്ക് ലക്ഷ്യത്തിലെത്താം. എന്നാൽ സാമ്പത്തികശേഷി കുറഞ്ഞ കോൺഫറൻസുകൾ സാധിക്കുന്നതു പോലെ സഹായിച്ചാൽ മതിയാകും. സാമ്പത്തികശേഷിയുള്ള കോൺഫ റൻസുകൾ അതിനനുസരിച്ച് സഹകരിക്കുമെന്ന് എനിക്കുറപ്പുണ്ട്. പ്രിയപ്പെട്ട കോൺഫറൻസ് പ്രസിഡന്റുമാരും എസി പ്രസിഡന്റുമാരും നമ്മുടെ കൂട്ടായ ഈ ജീവകാരുണ്യ പ്രവർത്തനത്തിന് നേതൃത്വം നൽകണമെന്നും, കഴിവതും വേഗം തുക സമാഹരിച്ച് അഭിവന്ദ്യപിതാവിന് കൈമാറുവാൻ ഈ മാസം തന്നെ സി സി യിൽ എത്തിക്കണമെന്നും സ്നേഹത്തോടെ അഭ്യർ ത്ഥിക്കുന്നു.

**അംഗീകാരങ്ങൾ**

സിസിയോഗത്തിൽ വച്ച് 5 കോൺഫറൻസുകൾക്കുള്ള അഗ്രിഗേഷൻ സർട്ടിഫിക്കറ്റും 2 എസികൾക്കുള്ള ഇൻസ്റ്റിറ്റ്യൂഷൻ സർട്ടിഫിക്കറ്റും വിത രണം ചെയ്തു.

ഇതോടെ നമ്മുടെ സി.സി യിലെ 178 കോൺഫറൻസുകൾക്ക് നാഷണൽ കൗൺസിലുമായുള്ള അഗ്രിഗേഷനും 14 എ സി കൾക്ക് ഇൻസ്റ്റിറ്റ്യൂഷനും ലഭിച്ചു.

## ഭവന നിർമ്മാണം

നവംബർ 16ന് ചെറുപുഴ എ സി യുടെ നേതൃത്വത്തിൽ തിരുമേനിയിൽ പണിതീർത്ത ഭവനം അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് ആശീർവദിച്ചതോടുകൂടി നമ്മുടെ ഭവനനിർമ്മാണ പദ്ധതിയിൽ 73 ഭവനങ്ങൾ പൂർത്തിയായി. കൂടാതെ തോമാപുരം, തിരുമേനി എന്നിവിടങ്ങളിൽ രണ്ട് ഭവനങ്ങളുടെ നിർമ്മാണവും പുരോഗമിക്കുന്നു.

## ഓസാനാം ഫെസ്റ്റ്

എല്ലാ വർഷവും നടത്തിവരുന്ന 'ഓസാനാം ഫെസ്റ്റ്' മത്സരങ്ങൾ ഈ വർഷം എ സി തലത്തിൽ ഡിസംബർ 31 ന് ഉള്ളിലും സിസി തലത്തിൽ ജനുവരി 8 നും നടത്തുവാൻ തീരുമാനിച്ചു. സി സി യിലേക്കുള്ള മത്സരാർത്ഥികളുടെ ലിസ്റ്റ് ജനുവരി 5നു മുമ്പ് പ്രോഗ്രാം കോ ഓർഡിനേറ്റർ ബ്ര. ജോസഫ് ചൊറുക്കാവിൽ (വായാട്ടുപറമ്പ് എ.സി പ്രസിഡന്റ്) ന് അയച്ചു കൊടുക്കേണ്ടതാണ്.

## വിദ്യാഭ്യാസ സ്കോളർഷിപ്പ്

വിവിധ എസികളിൽ നിന്നും ഉന്നത വിദ്യാഭ്യാസം, തൊഴിലധിഷ്ഠിത വിദ്യാഭ്യാസം, പ്രാഥമിക വിദ്യാഭ്യാസം എന്നിവയ്ക്ക് സ്കോളർഷിപ്പിനു വേണ്ടി ലഭിച്ച 30 അപേക്ഷകൾ സി സി യുടെ ശുപാർശയോടെ നാഷണൽ കൗൺസിലിലേക്ക് അയച്ചിട്ടുണ്ട്. ജനുവരി 15ന് മുമ്പ് ലഭിക്കുമെന്നു പ്രതീക്ഷിക്കുന്നു.

## പുതിയ സാരഥികൾ

സി സി യോഗത്തിൽ വച്ച്, സേവനകാലാവധി പൂർത്തിയാക്കിയ കാഞ്ഞങ്ങാട്, പെരുമ്പടവ്, ചെമ്പന്തൊട്ടി എ സി പ്രസിഡൻറുമാർക്കു പകരമായി യഥാക്രമം ബ്ര. ആന്റോ പടയാട്ടിൽ, ബ്ര. റാഫേൽ പൈനാടത്ത്, ബ്ര. ജോസഫ് മാത്യു കൊട്ടാരം എന്നിവർ പ്രസിഡന്റുമാരായി ചുമതലയേറ്റു. ആരോഗ്യകാരണങ്ങളാൽ സി സി ജനറൽ സെക്രട്ടറി സ്ഥാനത്തുനിന്നും വിരമിച്ച ബ്ര. പൗലോസ് പറേടത്തിനു പകരം ബ്ര. ജോൺസൺ കൂട്ടിയാനിയിലും ട്രഷറർ സ്ഥാനത്ത് നിന്നും വിരമിച്ച ബ്ര. ഇ.സി ജോസ് ഇലഞ്ഞിമണ്ണിലിനു പകരം ബ്ര. തോമസ് ചെമ്പോത്തനാടിയും ചുമതലയേറ്റെടുത്തു. സി സി യുടെ പുതിയ പ്രോജക്ട് ഓഫീസറായി ബ്ര. ജോസഫ് ചൊറുക്കാവിലിനെ നിയമിച്ചു.

## വാർഷികവും സെമിനാറും

കഴിഞ്ഞ സാമ്പത്തിക വർഷത്തെ എ സി വാർഷികങ്ങൾ എടൂർ, കുന്നോത്ത്, ചെമ്പേരി, ചെമ്പന്തൊട്ടി, വായാട്ടുപറമ്പ്, ആലക്കോട്, ചെറുപുഴ എ.സി കളിൽ നടക്കുകയുണ്ടായി. ബാക്കിയുള്ള എ സി കളിൽ 2022 മാർച്ച്

31 നുള്ളിൽ  വാർഷിക യോഗങ്ങൾ പൂർത്തീകരിക്കേണ്ടതാണ്. കൂടാതെ എല്ലാ റീജിയണുകളിലും മാർച്ച് 31ന് മുമ്പായി വനിതാ വിൻസെൻഷ്യൻ സംഗമവും  സി സി തലത്തിൽ യുവ വിൻസെൻഷ്യൻ സംഗമവും നടത്തുവാൻ സി സി യോഗത്തിൽ തീരുമാനിച്ചു. ഓരോ എ സികളിലും ഒരു യൂത്ത് കോൺഫ്രൻസ് എങ്കിലും സ്ഥാപിക്കുന്നതിന് എ സി പ്രസിഡണ്ടുമാർ മുൻകൈ എടുക്കേണ്ടതാണ്.

## അറിയിപ്പുകൾ

ഇനിമുതൽ വിദേശസഹായം ബാങ്ക് അക്കൗണ്ട്കളിലൂടെ മാത്രമേ കൈമാറാൻ  സാധിക്കുകയുള്ളൂ എന്നതിനാൽ ട്വിന്നിംഗ് ലഭിക്കുന്ന കോൺഫറൻസുകൾ അവരുടെ ദത്തുകുടുംബങ്ങളുടെ ബാങ്ക് അക്കൗണ്ട് നമ്പറും വിശദാംശങ്ങളും എത്രയും വേഗം സി സി യിൽ എത്തിക്കേണ്ടതാണ്.

ചികിത്സാസഹായം, ജൂബി ലോൺ  എന്നിവക്കുള്ള  അപേക്ഷകൾ ആവശ്യമായ രേഖകളോടും  എ സി പ്രസിഡണ്ടുമാരുടെ ശുപാർശയോടും കൂടി സി സി  സീനിയർ വൈസ് പ്രസിഡൻറ് ബ്ര. കെ.ടി ജോസഫ് സാറിന് അയച്ചു  കൊടുക്കേണ്ടതാണ്.

ക്രിസ്തുമസിനോടനുബന്ധിച്ച് ട്വിന്നിംഗ് ലഭിക്കുന്ന കോൺഫറൻസുകൾ സഹായിക്കുന്ന വിദേശ കോൺഫറൻസിന് നന്ദി പറഞ്ഞു കൊണ്ട് കത്തെഴുതേണ്ടതും പ്രാർത്ഥനകളും ആശംസകളും കൈമാറേണ്ടതുമാണെന്ന കാര്യം ഓർമിപ്പിക്കുന്നു.

എല്ലാവർക്കും ആഗതമാകുന്ന ക്രിസ്തുമസിന്റെയും പുതുവത്സരത്തിന്റെയും നന്മകൾ പ്രാർത്ഥനാപൂർവ്വം ആശംസിച്ചുകൊണ്ട്...

സ്നേഹപൂർവ്വം,

**സണ്ണി നെടിയകാലായിൽ**
സി സി പ്രസിഡന്റ്

# ഇൻഫാം വാർത്തകൾ

സ്നേഹമുള്ളവരെ കർഷകരെ ഒന്നിച്ചുനിർത്തുവാനും കൂട്ടായ്മ വർദ്ധിപ്പിക്കുവാനും സാധിക്കുന്ന വിധത്തിൽ ഇൻഫാമിന്റെ പ്രവർത്തനങ്ങൾ ക്രമപ്പെടുത്തണം.അതിനായി നമ്മുടെ എല്ലാ ഇടവകകളിലും ഇൻഫാമിന്റെ സ്വയാശ്രയ സംഘങ്ങൾ രൂപീകരിക്കണം

ജനുവരി 15 കർഷക ദിനമായി ആചരിക്കുകയാണല്ലോ അന്നേ ദിവസം ഇൻഫാമിന്റെ നേതൃത്വത്തിൽ നമ്മുടെ എല്ലാ ഇടവകകളിലും പതാക ഉയർത്തുകയും. നമ്മുടെ ഇടവകയിലെ മികച്ച കർഷകരെ കണ്ടെത്തി ആദരിക്കുന്നതും നല്ലതാണ്.

കണ്ണൂർ ജില്ലാതല കർഷകദിന ആഘോഷം നടുവിൽ ജനുവരി 15ന് ഉച്ചകഴിഞ്ഞ് 4 മണിക്ക് നടുവിൽ സെന്റ്.മേരീസ് പള്ളി അങ്കണത്തിൽ പതാക ഉയർത്തലും പൊതുസമ്മേളനവും നടത്തപ്പെടുന്നു. ഇൻഫാം ദേശീയ ജനറൽ സെക്രട്ടറി. വെരി.റവ.ഫാ. ജോസഫ് കാവനാടി മുഖ്യ അതിഥി ആയിരിക്കും. ജില്ലയിലെ ഇൻഫാമിന്റെ ജില്ലാ ഭാരവാഹികൾ, ഫൊറോന ഭാരവാഹികൾ, യൂണിറ്റ് പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുക്കുന്നതാണ്.

**കാസർഗോഡ് ജില്ല** : കാസർഗോഡ് ജില്ല ഭാരവാഹികളുടെ നേതൃത്വത്തിൽ വെള്ളരിക്കുണ്ട് വച്ച് കർഷക ദിനം വിവിധ പരിപാടികളോടെ നടത്തപ്പെടുന്നു. ഇൻഫാം ദേശീയ ചെയർമാൻ മോൺ. വെരി. റവ. ഫാ. ജോസഫ് ഒറ്റപ്ലാക്കൽ, കാസർഗോഡ് ജില്ലാ ഡയറക്ടർ വെരി.റവ. ഫാ. ജോൺസൺ അന്ത്യാംകുളം, ജില്ലാ പ്രസിഡന്റ്.ഗിരി സർ ഫൊറോന ഡയറക്ടർ ഫാ.ജോസഫ് തൈക്കുന്നുംപുറം എന്നിവരുടെ നേതൃത്വത്തിൽ സമുചിതമായി ആചരിക്കും. പനത്തടി, കാഞ്ഞങ്ങാട്, തോമാപുരം, വെള്ളരിക്കുണ്ട് ഫൊറോനയിലെ ഇൻഫാം പ്രതിനിധികൾ പ്രസ്തുത പരിപാടിയിൽ പങ്കെടുക്കും. ഏറ്റവും മികച്ച ഏത്തക്കുല, കപ്പ, അടയ്ക്ക, ചേന, കാച്ചിൽ തുടങ്ങിയവയ്ക്ക് സമ്മാനങ്ങൾ നല്കുന്നതുമാണ്.

**അഭിനന്ദനങ്ങൾ :** ഇൻഫാം ദേശീയ ജനറൽ സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട വെരി. റവ. ഫാ. ജോസഫ് കാവനാടി അച്ചനും ഇൻഫാമിന്റെ പി.ആർ ഒ .ആയി തിരഞ്ഞെടുക്കപ്പെട്ട ഡോക്ടർ ജോസഫ് തോമസ് കൊച്ചുമുറി (കണ്ണൂർ ഹോളി ഫാമിലി ഇടവകാംഗം) കാസർഗോഡ് ജില്ലാ ഡയറക്ടർ വെരി.റവ.ഡോക്ടർ ജോൺസൺ അന്ത്യാംകുളം എന്നിവർക്ക് പുതിയ പ്രവർത്തന മണ്ഡലത്തിൽ വിജയാശംസകൾ നേരുന്നു.

സ്നേഹപൂർവ്വം,

**ഫാ. തോമസ് ചെരുവിൽ**

ഡയറക്ടർ

# കെ.സി.ബി.സി. മദ്യവിരുദ്ധസമിതി, മുക്തിശ്രീ, എഡിഎസ്‌യു, പ്രതീക്ഷാ മദ്യപ ചികിത്സാകേന്ദ്രം

## അതിരൂപതാ കുടുംബത്തിലേക്ക് സ്നേഹത്തോടെ സ്വാഗതം



കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി, മുക്തിശ്രീ സംഘടനകളുടെ അതിരൂപതാ ആനിമേറ്ററായി റവ.സി. ജോസ് മരിയ സി.എം.സി.യെ ആർച്ചുബിഷപ്പ് നിയമിച്ചു. ദീർഘകാലത്തെ മദ്യവിരുദ്ധ പ്രവർത്തനാനുഭവമുള്ള ബഹു. ജോസ് മരിയ സിസ്റ്ററിന് സ്നേഹപുരസ്സരം സ്വാഗതമരുളുന്നു.

## നവംബർ 27 വിളംബര ജാഥ

തലശ്ശേരി: മയക്കുമരുന്ന് ഉപയോഗത്തിനും മദ്യക്കച്ചവടത്തിനും ഉപയോഗത്തിനുമെതിരെ ഡിസംബർ 1 മുതൽ 19 വരെ നടക്കുന്ന ബോധവൽക്കരണ പൊതുജനപരിപാടിക്ക് ആരംഭമായി നവംബർ 27-ന് വിളംബര ജാഥ നടന്നു. മാർ ജോസഫ് പാംപ്ലാനി ജാഥ ഉദ്ഘാടനം ചെയ്തു.

## മയക്കുമരുന്ന് നിയമഭേദഗതി ദൂരവ്യാപകമായ പ്രത്യാഘാതം സൃഷ്ടിക്കും : മാർ ജോസഫ് പാംപ്ലാനി

ചെമ്പേരി: ചെമ്പേരി വിമൽ ജ്യോതി ഓഡിറ്റോറിയത്തിൽ നവംബർ 27-ന് അതിരൂപതാ എക്സിക്യൂട്ടീവ് സമ്മേളനം മാർ ജോസഫ് പാംപ്ലാനി ഉദ്ഘാടനം ചെയ്തു. മയക്കുമരുന്ന് നിയമഭേദഗതി ചർച്ചയ്ക്കെടുക്കേണ്ട സാഹചര്യമല്ല ഇന്ന് നിലവിലെന്നും സർക്കാർ ഇത്തരത്തിൽ മുന്നോട്ട് പോയാൽ സമരമല്ലാതെ മറ്റ് മാർഗ്ഗങ്ങളിലെന്നും അദ്ദേഹം പറഞ്ഞു. അതിരൂപതാ ഭാരവാഹികൾ സമ്മേളനത്തിൽ പങ്കെടുത്തു.

## പത്രസമ്മേളനം നവംബർ 30 ന് തലശ്ശേരിയിൽ

തലശ്ശേരി : ഡിസംബർ 1 മുതൽ 19 വരെ കണ്ണൂർ ജില്ലയിൽ മയക്കുമരുന്ന് നിയമഭേദഗതിയ്ക്കെതിരെയും കേരള സർക്കാറിന്റെ മദ്യനയത്തിനെതിരായും പട്ടണങ്ങളിലും, ഗ്രാമങ്ങളിലും പൊതുയോഗങ്ങൾ, റാലികൾ, പ്രതിഷേധ ധർണ്ണകൾ എന്നിവ സംഘടിപ്പിക്കുമെന്ന് ഫാ. ചാക്കോ കുടിപ്പറമ്പിൽ

പത്രസമ്മേളനത്തിൽ പറഞ്ഞു. ആന്റണി മേൽവെട്ടം ജോയ് എം.എൽ എന്നിവർ പങ്കെടുത്തു.

## വക്താവ്

കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി സംസ്ഥാന വക്താവായി ഫാ. ചാക്കോ കുടിപ്പറമ്പിൽ നിയമിതനായി.

## ജനം ഉണരണം, ലഹരി മുക്ത കേരളത്തിനായ് ഉദ്ഘാടനം

ചെമ്പന്തൊട്ടി: ജനം ഉണരണം, ലഹരിമുക്ത കേരളത്തിനായ് എന്ന ബോധവൽക്കരണം, ജില്ലാതല പരിപാടിക്ക് ചെമ്പന്തൊട്ടിയിൽ ഡിസംബർ 1 ന് തുടക്കം കുറിച്ചു. ഫാ. അനൂപ് നരിമറ്റം അദ്ധ്യക്ഷത വഹിച്ചു. ഫാ. ചാക്കോ കുടിപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു. ഫാ. ജോസ് മാണിക്കത്താഴെ അനുഗ്രഹപ്രഭാഷണം നടത്തി. ഫാ. ഷിൻസ് കുടിലിൽ, ആന്റണി മേൽവെട്ടം, ഷിനോ പാറയ്ക്കൽ, സോയ് ജോസഫ്, സരിഗ ചാക്കോ എന്നിവർ പ്രസംഗിച്ചു.

## ലഹരി വിരുദ്ധ റാലി കാഞ്ഞിരക്കൊല്ലി ടൗണിൽ

കാഞ്ഞിരക്കൊല്ലി ടൗണിൽ ഡിസംബർ 3 ന് ലഹരിവിരുദ്ധ റാലി നടന്നു. ഫാ. അലക്സ് നിരപ്പേൽ അദ്ധ്യക്ഷത വഹിച്ചു. ഫാ. ചാക്കോ കുടിപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു. ജിജു കോലക്കുന്നേൽ, ഫിലോമിന ഉണ്ണ്യേപള്ളിൽ എന്നിവർ പ്രസംഗിച്ചു.

## മദ്യവിമുക്ത സമ്മേളനം തലശ്ശേരിയിൽ

മദ്യവിമുക്തരുടെ സമ്മേളനം തലശ്ശേരിയിൽ നടന്നു. മോൺ. അലക്സ് താരാമംഗലം സമ്മേളനം ഉദ്ഘാടനം ചെയ്തു. ഫാ. ചാക്കോ കുടിപ്പറമ്പിൽ അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ ഫാ. മാത്യു കാരിക്കൽ സ്വാഗതപ്രസംഗം നടത്തി.

## കല്ലുവയലിന്റെ പൗര സ്വീകരണം

കെ.സി.ബി.സി. സംസ്ഥാന വക്താവ് എന്ന നിലയിലും അതിരൂപതാ ഡയറക്ടർ എന്ന നിലയിലുമുള്ള സേവനങ്ങളെ പരിഗണിച്ച് ജന്മനാടായ കല്ലുവയലിൽ ഡയറക്ടറച്ചന് ഡിസംബർ 6-ന് പൗരസ്വീകരണം നല്കി. ഫാ. സേവ്യർ തേലക്കാട്, ഫാ. അനൂപ് എന്നിവരും വിവിധ സംഘടനാ പ്രതിനിധികളും സംസാരിച്ചു.

## സർക്കാർ മാഫിയകളുടെ സംരക്ഷകരാവരുത് പ്രതിഷേധ ധർണ്ണ

പച്ചാണി: സർക്കാർ മാഫിയകളുടെ സംരക്ഷകരാവരുത് എന്ന താക്കീതോടെ പൊതുജന ധർണ്ണ ഡിസംബർ 28-ന് പച്ചാണിയിൽ നടന്നു. ഫാ. ബിജു

നെല്ലനാട് അദ്ധ്യക്ഷത വഹിച്ചു. ഫാ. ചാക്കോ കുടിപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു. ടോം പറപ്പള്ളി, തോമസ് കടപ്പുരാൻ, സാജു ഇ.വി., ജെറി ടി.കെ., വിനീഷ് എം.ടി. എന്നിവർ പ്രസംഗിച്ചു.

## സെമിനാർ

പാലാവയൽ: സെന്റ് ജോൺസ് ഹയർസെക്കന്ററി സ്കൂളിൽ ലഹരി ബോധവൽക്കരണ സെമിനാർ നടന്നു. സംസ്ഥാന വൈസ് പ്രസിഡന്റ് തങ്കച്ചൻ കൊല്ലക്കൊമ്പിൽ, പ്രിൻസിപ്പൽ ഡോ. മെൻഡലിൻ മാത്യു, മിനി മാത്യു, ജോയൽ സ്റ്റാൻലി എന്നിവർ പ്രസംഗിച്ചു.

## റാലിയും സമ്മേളനവും ഉളിക്കല്ലിൽ

ഉളിക്കൽ: പൊതുജന റാലിയു സമ്മേളനവും ഡിസംബർ 16-ന് ഉളിക്കല്ലിൽ നടന്നു. പഞ്ചായത്ത് പ്രസിഡന്റ് പി.സി. ഷാജി ഉദ്ഘാടനം ചെയ്തു. ഫാ. അമൽ പഞ്ഞിക്കുന്നേൽ അദ്ധ്യക്ഷത വഹിച്ചു. ഫാ. ചാക്കോ കുടിപ്പറമ്പിൽ മുഖ്യപ്രഭാഷണം നടത്തി. ഫാ. ജോസഫ് കാവനാടിയിൽ അനുഗ്രഹപ്രഭാഷണവും  ആന്റണി മേൽവെട്ടം, ഷിനോ പാറയ്ക്കൽ, സാബു ജേക്കബ്, സി. ജോസ് മരിയ സി.എം.സി., മേരിക്കുട്ടി ചാക്കോ എന്നിവരും പ്രസംഗിച്ചു.

## അങ്ങാടിക്കടവ് ടൗണിൽ ലഹരിക്കെതിരെ പൊതുയോഗം

അങ്ങാടിക്കടവ്: ലഹരിക്കെതിരെ പൊതുയോഗം ഡിസംബർ 16-ന് അങ്ങാടിക്കടവ് ടൗണിൽ നടന്നു. അയ്യൻകുന്ന് പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ ഉദ്ഘാടനം ചെയ്തു. ഫാ. തോമസ് പന്തലാനിക്കൽ അധ്യക്ഷത വഹിച്ചു. ഫാ. തോമസ് ആമക്കാട്ട്, ആന്റണി മേൽവെട്ടം, അഡ്വ. ഷീജ കാറുകുളം, ഷിനോ പാറയ്ക്കൽ, മേരി ആലയക്കാമറ്റത്തിൽ, ജോയ്ക്കുട്ടി കുന്നപ്പള്ളി എന്നിവർ പ്രസംഗിച്ചു.

## ജനം ഉണരണം ലഹരിമുക്ത കേരളത്തിനായ് സമാപനം

കല്ലുവയൽ: ജനം ഉണരണം ലഹരിമുക്ത കേരളത്തിന് എന്ന ബോധവൽക്കരണ പൊതുപരിപാടിയുടെ ജില്ലാതല സമ്മേളനം കല്ലുവയൽ ടൗണിൽ ഡിസംബർ 19-ന് നടന്നു. ഫാ. സേവ്യർ തേലക്കാട്ട് അദ്ധ്യക്ഷത വഹിച്ചു. ഫാ. ചാക്കോ കുടിപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു. അലകസ് പുതിയാകുളങ്ങര, ജോണി മുണ്ടാട്ടുചുണ്ടയിൽ, അനില പാലമറ്റം എന്നിവർ പ്രസംഗിച്ചു.

## പ്രാർത്ഥനാദിനാചരണം എടൂരിൽ

ഡിസംബർ 20-ന് മേഖലയുടെ ആഭിമുഖ്യത്തിൽ എടൂർ ഫൊറോനപ്പള്ളിയിൽ വെച്ച് പ്രാർത്ഥനാദിനാചരണം നടത്തി. ഫാ. ജെയിംസ് മൂന്നാനപ്പള്ളി,

# ACCOMPAINYING DEAF AND AWAKINING MISSION (ADAM)

4, 11, 18, 25 തീയതികളിൽ ബധിര സമൂഹത്തിനായി ഓൺലൈൻ പ്ലാറ്റ്ഫോമിൽ വിശുദ്ധ കുർബാന അർപ്പിച്ചു.

**ക്രിസ്മസ് ആഘോഷങ്ങൾ: ആലക്കോട് ബൈബിൾ ബധിര കൂട്ടായ്മ**

12-12-21 ഞായറാഴ്ച ആലക്കോട് ബൈബിൾ കൂട്ടായ്മയുടെയും അദം മിനിസ്ട്രിയുടെയും ആഭിമുഖ്യത്തിൽ രാവിലെ 10 30 മുതൽ ജപമാലയും വിശുദ്ധ കുർബാനയും, കുമ്പസാരവും, ക്രിസ്മസ് ആഘോഷവും നടത്തി. സ്നേഹവിരുന്നിനും ക്രിസ്മസ് ആഘോഷങ്ങൾക്കും കണ്ണൂർ, വയനാട് കൂട്ടായ്മകളിലെ ഭാരവാഹികൾ നേതൃത്വം നൽകി.

**ആലക്കോട്:** ആലക്കോട് ഫൊറോനാ പള്ളി അസിസ്റ്റൻറ് വികാരി ഫാദർ മൈക്കിൾ മഞ്ഞക്കുന്നേൽ ക്രിസ്മസ് സന്ദേശം നൽകി. കുട്ടികളും മുതിർന്നവരും ആംഗ്യഭാഷയിൽ കരോൾ ഗാനങ്ങൾക്ക് ചുവടുവെച്ചു. പങ്കുചേർന്ന എല്ലാവർക്കും ക്രിസ്മസ് സമ്മാനങ്ങൾ നൽകി. കൂട്ടായ്മ

ഫാ. സെബാസ്റ്റ്യൻ മുട്ടത്തുപാറ, മേരി ആലയ്ക്കാമറ്റത്തിൽ എന്നിവർ നേതൃത്വം നല്കി.

## സായാഹ്ന കൺവെൻഷൻ

വെള്ളരിയാനം: വെള്ളരിയാനം ഇടവകയിൽ ഡിസംബർ 20-ന് സായാഹ്നകൺവെൻഷൻ നടത്തി. വൈകുന്നേരം 4.30 മുതൽ രാത്രി 8.15 വരെയായിരുന്നു കൺവെൻഷൻ ഫാ. ചാക്കോ കുടിപ്പറമ്പിൽ, ഫാ. ഷെറിൻ പ്രവർത്തുമലയിൽ എന്നിവർ നേതൃത്വം നല്കി.

ആദരവോടെ,

**ഫാ. മാത്യു കാരിക്കൽ**
അഡ്മിനിസ്ട്രേറ്റർ
ഡയറക്ടർ, എഡിഎസ്‌യു

**ഫാ. ചാക്കോ കുടിപ്പറമ്പിൽ**
ഡയറക്ടർ

പ്രസിഡണ്ട് ശ്രീ. ആന്റണി നന്ദി പ്രകാശിപ്പിച്ചു. വൈകുന്നേരം അഞ്ചുമണിയോടെ ആഘോഷങ്ങൾ സമാപിച്ചു.

## ജ്യോതിഭവൻ സ്പീച്ച് ആന്റ് ഹിയറിങ് സ്കൂൾ, നരിമാളം

20-12-202 തിങ്കളാഴ്ച വൈകുന്നേരം ജ്യോതി ഭവനിലെ കുട്ടികൾക്കായി ഒരുക്കിയ ക്രിസ്മസ് ആഘോഷത്തിൽ പങ്കുചേരുകയും കുട്ടികളെ കുമ്പസാരിപ്പിക്കുകയും ചെയ്തു. ഫാദർ ലൂയിസ് മേനാച്ചേരി, സി. മേഴ്സി എസ്.എച്ച്., സി. ഫിൻസി എസ്.എച്ച്. എന്നിവർ ക്രിസ്മസ് ആശംസകൾ നേർന്നു. ആദം മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ ക്രിസ്തുമസ് സമ്മാനങ്ങൾ വിതരണം ചെയ്തു. ക്രിസ്മസ് ആശംസകൾ കുട്ടികളോട് ചേർന്ന് ആംഗ്യഭാഷയിൽ അവതരിപ്പിച്ചു.

## കാത്തലിക് അസോസിയേഷൻ ഓഫ് ഇന്ത്യ

ക്രിസ്മസ് ദിനത്തിൽ രാവിലെ 9 മണിക്ക് ഓൺലൈൻ പ്ലാറ്റ്ഫോമിൽ വിശുദ്ധ ബലിയും തുടർന്ന് ക്രിസ്മസ് ആഘോഷവും ആദം മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ നടത്തി. ഇന്ത്യയിലെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള കൂട്ടായ്മ നേതാക്കൾ ക്രിസ്മസ് ആശംസകൾ പങ്കുവെച്ചു. കുട്ടികളും മുതിർന്നവരും കലാപരിപാടികൾ അവതരിപ്പിച്ചു.

## ആൽഫ ഇൻസ്റ്റ്യൂട്ട് നന്ദി

ആദം മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ വിവിധ ഇടങ്ങളിൽ ഒരുക്കിയ ക്രിസ്മസ് ആഘോഷങ്ങൾക്ക് സഹായം നൽകിയ ബഹുമാനപ്പെട്ട ഡയറക്ടർ ടോം ഓലിക്കരോട്ടച്ചനും സഹപ്രവർത്തകർക്കും ആദം മിനിസ്ട്രിയുടെ ഹൃദയം നിറഞ്ഞ നന്ദി.

### 2022 ജനുവരി

- 1,8,15,22,29 തീയതികളിൽ വിശുദ്ധ ബലികൾ
- 3-1-2022 ഏകദിന സെമിനാർ ഡോൺബോസ്കോ സ്പീച്ച് ആന്റ് ഹിയറിങ് സ്കൂൾ കാരക്കുണ്ട്.
- 10,11,12 തീയതികളിൽ ഫാമിലി അപ്പസ്റ്റോലേറ്റിന്റെ ആഭിമുഖ്യത്തിൽ ഓൺലൈൻ വിവാഹ ഒരുക്ക ക്ലാസ്സുകൾ.

സ്നേഹപൂർവം,

**ഫാ. ജോർജ് കളരിമുറിയിൽ**
ഡയറക്ടർ

# ഏയ്ഞ്ചൽ ട്രസ്റ്റ്

## ഏയ്ഞ്ചൽ ഡയാലിസിസ് സെന്റർ

അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് കരുവഞ്ചാലിൽ ഏയ്ഞ്ചൽ (ANGEL-Archbishop Njaralakatt George's Envision for Life) ഡയാലിസിസ് സെന്റർ പ്രവർത്തനമാരംഭിച്ചു. സമൂഹത്തിലെ ഏറ്റവും കഷ്ടതയനുഭവിക്കുന്ന വർക്കായി ആവിഷ്ക്കരിച്ചിരിക്കുന്ന ഈ ഡയാലിസിസ് സെന്ററിലൂടെ വർദ്ധിച്ചുവരുന്ന നിരവധി വൃക്ക രോഗികളെ സഹായിക്കാനുള്ള കർമ്മപദ്ധതികൾ പ്രാവർത്തികമാക്കിയിരിക്കുന്നു. നിശ്ചിത തുക ഈ സത്കർമ്മത്തിനായി സംഭാവന ചെയ്യാൻ സന്നദ്ധതയുള്ള എല്ലാ സുമനസ്സുകളുടെയും ഫൊറോനകളുടേയും സഹായത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. ഇങ്ങനെ ലഭിച്ച തുക ഉപയോഗിച്ച് മെഷീനുകളും മറ്റു അടിസ്ഥാന സൗകര്യങ്ങളും ഡയാലിസിസ് സെന്ററിൽ പൂർത്തീകരിക്കാൻ സാധിച്ചു. അതിനായി സഹകരിക്കുകയും മനസ്സറിഞ്ഞ് സഹായിക്കുകയും ചെയ്ത എല്ലാവരേയും സ്നേഹപൂർവ്വം ഓർക്കുന്നു.

**ഈ പുണ്യപ്രവൃത്തിക്കായി സംഭാവന നൽകിയവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.**

(2021 ഒക്ടോബർ 18 ന് ശേഷം 2021 ഡിസംബർ 20 വരെയുള്ള കണക്കുകൾ)

| | |
|---|---|
| 1. Jibimon Joseph | 7,000/- |
| 2. Raju Joseph | 1,000/- |
| 3. Jose K J | 6,000/- |
| 4. Thomas P J | 12,000/- |
| 5. Paduppu Parish - Jobin K Joy | 10,000/- |
| 6. Kottody Parish - Jobin K Joy | 5,000/- |
| 7. Panathoor Parish - Jobin K Joy | 8,000/- |
| 8. Padimaruth Parish - Jobin K Joy | 5,000/- |
| 9. Maripuram Parish - Jobin K Joy | 6,000/- |
| 10. Adottukaya Parish - Jobin K Joy | 3,000/- |
| 11. Panathady Parish - Jobin K Jy | 8,000/- |
| 12. Manadukkam Parish - Jobin K Joy | 2,000/- |
| 13. Kallar Parish - Jobin K Joy | 3,000/- |
| 14. Mathew Vengakunnel | 26,000/- |
| 15. Fr. Vicar St. George Church, Kanhiradukkam | 20,000/- |

| | |
|---|---|
| 16. St. George CU, Kanhiradukkam | 10,000/- |
| 17. FCC Convent, Kanhiradukkam | 1,000/- |
| 18. Ursuline Sisters, Kanhiradukkam | 5,000/- |
| 19. Fr. Vicar St. Sebastians Church, Vellad | 1,00,000/- |
| 20. Fr. Vicar St. Sebastians Church Velimanam | 2,00,000/- |
| 21. Shinu Thomas | 80,000/- |
| 22. Mary Mediatric Provincial House Karakundu (Hyderabad) | 10,000/- |
| 23. SD Convent, Kannur | 1,500/- |
| 24. SABS Convent, Kanichar | 10,000/- |
| 25. KCYM Peravoor Forane | 10,000/- |
| 26. Santhom Higher Secondary School, Kolakkad | 15,000/- |
| 27. CJ Sisters, Alakode | 10,000/- |
| 28. Snehagiri Sisters, Pariyaram | 20,000/- |
| 29. Nirmalagiri College | 1,50,000/- |
| 30. St. George Church, Kanichar | 50,000/- |
| 31. Shishu Bhavan, Kanichar | 10,000/- |
| 32. Fr. Santhosh Nedungatt | 50,000/- |
| 33. St. Thomas Church, Kolakkad | 50,000/- |
| 34. CMI St. Thomas Province | 1,00,000/- |
| 35. Jibi Mon Joseph | 1,000/- |
| 36. Rarichan K P | 500/- |
| 37. Thomas V J Varikanikkal, Kolakkad | 5,000/- |
| 38. SABS Generalate, Aluva | 50,000/- |
| 39. Francis Clarist Convent, Thaliparamba, Kannur | 50,000/- |
| 40. The Society Of the Sisters Of Charity, Mananthavady | 25,000/- |
| 41. Mobile RTGS | 3,000/- |
| 42. Mobile RTGS | 2,000/- |
| 43. St. Joseph Cathedral Thalassery | 50,000/- |
| 44. Society Of Kristu Dasis | 15,000/- |
| 45. Catholic Dioces of Thamarassery | 1,00,000/- |
| 46. Fr. Thomas Pampackal | 3,00,000/- |
| 47. Fr. Antony Thekkemury | 1,000/- |
| 48. Elekutty Chemblayil | 12,000/- |
| 49. Joy Pazhiyara | 1,000/- |
| 50. Joshy Otharakunnel | 1,000/- |
| 51. Fr. Vicar St. Antony's Church Vennakkallu (Fr. Martin) | 31,600/- |
| 52. TLY Roopatha Educational Institutions CO-OP Society Ltd. | 50,000/- |

53. Regional Superior SKD Convent, Kallumutty 15,000/-
54. Francis Abraham & Dolly Francis, Mattam Kannur 50,000/-
55. Holly Family Chruch, Kannur 2,00,000/-
56. Raju Joseph 1,000/-
57. Jestina Jaimon 500/-
58. RTGS 500/-
59. Roy Thomas 500/-

## ഏയ്ഞ്ചൽ – പണമിടപാടുകൾ

ഏയ്ഞ്ചൽ ഡയാലിസിസ് സെന്ററിന്റെ ഫൊറോനകൾ അടിസ്ഥാനമാക്കിയുള്ള സാമ്പത്തിക ഇടപാടുകൾ കൂടുതൽ സുഗമമാക്കുന്നതിനായി ഓരോ മേഖലകളിലും പുതിയ ബാങ്ക് അക്കൗണ്ടുകൾ ആരംഭിച്ചിരുന്നുവല്ലോ. പുതുതായി ആരംഭിച്ച സൗത്ത് ഇന്ത്യൻ ബാങ്ക് അക്കൗണ്ടുകളുടെ പാസ്ബുക്കുകളും, പണമിടപാടുകൾ നടത്തുന്നതിനായി റെസീപ്റ്റ് ബുക്കുകളും എല്ലാ ഫൊറോനകളിലും ലഭ്യമാക്കിയിട്ടുണ്ട്. അതോടൊപ്പം ഓരോ മേഖലകളിലേക്കുമുള്ള ചെക്ക് ബുക്കുകൾ ഏറ്റവും അടുത്ത ദിവസങ്ങളിൽതന്നെ എല്ലാ ഫൊറോനകളിലും ലഭിക്കുന്നതായിരിക്കും.

പരമാവധി 2000/– (രണ്ടായിരം) രൂപവരെ പണമായിട്ട് വാങ്ങുന്നതായിരിക്കും കൂടുതൽ ഉചിതം. സുതാര്യത ഉറപ്പുവരുത്തുന്നതിനായി അതിൽ കൂടുതൽ സംഭാവനയായി ലഭിക്കുന്ന തുക പരമാവധി ബാങ്ക് വഴി ഇടപാടുകൾ നടത്തുവാൻ ശ്രമിക്കാവുന്നതോ അല്ലെങ്കിൽ 2000/– രൂപയിലധികം തരുന്നവരുടെ ആധാർ കാർഡിന്റെ ഒരു കോപ്പിയും വാങ്ങിക്കേണ്ടതാണ്.

ഫൊറോനകളിൽ നിന്നും ഏയ്ഞ്ചൽ ട്രസ്റ്റിന്റെ വരവ്-ചെലവ് കണക്കുകൾ എല്ലാ മാസവും 5-ാം തീയതിക്കു മുമ്പായി ഇതോടൊപ്പം തന്നിരിക്കുന്ന മെയിൽ ഐഡിയിലേക്ക് അയയ്ക്കുവാൻ ഫൊറോനകളുടെ ഉത്തരവാദിത്വമുള്ള അച്ചന്മാർ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

E-mail : tsssacc@gmail.com
കൂടുതൽ വിവരങ്ങൾക്ക് : +917034532294

ഒത്തിരി സ്നേഹത്തോടെ,

**ഫാ. ബെന്നി നിരപ്പേൽ**
മാനേജിംഗ് ട്രസ്റ്റി, ഏയ്ഞ്ചൽ ട്രസ്റ്റ്

# സാമൂഹ്യസേവനവേദി

**തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി**
**(ടി.എസ്.എസ്.എസ്.)**

## തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ 55-ാം വാർഷിക പൊതുസമ്മേളനവും ജനകീയസംഘ നേതൃസംഗമവും

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ 55-ാം വാർഷിക പൊതുസമ്മേളനവും ജനകീയ സംഘ നേതൃസംഗമവും കരുവഞ്ചാൽ ലിറ്റിൽ ഫ്ളവർ ദേവാലയ പാരിഷ് ഹാളിൽവച്ചു നടത്തി. തലശ്ശേരി അതിരൂപത സഹായ മെത്രാൻ മാർ ജോസഫ് പാംപ്ലാനി പിതാവ് അധ്യക്ഷത വഹിച്ച ചടങ്ങിന്റെ ഉദ്ഘാടനകർമ്മം ബഹു. കേരള ജലവിഭവ വകുപ്പ് മന്ത്രി ശ്രീ. റോഷി അഗസ്റ്റിൻ നിർവ്വഹിച്ചു. TSSS ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ സ്വാഗതവും റിപ്പോർട്ട് അവതരണം നടത്തി. ഇരിക്കൂർ നിയോജക മണ്ഡലം എം.എൽ.എ. ശ്രീ. സജീവ് ജോസഫ് മുഖ്യാതിഥിയായിരുന്നു. കണ്ണൂർ നിയോജക മണ്ഡലം എം.എൽ.എ. ശ്രീ. കടന്നപ്പള്ളി രാമചന്ദ്രൻ 2020-2021 വർഷത്തെ TSSS വാർഷിക റിപ്പോർട്ട് പ്രകാശന കർമ്മം നിർവ്വഹിക്കുകയും, തളിപ്പറമ്പ് ആർ.ഡി.ഒ. ശ്രീമതി. ഇ.പി. മേഴ്സി ഡി.ആർ.ആർ. വോളണ്ടിയേഴ്സിനുള്ള എമർജൻസി കിറ്റുകളുടെ വിതരണോദ്ഘാടനം നടത്തുകയും, സുധീർ പ്രൊജക്ട് വോളണ്ടിയേഴ്സിനുള്ള ഹൈജീൻ കിറ്റുകളുടെ വിതരണം കോട്ടയം കെ.എസ്.എസ്.എഫ്. ഡയറക്ടർ റവ. ഫാ. ജേക്കബ് മാവുങ്കൽ നിർവ്വഹിക്കുകയും ചെയ്തു. കൂടാതെ ലോക ഭിന്നശേഷി ദിനത്തോടനുബന്ധിച്ച് എസ്.എൽ.എഫിന്റേയും കാത്തലിക് ഹെൽത്ത് അസോസിയേഷൻ ഓഫ് ഇന്ത്യയുടെയും സഹകരണത്തോടെ വീൽ ചെയറുകൾ, വാക്കറുകൾ എന്നിവയുടെ വിതരണം നടത്തി. അതിരൂപതയിലെ മികച്ച വൈദിക കർഷകർക്കുള്ള അവാർഡുകളും പ്രശസ്തിപത്രവും, എല്ലാ മേഖലകളിൽ നിന്നുമുള്ള മികച്ച കർഷകൻ/കർഷകയ്ക്കുള്ള അവാർഡുകളും പ്രശസ്തിപത്രവും, മികച്ച ക്രെഡിറ്റ് യൂണിയൻ, ഗ്രാമിക, എം.എസ്.എസ്., രൂപതയിലെ മികച്ച പ്രസിഡണ്ട്, സെക്രട്ടറി, മാതൃകാ പ്രസിഡണ്ട്, മാതൃകാ സെക്രട്ടറി അവാർഡുകൾ, സർട്ടിഫിക്കറ്റുകൾ എന്നിവ വിതരണം ചെയ്തു. TSSS ഡയറക്ടർ ബോർഡ് അംഗം ശ്രീ. പി.ടി. ജോസ്, TSSS അതിരൂപതാ പ്രസിഡണ്ട് ശ്രീ. ആന്റണി അത്താഴപ്പാടം, TSSS ആലക്കോട് മേഖലാ പ്രസിഡണ്ട് ശ്രീ. ആന്റണി നിരപ്പേൽ എന്നിവർ ആശംസകളർപ്പിച്ചു സംസാരിച്ചു. TSSS റീജിയണൽ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പൊടിമറ്റം നന്ദി അർപ്പിച്ചു സംസാരിച്ചു.

TSSS-ന്റെ 2020-21 വർഷത്തെ ജനകീയസംഘ നേതൃസംഗമം അതിരൂപതാ വികാരി ജനറാൾ മോൺ. അലക്സ് താരാമംഗലം ഉദ്ഘാടനം ചെയ്തു. TSSS അതിരൂപതാ പ്രസിഡണ്ട് ശ്രീ. ആന്റണി അത്താഴപ്പാടം അധ്യക്ഷത വഹിക്കുകയും TSSS റീജിയണൽ ഡയറക്ടർ ഫാ. ജോൺസൺ വേങ്ങപറമ്പിൽ സ്വാഗതം പറയുകയും ചെയ്തു. കോട്ടയം കെ.എസ്. എസ്.എഫ്. ഡയറക്ടർ റവ. ഫാ. ജേക്കബ് മാവുങ്കൽ ചടങ്ങിൽ മുഖ്യാതിഥിയായിരുന്നു. കരുവഞ്ചാൽ ലിറ്റിൽ ഫ്ളവർ ദേവാലയ വികാരി റവ. ഫാ. ജോസഫ് ഈനാച്ചേരി ആശംസയർപ്പിച്ചു സംസാരിച്ചു. ആർ.സി.സി. പ്രസിഡണ്ടുമാർ മേഖല പ്രവർത്തനാവതരണം നടത്തി. മേഖലകളുടെ പ്രവർത്തനാവലോകനം TSSS റീജിയണൽ ഡയറക്ടർ ഫാ. ജോസഫ് കുരിശുംമൂട്ടിൽ നിർവ്വഹിച്ചു. TSSS ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ പൊതുചർച്ച നയിച്ചു. TSSS റീജിയണൽ ഡയറക്ടർ ഫാ. സാബു പുതുശ്ശേരി ജനകീയസംഘ പ്രവർത്തനങ്ങൾ വിലയിരുത്തുകയും സന്ദേശങ്ങൾ നൽകുകയും ചെയ്തു. TSSS രൂപതാ സെക്രട്ടറി ശ്രീമതി പുഷ്പ ആന്റോ നന്ദിയർപ്പിച്ചു സംസാരിച്ചു.

## അഭിനന്ദനങ്ങൾ

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ 55-ാം വാർഷിക പൊതുസമ്മേളനവും ജനകീയ സംഘ നേതൃസംഗമവും വളരെ വിജയകരമായി പൂർത്തീകരിക്കാൻ സാധിച്ചതിൽ അതിയായ സന്തോഷം. ഒത്തിരിയേറെ പേരുടെ ആത്മാർത്ഥതയുടെയും കൂട്ടായ പരിശ്രമത്തിന്റെയും ഫലമായാണ് ഈ പരിപാടി നമുക്കെല്ലാവർക്കും ഇത്തരത്തിൽ ഒരുക്കാൻ സാധിച്ചത്. അതിനായി ആദ്യാവസാനം അഹോരാത്രം പ്രയത്നിക്കുകയും, വാർഷിക പൊതുയോഗ ചടങ്ങിൽ ഞങ്ങളുടെ ക്ഷണം സ്വീകരിച്ച് നേരിട്ടും ഓൺലൈൻ വഴിയും പങ്കെടുക്കുകയും, ഉപഹാരങ്ങൾ സ്വീകരിക്കുകയും ചെയ്ത എല്ലാ മഹത് വ്യക്തികൾക്കും, TSSS റീജിയണൽ ഡയറക്ടറച്ചന്മാർക്കും, TSSS സ്റ്റാഫ് അംഗങ്ങൾക്കും, TSSS പ്രവർത്തകർക്കും തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നന്ദിയും അഭിനന്ദനങ്ങളും...

## സ്വാഗതം

തലശ്ശേരി അതിരൂപതയുടെ സേവനവിഭാഗത്തിലേക്ക് പുതുതായി സേവനം ചെയ്യാൻ കടന്നുവന്ന റീജിയന്റ് ബ്രദർ അജോയിസ് പൊട്ടക്കുളത്തിലിന് തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി കുടുംബത്തിലേക്ക് ഹൃദയപൂർവ്വം സ്വാഗതം.

## പാലിയേറ്റീവ് കെയർ ട്രെയിനിംഗ്

തലശ്ശേരി അതിരൂപതയിലെ വിവിധ ഇടവകകളിൽ നിന്നുള്ള MSMI സിസ്റ്റേഴ്സിനായുള്ള പാലിയേറ്റീവ് കെയർ ട്രെയിനിംഗ് MSMI കോൺവെന്റിന്റെ

നേതൃത്വത്തിൽ മാങ്ങാട് സംഘടിപ്പിച്ചു. ട്രെയിനിംഗിന്റെ ഉദ്ഘാടനം TSSS ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ നിർവ്വഹിച്ചു. ആധുനിക കാലഘട്ടത്തിൽ വേദനിക്കുന്നവരെയും കിടപ്പുരോഗികളെയും പരിചരി ക്കുന്നതിനും ശുശ്രൂഷിക്കുന്നതിനുമായി 35-ഓളം MSMI സിസ്റ്റേഴ്സ് ട്രെയിനിംഗിൽ പങ്കെടുത്തു. ഡോ. സി. അഞ്ജലി SABS, സി. നാൻസി SABS എന്നിവർ ട്രെയിനിംഗിന് നേതൃത്വം നൽകി. ട്രെയിനിംഗിൽ പങ്കെടുത്ത എല്ലാ സിസ്റ്റർമാർക്കും, അവരെ ഈ പുണ്യപ്രവർത്തിക്ക് പ്രോത്സാഹനമായി കൂടെയായിരിക്കുന്ന MSMI പ്രൊവിൻഷ്യാൾ റവ. സി. ആൻസി മാത്യുവിനും പ്രത്യേകം അഭിനന്ദനങ്ങൾ.

## കാരിത്താസ് ഇന്ത്യ വോളണ്ടിയേഴ്സ് മീറ്റ്

കാരിത്താസ് ഇന്ത്യ നോർത്ത് സോൺ കാറ്റഗറിയിൽ തൃശ്ശൂരിൽ സംഘടിപ്പിച്ച വോളണ്ടിയേഴ്സ് മീറ്റിൽ തലശ്ശേരി അതിരൂപതയിലെ മികച്ച വോളണ്ടിയറായി സി. റീമ എഫ്.സി.സി.യെ തെരഞ്ഞെടുത്തു. കാരിത്താസ് ഇന്ത്യയുടെ വോളണ്ടിയേഴ്സ് മീറ്റിലും പൊതുസമ്മേളനത്തിലും തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ നിന്നും സി. ആഷ, സി. റീമ എഫ്.സി.സി., ശ്രീ. അഖിൽ, ശ്രീമതി മേഴ്സി ജേക്കബ്, ശ്രീമതി മേഴ്സി സെബാസ്റ്റ്യൻ എന്നിവർ പങ്കെടുത്തു. അതിരൂപതയിലെ മികച്ച വോളണ്ടിയറായി കാരിത്താസ് ഇന്ത്യ തെരഞ്ഞെടുത്ത സി. റീമ എഫ്.സി.സിക്ക് എല്ലാവിധ ഭാവുകങ്ങളും അഭിനന്ദനങ്ങളും.

## സേവ് എ ഫാമിലി പ്ലാൻ

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കീഴിൽ കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ വിവിധ സഹായങ്ങൾ നൽകി വരുന്ന സേവ് എ ഫാമിലി പ്ലാൻ (SAFP) നെല്ലിക്കാംപൊയിൽ, ചെമ്പേരി, വെള്ളരിക്കുണ്ട് മേഖലകളിലെ നിർധന കുടുംബങ്ങൾക്ക് സാമ്പത്തിക സഹായങ്ങൾ നൽകി.

## ഡിസാസ്റ്റർ റിസ്ക് റിഡക്ഷൻ (DRR) ഏകദിന പരിശീലനം

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ കാരിത്താസ് ഇന്ത്യയുമായി സഹകരിച്ച് കേരള ഫയർ ഫോഴ്സ് ഇരിട്ടി ടീം അംഗങ്ങൾ ഡിസാസ്റ്റർ റിസ്ക് റിഡക്ഷൻ (DRR) സേനയ്ക്ക് പരിശീലനം നൽകി. ഇരിട്ടി സെന്റ് ജോസഫ്സ് ദേവാലയ ഓഡിറ്റോറിയത്തിൽ വച്ച് നടത്തിയ ഏകദിന പരിശീലനത്തിൽ നെല്ലിക്കാംപൊയിൽ, എടൂർ എന്നീ മേഖലകളിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട 60-ൽപരം സന്നദ്ധ സേനാംഗ ങ്ങൾക്ക് അടിയന്തിരഘട്ടങ്ങളിൽ നടത്തേണ്ട രക്ഷാപ്രവർത്തനങ്ങൾക്കുള്ള പരിശീലനങ്ങളാണ് ഇരിട്ടി ഫയർ ഫോഴ്സ് ടീം അംഗങ്ങൾ നൽകിയത്.

## കാൻസർ പരിശോധനാക്യാമ്പുകൾ

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ കണ്ണൂർ, കാസർഗോഡ് ജില്ലകളിലായി സൗജന്യ കാൻസർ പരിശോധനാ ക്യാമ്പുകൾ നടത്തി. മലബാർ കാൻസർ സെന്ററിലെ ഓങ്കോളജി വിഭാഗ ത്തിലെ ഡോക്ടർമാരുടെ നേതൃത്വത്തിൽ വായിലെ കാൻസർ, സ്തനാർ ബുദം, ഗർഭാശയ കാൻസർ തുടങ്ങിയവയുടെ സൗജന്യ പരിശോധന നിശ്ചയിച്ചിരിക്കുന്ന ദിവസങ്ങളിൽ ചിറ്റാരിക്കാൽ, ആലക്കോട്, നെല്ലിക്കാംപൊയിൽ എന്നിവിടങ്ങളിൽ നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് അതാത് മേഖലകളിലെ TSSS സ്റ്റാഫ് അംഗങ്ങളെ ബന്ധപ്പെടാവുന്നതാണ്.

## സ്നേഹാദരങ്ങൾ

കോവിഡ് കാലഘട്ടത്തിലെ മാതൃകാപരമായ മികച്ച പ്രവർത്തന ങ്ങൾക്ക് നെല്ലിക്കാംപൊയിൽ മേഖലയുടെ നേതൃത്വത്തിൽ മെമെന്റോയും, IGFG ഗ്രാമദീപം ഫേസ്ബുക്ക് കൂട്ടായ്മയുടെ നേതൃത്വത്തിൽ Resilient Warriors of Covie-19 എന്നീ സ്നേഹാദരങ്ങൾ എന്നിലൂടെ തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയിലേക്ക് നൽകിയതിന് നെല്ലിക്കാംപൊയിൽ മേഖലയ്ക്കും IGFG ഗ്രാമദീപം ഫേസ്ബുക്ക് കൂട്ടായ്മയ്ക്കും സ്നേഹ പൂർവ്വം നന്ദി അറിയിക്കുന്നു.

## ക്രിസ്മസ് - പുതുവത്സര ആശംസകൾ

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ 2020 വർഷത്തെ ക്രിസ്മസ് ആഘോഷം തലശ്ശേരി TSSS കേന്ദ്ര ഓഫീസിൽവച്ച് നടത്തി. ദൈവപുത്രന്റെ തിരുപ്പിറവി ഓർമ്മിച്ചുകൊണ്ട് വന്നെത്തിയ ശാന്തിയുടെയും സ്നേഹത്തിന്റെയും ഈ ക്രിസ്മസ് ആഘോഷം പുൽക്കൂടൊരുക്കിയും കേക്ക് മുറിച്ച് വിതരണം ചെയ്തും ഓഫീസ് സ്റ്റാഫ് അംഗങ്ങൾ ഒത്തുകൂടി. സ്നേഹവും നന്മയും നിറഞ്ഞ നല്ല നാളുകൾ നേർന്നുകൊണ്ട് ഏവർക്കും തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി കുടുംബത്തിന്റെ ക്രിസ്മസ് - പുതുവത്സര ആശംസകൾ...

ഒത്തിരി സ്നേഹത്തോടെ,

**ഫാ. ബെന്നി നിരപ്പേൽ**
ഡയറക്ടർ

# വന്ദ്യപിതാവിന്റെ  ഡയറിയിൽനിന്ന്

## മാർ ജോർജ് ഞറളക്കാട്ട്

### നവംബർ2021

25 രാവിലെ 6.30 ന് കത്തീഡ്രൽ ദേവാലയത്തിൽ പൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന വൈദികരോടൊപ്പം വിശുദ്ധ ബലിയർപ്പിച്ചു. തുടർന്ന് അതിരൂപതാ കാര്യാലയത്തിൽ സന്ദർശകരെ സ്വീകരിച്ചു. ഉച്ചകഴിഞ്ഞ് 3 മണിക്ക് ദ്വാരക ഇടവകയിൽ നടന്ന ജൂബിലി ആഘോഷത്തിൽ ബലിയർപ്പിച്ച് സന്ദേശം നൽകി.

26 രാവിലെ 6.30 ന് നടവയൽ ഇടവകയിൽ അമ്മയുടെ ചരമവാർഷികത്തിൽ വിശുദ്ധ ബലിയർപ്പിച്ചു. തുടർന്ന് 10 മണിക്ക് പുഞ്ചവയലിലുള്ള അഗ്രോ പാർക്ക് സന്ദർശിച്ചു. വൈകുന്നേരം 5 മണിക്ക് മക്കിയാട് ബനഡിക്ടെൻ ആശ്രമത്തിൽ ജൂബിലി ആഘോഷത്തോടനുബന്ധിച്ച് വിശുദ്ധ ബലിയർപ്പിച്ചു.

27 രാവിലെ 10 മണിക്ക് ചെമ്പേരി എൻജിനീയറിങ് കോളേജിൽ നടന്ന പ്രസ്ബിത്തേരിയത്തിൽ അധ്യക്ഷതവഹിച്ചു. വൈകുന്നേരം 7 മണിക്ക് അതിരൂപതാ കാര്യാലയത്തിൽ പ്രൊക്യൂറേറ്റർ ആന്റണി പരതേപതിക്കലച്ചന്റെയും പിതാവിന്റെയും പൗരോഹിത്യ ജൂബിലി ആഘോഷത്തിൽ സംബന്ധിച്ചു.

28 രാവിലെ 9.30 ന് തലശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ നവീകരിച്ച വിശുദ്ധ കുർബാന ക്രമം ഉദ്ഘാടനം ചെയ്ത് വിശുദ്ധ ബലിയർപ്പിച്ചു. വൈകുന്നേരം 6.30 ന് കോഴിക്കോട് എസ്.കെ.ഡി ജനറേറ്റിൽ നടന്ന ജൂബിലി ആഘോഷത്തിൽ ബലിയർപ്പിച്ചു.

29 രാവിലെ 10.30 ന് താമരശ്ശേരി രൂപതയുടെ ആഭിമുഖ്യത്തിൽ താമരശ്ശേരി കത്തീഡ്രൽ ദേവാലയത്തിൽ വച്ച് നടന്ന ജൂബിലി ആഘോഷത്തിൽ വിശുദ്ധ ബലിയർപ്പിച്ചു. തുടർന്ന് നടന്ന പൊതുസമ്മേളനത്തിൽ പങ്കെടുത്തു.

30 രാവിലെ 10.30 ന് ബൽത്തങ്ങാടി രൂപതയുടെ ആഭിമുഖ്യത്തിൽ ബൽത്തംഗടി കത്തീഡ്രൽ ദൈവാലയത്തിൽവച്ച് നടന്ന ജൂബിലി

ആഘോഷത്തിൽ വിശുദ്ധ ബലിയർപ്പിച്ചു. തുടർന്ന് നടന്ന പൊതു സമ്മേളനത്തിൽ പങ്കെടുത്തു.

## ഡിസംബർ 2021

01 അതിരൂപതാ കാര്യാലയത്തിൽ സന്ദർശകരെ സ്വീകരിച്ചു

02 അതിരൂപതാ കാര്യാലയത്തിൽ സന്ദർശകരെ സ്വീകരിച്ചു. ഉച്ചകഴിഞ്ഞ് 3 മണിക്ക് ഈ വർഷം തലശ്ശേരി അതിരൂപതയ്ക്കുവേണ്ടി വൈദികപട്ടം സ്വീകരിക്കുന്ന ഡീക്കൻമാരും അവരുടെ മാതാപിതാക്കന്മാരുമായി വീഡിയോ കോൺഫറൻസിലൂടെ കൂടിക്കാഴ്ച നടത്തി.

03 അതിരൂപതാകാര്യാലയത്തിൽ സന്ദർശകരെ സ്വീകരിച്ചു

04 രാവിലെ 10 മണിക്ക് സന്ദേശഭവനിൽ നടന്ന ആൽഫ ഇൻസ്റ്റിറ്റ്യൂട്ട് ബിരുദദാന ചടങ്ങ് ഉദ്ഘാടന കർമ്മം നിർവഹിച്ചു. ഉച്ചകഴിഞ്ഞ് 4 മണിക്ക് കണിച്ചാർ ജീസസ് ശിശുഭവനിൽ ബലിയർപ്പിച്ചു.

05 രാവിലെ 7 30ന് മാനന്തവാടി രൂപതയിലെ ആറാട്ടുതറ ഇടവകയിൽ വിശുദ്ധ ബലിയർപ്പിച്ചു.

06 രാവിലെ 10 മണിക്ക് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന കാറ്റിക്കിസം ഡയറക്ടേഴ്സ് മീറ്റിങ്ങിൽ അധ്യക്ഷത വഹിച്ചു.

07-09 പാലാരിവട്ടം പിഒസിയിൽ നടന്ന കെസിബിസി യോഗത്തിൽ പങ്കെടുത്തു.

10 അതിരൂപതാ കാര്യാലയത്തിൽ സന്ദർശകരെ സ്വീകരിച്ചു. ഉച്ചകഴിഞ്ഞ് 3 മണിക്ക് ആലക്കോട് റീജിയണിലെ എകെസിസി ഭാരവാഹികളുടെ സമ്മേളനം ഉദ്ഘാടനം ചെയ്തു. വൈകുന്നേരം അതിരൂപതാ കാര്യാലയത്തിൽ നടന്ന മാസധ്യാനത്തിൽ പങ്കെടുത്തു. തുടർന്ന് നടന്ന പൊതുചർച്ചയ്ക്ക് നേതൃത്വം കൊടുത്തു.

11 രാവിലെ 10 മണിക്ക് തളിപ്പറമ്പ് സെന്റ്മേരീസ് ഓഡിറ്റോറിയത്തിൽ നടന്ന മാതൃവേദി ജനറൽബോഡി മീറ്റിംഗ് ഉദ്ഘാടനം ചെയ്തു. തുടർന്ന് 12 മണിക്ക് ചെറുപുഷ്പ മിഷൻ ലീഗ് തളിപ്പറമ്പ് മേഖല ജൂബിലി ഗാനം പ്രകാശനം ചെയ്തു. വൈകുന്നേരം 4 മണിക്ക് ചെങ്ങോം ഇടവകയിൽ വിശുദ്ധ ബലിയർപ്പിച്ചു.

12 വെണ്ണക്കല്ല് ഇടവകയിൽ അജപാലന ശുശ്രൂഷ നടത്തി.

13 ഇരിട്ടി എസ്.കെ.ഡി റീജനൽ ഹൗസിൽ വിശുദ്ധ ബലിയർപ്പിച്ചു. വൈകുന്നേരം 8.30 ന് ഓൺലൈനിലൂടെ നടന്ന കാത്തലിക് നഴ്സസ്

ഗിൽഡ് ഓഫ് ഇന്ത്യയുടെ കേരള റീജണൽ മീറ്റിംഗ് ഉദ്ഘാടനം ചെയ്തു.

14 രാവിലെ 7 മണിക്ക് പരിയാരം മിഷണറീസ് ഓഫ് ജീസസ് കോൺവെന്റിൽ വിശുദ്ധ ബലിയർപ്പിച്ചു. തുടർന്ന് അതിരൂപതാ കാര്യാലയത്തിൽ സന്ദർശകരെ സ്വീകരിച്ചു.

15 അതിരൂപതാ കാര്യാലയത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം 8.30 ന് ചെറുപുഷ്പ മിഷൻലീഗ് കുട്ടികളുമായി സുവർണ ജൂബിലി സ്മരണകൾ പങ്കുവെച്ചു.

16 അതിരൂപതാ കാര്യാലയത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം 9 മണിക്ക് ഓൺലൈനിലൂടെ നടന്ന സ്ഥിരം സിനഡിൽ പങ്കെടുത്തു.

17 അതിരൂപതാ കാര്യാലയത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം കണ്ണൂർ ഹോളിഫാമിലി ഇടവക സന്ദർശിച്ചു.

18 രാവിലെ 7.30 ന് കുടിയാൻമല ഇടവകയിൽ ദമ്പതികളുടെ അഞ്ചാമത്തെ കുട്ടിക്ക് മാമ്മോദീസ നൽകി. തുടർന്ന് കരുവഞ്ചാൽ ശാന്തിഭവനിൽ ബഹു. ആൻഡ്രൂസ് തെക്കേകണ്ടം അച്ചന്റെ പൗരോഹിത്യ സുവർണ ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് മഞ്ഞളാംപുറം സ്കൂളിൽ പുതിയതായി പണിത ലൈബ്രറി കെട്ടിടം വെഞ്ചരിച്ചു. തുടർന്ന് മഞ്ഞളാംപുറം ഇടവകയിൽ വിശുദ്ധ ബലിയർപ്പിച്ചു.

19 കോട്ടൂർ ഇടവകയിൽ അജപാലന സന്ദർശനം നടത്തി. വൈകുന്നേരം ഇരിക്കൂർ സി.എസ്.റ്റി മൈനർ സെമിനാരി സന്ദർശിച്ചു.

20 രാവിലെ 6.30 ന് കത്തീഡ്രൽ ദേവാലയത്തിൽവച്ച് പൗരോഹിത്യ സ്വീകരണത്തിന്റെ അൻപതാം വാർഷിക ദിനത്തിൽ വിശുദ്ധ ബലി അർപ്പിച്ചു. തുടർന്ന് അതിരൂപതാ കാര്യാലയത്തിൽ സന്ദർശകരെ സ്വീകരിച്ചു. 11 മണിക്ക് ബയോ മൗണ്ടെൻ ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് കമ്പനിയുടെ അവലോകന യോഗത്തിൽ അധ്യക്ഷത വഹിച്ചു. ഉച്ചകഴിഞ്ഞ് 4 മണിക്ക് സാൻജോസ് മെട്രോപോളിറ്റൻ സ്കൂളിന്റെ ആഭിമുഖ്യത്തിൽ തലശ്ശേരി സമരിറ്റൻ ഭവനിൽ നടന്ന ക്രിസ്മസ് ആഘോഷത്തിൽ പങ്കെടുത്തു.

21 രാവിലെ 10 മണിക്ക് തളിപ്പറമ്പ് സെന്റ്മേരീസ് ഓഡിറ്റോറിയത്തിൽ ഫാമിലി അപ്പോസ്റ്റോലേറ്റിന്റെ ആഭിമുഖ്യത്തിൽ നടന്ന ജീവോത്സവം ഉദ്ഘാടനം ചെയ്തു. ഉച്ചകഴിഞ്ഞ് 3 മണിക്ക് ചെമ്പേരി വിമല ഹോസ്പിറ്റലിൽ പുതിയതായി നിർമ്മിച്ച ലാബ് വെഞ്ചരിച്ചു. തുടർന്ന് ചെമ്പേരി ടൗണിൽ കെസിബിസി മദ്യവിരുദ്ധ സമിതിയുടെ

വാർഷികത്തോടനുബന്ധിച്ച് നടന്ന പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു.

22 അതിരൂപതാ കാര്യാലയത്തിൽ സന്ദർശകരെ സ്വീകരിച്ചു.

23 രാവിലെ 11 മണിക്ക് മാനടുക്കം ഇടവകയിൽ മാത്യു വള്ളിമല അച്ചന്റെ അമ്മ ത്രേസ്യാമ്മ വള്ളിമലയുടെ മൃതസംസ്കാര ശുശ്രൂഷയിൽ മുഖ്യകാർമികത്വം വഹിച്ചു. വൈകുന്നേരം 5 മണിക്ക് തലശ്ശേരി ടൗണിൽ കത്തീഡ്രൽ ഇടവകയുടെ ആഭിമുഖ്യത്തിൽ നടന്ന ക്രിസ്മസ് ആഘോഷത്തിൽ അധ്യക്ഷത വഹിച്ചു.

24 അതിരൂപതാ കാര്യാലയത്തിൽ സന്ദർശകരെ സ്വീകരിച്ചു.

25 പുലർച്ചെ 12 മണിക്ക് കത്തീഡ്രൽ ദേവാലയത്തിൽ തിരുപ്പിറവിയുടെ തിരുകർമ്മങ്ങളിൽ മുഖ്യകാർമികത്വം വഹിച്ചു.

◈◈◈◈◈

# Programme of the Archbishop
# MAR GEORGE NJARALAKATT

## JANUARY 2022

| | | |
|---|---|---|
| 01-02 | | - Pala |
| 03 | 09.00 am | - Ordination – Edoor |
| | 05.30 pm | - Jubilee – MSMI Pariyaram |
| 04 | 09.00 am | - Ordination - Anamanjal |
| 05 | 09.00 am | - Ordination - Randamkadavu |
| 06 | | - Alattil |
| 07-15 | | - Synod |
| 16 | 04.00 pm | - Holy Qurbana - Koluvally |
| 17 | 09.00 am | - Ordination – Panathady |
| | 03.30 pm | - Holy Qurbana - Manippara |
| 19 | | - Visitors day |
| 20 | 04.00 pm | - Holy Qurbana - Mampoil |
| 21 | 06.45 am | - Holy Qurbana-SABS Provincial House Kilianthara |
| | 04.30 pm | - Cemetery blessing-Mundanoor |
| 22 | 09.30 am | - La Salette Bhavan blessing-Chemperi |
| 23 | | - Bangalore |
| 24 | | - Sulthan Bathery |
| 25 | 10.00 am | - Consulters meet |
| 26 | 10.00 am | - Benefactors day-Minor Seminary |

| | | | |
|---|---|---|---|
| | 04.00 pm | - | Vocation Bureau Meeting-Minor Seminary |
| | 07.00 pm | - | New Priests day-Abp House |
| 27 | 06.30 am | - | New Priests day-Cathedral |
| | 04.00 pm | - | UP School blessing-Karikkottakkary |
| 28 | | - | Visitors day |
| 29 | | - | Dwaraka |
| 30 | | - | Pastoral visit |
| 31 | | - | Payyavoor |

**FEBBRUARY 2022**

| | | | |
|---|---|---|---|
| 02 | | - | Visitors day |
| 03 | | - | Joint Curia Meeting |
| 05 | 10.30 am | - | Holy Qurbana-CJ Convent Alakode |
| | 04.30 pm | - | Parish Golden Jubilee-Parappa |
| 06 | | - | Pastoral visit-Pullady |
| 08 | | - | Presbyteral council |
| 09 | | - | Monthly Recollection |
| 10 | | - | Kolakkad |
| 11 | | - | Kallody |
| 12 | 10.00 am | - | Vayattuparamba |
| | 03.00 pm | - | CML Council-Thaliparamba |
| 13 | | - | Pastoral visit |
| 15 | | - | Major Superiors Meeting |

**Secretary to the Archbishop**

# വന്ദ്യപിതാവിന്റെ  ഡയറിയിൽനിന്ന്

## മാർ ജോർജ് വലിയമറ്റം

### നവംബർ 2021

27 രാവിലെ 7 മണിക്ക് വെള്ളാട് ഇടവകയിൽ കുട്ടികളുടെ ആഘോഷമായ ദിവ്യകാരുണ്യ സ്വീകരണത്തിൽ മുഖ്യകാർമികത്വം വഹിച്ചു.

### ഡിസംബർ 2021

01 രാവിലെ 6.30 ന് ചെമ്പേരി കരുണാലയത്തിൽ വിശുദ്ധ ബലിയർപ്പിച്ചു. തുടർന്ന് 10 മണിക്ക് ചെമ്പേരി ഇടവകയിൽ നിര്യാതനായ തോമസ് കുളത്തറയുടെ മൃതസംസ്കാര ശുശ്രൂഷയിൽ മുഖ്യ കാർമികത്വം വഹിച്ചു.

02 ഉച്ചകഴിഞ്ഞ് 3 മണിക്ക് നെടുംപുറംചാൽ ഇടവകയിൽ ശ്രീ. ജോർജുകുട്ടി ഇരുമ്പുക്കുഴിയുടെ ഒന്നാം ചരമവാർഷികത്തിൽ വിശുദ്ധ ബലിയർപ്പിച്ചു. തുടർന്ന് ഭവനത്തിൽ നടന്ന പ്രാർത്ഥനകൾക്ക് നേതൃത്വം കൊടുത്തു.

04 ഉച്ചകഴിഞ്ഞ് 2 മണിക്ക് കിളിയന്തറ എസ് എ ബി എസ് പ്രൊവിൻഷ്യൽ ഹൗസിൽ പരേതയായ സിസ്റ്റർ ആനീസ് മരിയയുടെ മൃതസംസ്കാര ശുശ്രൂഷയിൽ മുഖ്യകാർമികത്വം വഹിച്ചു.

08 രാവിലെ 6.30ന് തലശ്ശേരി നസ്രത്ത് കോൺവെന്റിൽ വിശുദ്ധ ബലിയർപ്പിച്ചു.

10 വൈകുന്നേരം 5 മണിക്ക് എടക്കോം ഇടവകയിൽ പരേതനായ മുട്ടത്ത് ജോസഫിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ മുഖ്യകാർമികത്വം വഹിച്ചു.

17 തൊക്കിലങ്ങാടി ക്രിസ്തുരാജ ആശുപത്രിയിൽ വിശ്രമിക്കുന്ന തോമസ് പതിക്കലച്ചനെയും തോമസ് കൊച്ചുകരോട്ടച്ചനെയും സന്ദർശിച്ചു.

18 വൈകുന്നേരം 5.30ന് ഇരിട്ടി ടൗണിൽ കെ.സി.വൈ.എമ്മിന്റെ ആഭിമുഖ്യത്തിൽ നടത്തിയ ക്രിസ്മസ് പാപ്പാമാരുടെ സംഗമം *ബോൺ നത്താലെ* ഉദ്ഘാടനം ചെയ്തു.

23 രാവിലെ 11 മണിക്ക് മാനടുക്കം ഇടവകയിൽ വള്ളിമല അച്ചന്റെ അമ്മ ത്രേസ്യാമ്മ വള്ളിമലയുടെ മൃതസംസ്കാരശുശ്രൂഷയിൽ പങ്കെടുത്തു.

25 പുലർച്ചെ 12 മണിക്ക് തലശ്ശേരി സന്ദേശഭവനിൽ നടന്ന തിരുപ്പിറവിയുടെ തിരുകർമ്മങ്ങളിൽ മുഖ്യകാർമികത്വം വഹിച്ചു.

# വന്ദ്യപിതാവിന്റെ  ഡയറിയിൽനിന്ന്

**മാർ ജോസഫ് പാംപ്ലാനി**

## നവംബർ 2021

25 രാവിലെ രാവിലെ 8.30 ന് വണ്ണായിക്കടവിൽ "നമ്മുടെ വിപണി" ഉദ്ഘാടനം ചെയ്തു. 10.30 ന് ചെമ്പേരി വിമൽജ്യോതി എൻജിനീയറിംഗ് കോളേജ് സന്ദർശിച്ചു. ഉച്ചകഴിഞ്ഞ് കുന്നോത്ത് ഗുഡ്ഷെപ്പേർഡ് മേജർ സെമിനാരി സന്ദർശിച്ചു. വൈകുന്നേരം ഇന്ദിരാഗാന്ധി ഹോസ്പിറ്റലിൽ ചികിത്സയിലായിരുന്ന ജേക്കബ് കരോട്ടച്ചനെ സന്ദർശിച്ചു.

26 വയനാട് പുഞ്ചവയലിലുള്ള അഗ്രോ പാർക്ക് സന്ദർശിച്ചു. വൈകുന്നേരം 8.30 ന് ഓൺലൈനിലൂടെ ഡി.എം കോൺഗ്രിഗേഷനിലെ സിസ്റ്റേഴ്സിന് ക്ലാസെടുത്തു.

27 രാവിലെ 10 മണിക്ക് ചെമ്പേരി വിമൽജ്യോതി എൻജിനീയറിംഗ് കോളേജിൽ നടന്ന പ്രസ്ബിത്തേരിയത്തിൽ പങ്കെടുത്തു. വൈകുന്നേരം 7 മണിക്ക് ആർച്ചുബിഷപ്പ് ഹൗസിൽ അഭിവന്ദ്യ ജോർജ് ഞറളക്കാട്ട് പിതാവിന്റെയും ഫാ. ബാബു പരതേപതിക്കലിന്റെയും ജൂബിലി ആഘോഷത്തിൽ ആശംസകൾ അറിയിച്ചു സംസാരിച്ചു. 9 മണിക്ക് ജീസസ് യൂത്ത് അംഗങ്ങൾക്ക് ഓൺലൈനിലൂടെ ക്ലാസ്സെടുത്തു.

28 രാവിലെ 8 മണിക്ക് പുലിക്കുരുമ്പ സെന്റ് അഗസ്റ്റിൻസ് ദേവാലയത്തിൽ കുട്ടികളുടെ ആഘോഷമായ ദിവ്യകാരുണ്യ സ്വീകരണത്തിൽ മുഖ്യകാർമികത്വം വഹിച്ചു. ജോസ്മൗണ്ട് ഇടവകയിൽ നിര്യാതനായ കുഴുമ്പിൽ ആന്റണിയുടെ ഭവനത്തിലെത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

29-3 മംഗലാപുരം രൂപതയിലെ വൈദികരുടെ വാർഷിക ധ്യാനത്തിന് നേതൃത്വം കൊടുത്തു.

## ഡിസംബർ 2021

03 വൈകുന്നേരം 4 മണിക്ക് ഹൊസങ്കടി ഇടവകയിൽ വിശുദ്ധ ബലിയർപ്പിച്ചു.

04 രാവിലെ 10 മണിക്ക് സന്ദേശഭവനിൽ നടന്ന ആൽഫ ഇൻസ്റ്റിറ്റ്യൂട്ട് ബിരുദദാന ചടങ്ങിൽ മുഖ്യപ്രഭാഷണം നടത്തി. ഉച്ചകഴിഞ്ഞ് 2 മണിക്ക്

കരുവഞ്ചാലിൽ നടന്ന തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റിയുടെ വാർഷിക സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു. വൈകുന്നേരം 7 മണിക്ക് സിനഡാലിറ്റിയെക്കുറിച്ച് അതിരൂപതാ തല റിസോഴ്സ് ടീമിന് ക്ലാസെടുത്തു. 8 മണിക്ക് കെ.സി.വൈ.എം ഭരണ സമിതി യോഗത്തിൽ അധ്യക്ഷത വഹിച്ചു.

05 കാലാങ്കി ഇടവകയിൽ അജപാലന സന്ദർശനം നടത്തി

07-09 പാലാരിവട്ടം പിഒസിയിൽ നടന്ന കെസിബിസി മെത്രാൻ സമിതിയുടെ യോഗത്തിൽ പങ്കെടുത്തു.

07 ആലുവ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരിയിൽ വിശുദ്ധ യൗസേപ്പിതാവിന്റെ വർഷാചരണത്തോടനുബന്ധിച്ച് നടത്തിയ സെമിനാറിൽ ക്ലാസെടുത്തു.

08 രാവിലെ 6.30 ന് ആലുവ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരിയിൽ വിശുദ്ധ ബലിയർപ്പിച്ചു.

10 അതിരൂപതാ കാര്യാലയത്തിൽ സന്ദർശകരെ സ്വീകരിച്ചു. 3 മണിക്ക് ഫാമിലി അപ്പോസ്റ്റലേറ്റ്ഭരണസമിതിയോഗത്തിൽ അധ്യക്ഷതവഹിച്ചു. 6.30ന് പൂന പേപ്പൽ സെമിനാരിയിലെ വിദ്യാർത്ഥികൾക്ക് സിനഡാലിറ്റി യെക്കുറിച്ചു ക്ലാസ്സെടുത്തു. തുടർന്ന് 7 മണിക്ക് അതിരൂപതാ കാര്യാല യത്തിൽ നടന്ന മാസധ്യാനത്തിൽ പങ്കെടുത്തു.

11 രാവിലെ 9 മണിക്ക് കരുവഞ്ചാൽ ഹോസ്പിറ്റലിൽ നിർമാണ പ്രവർത്തന അവലോകന യോഗത്തിൽ അധ്യക്ഷത വഹിച്ചു. ഉച്ചയ്ക്ക് 12.30 ന് കാരിത്താസ് ഇന്ത്യയുടെ ഓൺലൈനിലൂടെ നടന്ന അവാർഡ് പ്രഖ്യാപന ചടങ്ങിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് 2.30 ന് പേരാവൂർ ഫൊറോന കൗൺസിലിൽ സിനഡാലിറ്റിയെക്കുറിച്ചു ക്ലാസ്സെടുത്തു.

12 രാവിലെ 7 മണിക്ക് മണിക്കടവ് ഇടവകയിൽ വിശുദ്ധ ബലിയർപ്പിച്ചു. തുടർന്ന് ഡീക്കൻ ജിബിൻ വട്ടക്കാട്ടേലിന്റെ ഭവനം സന്ദർശിച്ചു. തുടർന്ന് പാറേക്കാട്ടിൽ ജോണിയുടെ ഭവനം സന്ദർശിച്ചു. ഉച്ചകഴിഞ്ഞ് എൻജിനീയറിങ് കോളേജിലെ അച്ചന്മാരുമായി കൂടിക്കാഴ്ച നടത്തി.

13-17 മംഗലാപുരം രൂപതയിലെ വൈദികരുടെ വാർഷിക ധ്യാനത്തിന് നേതൃത്വം കൊടുത്തു.

17 വൈകുന്നേരം ദീപിക ദിനപത്രത്തിന്റെ സ്റ്റാഫ് നവാസ് മേത്തറിന്റെ ഭവനം സന്ദർശിച്ചു. തുടർന്ന് മിംസ് ഹോസ്പിറ്റലിൽ ബഹു. ജോൺ വടക്കുംമൂലയിലച്ചനെ സന്ദർശിച്ചു.

18 രാവിലെ 10 മണിക്ക് ഇരിട്ടി റീജിയണിലെ എ.കെ.സി.സി ഭാരവാഹികളുടെ സമ്മേളനത്തിൽ മുഖ്യാതിഥിയായി പങ്കെടുത്തു. തുടർന്ന് ചെമ്പേരി കരുണാലയം സന്ദർശിച്ചു. ഉച്ചകഴിഞ്ഞ് 3 മണിക്ക് ചെമ്പേരി റീജിയണിലെ എ.കെ.സി.സി ഭാരവാഹികളുടെ സമ്മേളനത്തിൽ മുഖ്യാതിഥിയായി പങ്കെടുത്തു. വൈകുന്നേരം 6 മണിക്ക് ഇരിട്ടി ടൗണിൽ കെസിവൈഎം നടത്തിയ ക്രിസ്മസ് പാപ്പാമാരുടെ സംഗമം *ബോൺ നത്താലേ* പരിപാടിയിൽ ക്രിസ്മസ് സന്ദേശം നൽകി. രാത്രി 9.30 ന് ഓൺലൈനിലൂടെ നടന്ന സീറോ മലബാർ മീഡിയ കമ്മീഷൻ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു.

19 രാവിലെ 10 മണിക്ക് കണ്ണമാലിയിൽ നടന്ന കൊച്ചിരൂപത യുവജന കൺവെൻഷനിൽ മുഖ്യാതിഥിയായി പങ്കെടുത്തു. വൈകുന്നേരം 5 മണിക്ക് പാലാരിവട്ടം പിഒസിയിൽ നടന്ന കെസിബിസി മാധ്യമ കമ്മീഷൻ അവാർഡ് ദാന ചടങ്ങിൽ അധ്യക്ഷത വഹിച്ചു.

20 രാവിലെ 6.30 ന് തലശ്ശേരി കത്തീഡ്രൽ ദേവാലയത്തിൽ നടന്ന മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെ പൗരോഹിത്യ സ്വീകരണത്തിന്റെ അൻപതാം വാർഷികദിനത്തിൽ വിശുദ്ധ ബലിയിൽ സന്ദേശം നൽകി. തുടർന്ന് അതിരൂപതാ കാര്യാലയത്തിൽ സന്ദർശകരെ സ്വീകരിച്ചു. 11 മണിക്ക് അതിരൂപത കാര്യാലയത്തിൽ നടന്ന ബയോ മൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് കമ്പനിയുടെ അവലോകന യോഗത്തിൽ പങ്കെടുത്തു. വൈകുന്നേരം 6 മണിക്ക് കണ്ണൂർ ടൗണിൽ നടന്ന എക്യുമെനിക്കൽ ക്രിസ്മസ് ആഘോഷത്തിൽ സന്ദേശം നൽകി.

21 രാവിലെ 9 മണിക്ക് ഡൽഹിയിൽ കസ്തൂരിരംഗൻ റിപ്പോർട്ട് നടപ്പിലാക്കുന്നതിലെ അപാകതകൾ ചൂണ്ടിക്കാണിക്കുന്നതിനും കർഷകരുടെ താല്പര്യങ്ങൾ സംരക്ഷിക്കാതെ റിപ്പോർട്ട് നടപ്പിലാക്കരുതെന്നു ആവശ്യപ്പെട്ടുകൊണ്ടും കെ.സി.ബി.സി യുടെ ഡെലഗേഷനംഗമായി കേന്ദ്ര പരിസ്ഥിതി മന്ത്രി ശ്രീ. രൂപേന്ദർ യാദവുമായി കൂടിക്കാഴ്ച നടത്തി.

22 രാവിലെ അതിരൂപതാ കാര്യാലയത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം 4 മണിക്ക് വിളക്കന്നൂർ ക്രിസ്തുരാജ ദേവാലയത്തിൽ വിശുദ്ധ ബലിയർപ്പിച്ചു. 6 മണിക്ക് കെസിവൈഎം നെല്ലിക്കാംപൊയിൽ ഫൊറോനയുടെ ആഭിമുഖ്യത്തിൽ ഉളിക്കലിൽ നടന്ന എക്യൂമെനിക്കൽ ക്രിസ്മസ് ആഘോഷത്തിൽ സന്ദേശം നൽകി. തുടർന്ന് മാനടുക്കം ഇടവകയിൽ വള്ളിമല അച്ചന്റെ അമ്മയുടെ നിര്യാണത്തിൽ ഭവന

ത്തിലെത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. വെള്ളരിക്കുണ്ടിൽ കാട്ടുപന്നി ആക്രമണത്തിൽ മരണമടഞ്ഞ കൊച്ചുമറ്റത്തിൽ ജോയിയുടെ ഭവനത്തിലെത്തി അന്തിമോപചാരമർപ്പിച്ചു.

23 അതിരൂപതാ കാര്യാലയത്തിൽ സന്ദർശകരെ സ്വീകരിച്ചു

24 അതിരൂപതാ കാര്യാലയത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം 8 മണിക്ക് മുണ്ടാനൂർ ഇടവകയിൽ നടത്തിയ യുവജന ക്രിസ്മസ് സംഗമത്തിൽ അധ്യക്ഷത വഹിച്ചു.

25 പുലർച്ചെ 12 മണിക്ക് മുണ്ടാനൂർ ഇടവകയിൽ തിരുപ്പിറവിയുടെ തിരുക്കർമ്മങ്ങളിൽ മുഖ്യകാർമ്മികത്വം വഹിച്ചു. 6 മണിക്ക് ചരൾ ഇടവകയിൽ വി. ബലിയർപ്പിച്ചു.

◈◈◈◈◈

## Programme of the Auxiliary Bishop

## MAR JOSEPH PAMPLANY

**January 2022**

| | | | |
|---|---|---|---|
| 01 | 09.00 am | - | Ordination - Charal |
| 02 | 04.00 pm | - | Holy Qurbana-Rajamudy |
| 03 | 09.30 am | - | Ordination-Velimanam |
| | 02.30 pm | - | Ordination-Padiyottuchal |
| 05 | 09.00 am | - | Ordination -Vayattuparamba |
| | 07.00 pm | - | Golden Jubilee Celebration- Abp House |
| 06 | 09.00 am | - | Ordination-Punnakkunnu |
| | 03.00 pm | - | Jubilee-Chavaragiri |
| 07-15 | | - | Synod |
| 18 | | - | Perla |
| 19 | 09.30 am | - | HS Anniversary -Kunnoth |
| 20 | | - | SABS Provincial House Kilianthara |
| 22 | | - | Padiyottuchal |
| 23 | | - | Pastoral visit |
| 25 | 10.00 am | - | Consulters' Meet |
| 26 | 10.00 am | - | CML Directors' Meet - Thaliparamba |
| | 07.00 pm | - | New Priests day - Abp House |
| 27 | 06.30 am | - | New Priests day – Cathedral |
| | 04.00 pm | - | UP School blessing - Karikkottakkary |
| 28 | 04.00 pm | - | Holy Qurbana - Parappa |
| 29 | 10.00 am | - | Angadikadavu Higher Secondary School |
| 30 | | - | Pastoral visit |
| 31 | | - | Pooparamba |

**Secretary to the Auxiliary Bishop**

## 2022 ലെ പ്രധാന പരിപാടികൾ

| | |
|---|---|
| ജനുവരി 25 | : അതിരൂപതാ ആലോചന സമിതി |
| ഫെബ്രുവരി 05 | : അസി. വികാരിമാരുടെ സ്ഥലമാറ്റം |
| ഫെബ്രുവരി 8 | : പ്രെസ്സ്ബിറ്ററൽ കൗൺസിൽ |
| ഫെബ്രുവരി 15 | : മേജർ സുപ്പീരിയർമാരുടെ സമ്മേളനം |
| ഫെബ്രുവരി 25 | : ഫൊറോനാ  വികാരിമാരുടെ സമ്മേളനം |
| മാർച്ച് 01 | : പാസ്റ്ററൽ കൗൺസിൽ |
| മാർച്ച് 05 | : ഫിനാൻസ് കൗൺസിൽ |
| മാർച്ച് 19 | : അതിരൂപതാ ദിനം |
| ഏപ്രിൽ 04 | : മാർ വള്ളോപ്പള്ളി ചരമവാർഷികം |
| ഏപ്രിൽ 17 | : ഈസ്റ്റർ |
| ഏപ്രിൽ 23 | : വൈദിക വിദ്യാർത്ഥികളുടെ സഭാ വസ്ത്രസ്വീകരണ |
| ഏപ്രിൽ 26 | : അതിരൂപതാ ആലോചന സമിതി |
| മെയ് 07 | : ഫിനാൻസ് കൗൺസിൽ |
| മെയ് 21 | : വൈദികരുടെ പൊതു സ്ഥലാമാറ്റം |
| മെയ് 23 | : ഡീക്കൻസ് മീറ്റ് |
| മെയ് 31 | : ഫൊറോന വികാരിമാരുടെ സമ്മേളനം |
| ജൂൺ 06–09 | : ജൂനിയർ വൈദികരുടെ കോഴ്സ് |
| ജൂൺ 14 | : പ്രസ്ബിത്തേരിയം |
| ജൂൺ 20 | : അതിരൂപത ആലോചന സമിതി |
| ജൂൺ 25 | : ഫിനാൻസ് കൗൺസിൽ |
| ജൂലൈ 04–06 | : റിഫ്രഷേഴ്സ് കോഴ്സ് |
| ജൂലൈ 11–13 | : റിഫ്രഷേഴ്സ് കോഴ്സ് |
| ഓഗസ്റ്റ് 02 | : അതിരൂപതാ ആലോചന സമിതി |
| ഓഗസ്റ്റ് 05 | : ഫൊറോന വികാരിമാരുടെ സമ്മേളനം |
| ഓഗസ്റ്റ് 09 | : പ്രെസ്സ്ബിറ്ററൽ കൗൺസിൽ |
| ഓഗസ്റ്റ് 30 | : ഫൊറോന വികാരിമാരുടെ സമ്മേളനം |
| സെപ്റ്റംബർ 10 | : ഫിനാൻസ് കൗൺസിൽ |
| സെപ്റ്റംബർ 11–16 | : വാർഷിക ധ്യാനം ഒന്നാം ബാച്ച് |
| സെപ്റ്റംബർ 18–23 | : വാർഷിക ധ്യാനം രണ്ടാം ബാച്ച് |
| ഒക്ടോബർ 04 | : പാസ്റ്ററൽ കൗൺസിൽ |
| ഒക്ടോബർ 25 | : അതിരൂപതാ ആലോചന സമിതി |
| നവംബർ 18 | : ഫൊറോന വികാരിമാരുടെ സമ്മേളനം |
| നവംബർ 23–24 | : ജൂബിലേറിയൻസ് |
| നവംബർ 29 | : പ്രസ്ബിത്തേരിയം |
| ഡിസംബർ 06 | : അതിരൂപതാ ആലോചന സമിതി |

RNI Reg. No. *5910/18* Date of Publication: *28/12/2021*
**Registered KL/TLY/20/22-24**
Licensed to post without prepayment of postage
No. KL/PMG/NR/WPP/2/TLY/2022-24




Published & Printed by Fr. Sajan George Thengumpally on behalf of Fr. Jacob Narikuzhy. Printed at Vimala Offset Press, Hollow Way Road Thalassery - 670 101. Published from Archbishop's House, Hollow Way Road, Thalassery - 670 101 Kerala. Editor- Fr. Sajan George Thengumpally.